സദ്ഭാവന
ഓൺലൈനിൽ വായിക്കുവാൻ ക്യു.ആർ കോഡ് സ്കാൻ ചെയ്യുക

# സദ്ഭാവന

YouTube
ശ്രീ. ബി.എസ്. ബാലചന്ദ്രൻ രചിച്ച ശ്രീമഹാരാമായണം കേൾക്കുവാനും വായിക്കുവാനും സന്ദർശിക്കുക
യൂട്യൂബ് ചാനൽ Jaihind Bharat Voice

പ്രതിമാസ മലയാള വാർത്താപത്രം | SATHBHAVANA | The Monthly Malayalam Newspaper

പുസ്തകം 25 ലക്കം 1 | തിരുവനന്തപുരം | 2026 ജനുവരി 10 | പേജ് 8 | വില 20 രൂപ | RNI Reg. No. KERMAL /2002/7358

## മലയാളിയുടെ സൗഭാഗ്യം യു.എ.ഇ

# യുണൈറ്റഡ് അറബ് എമിറേറ്റ്സ്

**ബി.എസ്. ബാലചന്ദ്രൻ**



അ അന്യനാടുകളിൽ ഭാവി തേടാനുള്ള മലയാളികളുടെ വ്യഗ്രത ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. അതിന് നിരവധി വർഷങ്ങളുടെ പഴക്കമുണ്ട്.

സിലോണും, സിംഗപ്പൂരും, ബർമ്മയും, യൂറോപ്യൻ നാടുകളും, അമേരിക്കൻ ഐക്യനാടുകളുമെല്ലാം മലയാളിക്ക് പ്രിയതരം തന്നെ. എന്നാൽ മലയാളികളുടെ സ്വപ്നങ്ങൾക്ക് അതിന്റെ പരിപൂർണ്ണതയിൽ ചിറകു മുളച്ചത് ഗൾഫ് നാടുകളിലൂടെയാണ്.

ഗൾഫ് നാടുകളിലേക്ക് കപ്പൽ കയറിയ മലയാളികൾ ഇവിടെ വസന്തം വിടർത്തിയെങ്കിൽ അതിന് പിന്നിൽ അത്യധ്വാനത്തിന്റെ ചരിത്രമുണ്ടെന്നത് വസ്തുത. പ്രതികൂല കാലാവസ്ഥയെ തൃണവൽഗണിച്ച് അവരവിടെ എല്ലുമുറിയെ പണിയെടുത്തു. സ്വന്തം നാട്ടിൽ പൊതുവേ അലസരായാണ് കാണപ്പെടുന്നതെങ്കിൽ അന്യനാട്ടിൽ അവർ വിശ്രമത്തിന് അവധി കൊടുത്തു. മികച്ച വരുമാനം അവരെ അതിന് സജ്ജരാക്കിയെന്നതാണ് വസ്തുത. ലോകത്തെ മിക്കവാറുമെല്ലാ രാജ്യങ്ങളിലുമുള്ളവർ യു.എ.ഇയിലുണ്ടെങ്കിലും അവർക്കേറെ പ്രിയം മലയാളികളെയാണെന്നതിന് കാരണം അവരുടെ അർപ്പണബോധവും ആത്മാർത്ഥതയുമാണ്.

മലയാളികൾ അവിടെ രക്തം വിയർപ്പാക്കി വിതച്ച് അതിന്റെ വിള നാട്ടിലെത്തിച്ചു. അതിലൂടെ അവർ സ്വന്തം നിലയിലും അതിലൂടെ നമ്മുടെ നാടും വളർന്നു. മലയാളികൾ ഇന്നാർജ്ജിച്ച സമ്പത്തിന്റെ വലിയൊരു ഭാഗം യു.എ.ഇയിൽ നിന്നുള്ളതാണെന്ന സത്യം മറച്ചുവച്ചിട്ട് കാര്യമില്ല. ഈ വിധത്തിലെല്ലാം വിലയിരുത്തുമ്പോൾ യു.എ.ഇ -യുണൈറ്റഡ് അറബ് എമിറേറ്റ്സ് -മലയാളിയുടെ സൗഭാഗ്യം തന്നെയാണ്.

യുവജനങ്ങൾക്ക് യു.എ.ഇ ഇന്നും ഒരു ഹരമാണ്! ഉയർന്ന ശമ്പളം, നികുതിയില്ലാത്ത വരുമാനം, മികച്ച ജീവിതനിലവാരം, സുരക്ഷ തുടങ്ങിയവയാണ് അവരുടെ പ്രധാന ആകർഷണങ്ങൾ. ഗോൾഡൻ വിസ, ദീർഘകാല താമസ സൗകര്യങ്ങൾ എന്നിവ അവിടെ സ്ഥിരതാമസമാക്കാൻ പ്രേരിപ്പിക്കാതെയുമിരിക്കുന്നില്ല. നാട്ടിലെ തൊഴിൽമേഖലയിലെ അനിശ്ചിതത്വവും അവിടുത്തെ ത്വരിതഗതിയിലുള്ള കരിയർ വളർച്ചാ സാധ്യതകളും മറ്റുചില ഘടകങ്ങളായി ചൂണ്ടിക്കാട്ടപ്പെടുന്നു.

എമിറേറ്റ്സ് എന്നാൽ 'എമീർ' ഭരിക്കുന്ന പ്രദേശം എന്നാണർത്ഥം. 'നാട്ടുരാജ്യം' എന്നും പറയാം. 'എമീർ' എന്നാൽ ചക്രവർത്തിയെന്നോ, സാമ്രാട്ട് എന്നോ, ഭരണാധികാരിയെന്നോ ഒക്കെ അർത്ഥമാക്കാം.

ഏഴ് എമിറേറ്റുകൾ ചേർന്നതാണ് യു.എ.ഇ. അബുദാബി, ദുബായ്, ഷാർജ, അജ്മാൻ, റാസ് അൽ ഖൈമ, ഫുജൈറ, ഉംമുൽ ഖുവൈൻ എന്നിവയാണ് പ്രസ്തുത നാട്ടുരാജ്യങ്ങൾ. ഇവ ഏഴും ചേർന്ന് 1971 ഡിസംബർ 2ന് രൂപീകരിക്കപ്പെട്ട ഈ രാജ്യം ലോകഭൂപടത്തിൽ താരതമ്യേന ചെറുതാണെങ്കിലും ആഗോളതലത്തിലുള്ള ഇതിന്റെ സ്വാധീനം വളരെ വലുതാണ്. മരുഭൂമിയാണിതെങ്കിലും കടലിന്റെ സാമീപ്യം മൂലമുള്ള പ്രത്യേകതകളും ഏറെയുണ്ട്.

പരമ്പരാഗതവും ആധുനികതയും സമന്വയിച്ച ഒരു സാമൂഹിക ഘടനയാണിവിടെ നിലനിൽക്കുന്നത്. അത്യാധുനിക ജീവിതത്തിലും പാരമ്പര്യ മൂല്യങ്ങൾ തെല്ലും കൈമോശം വരാതെ യു.എ.ഇ ജനത കാത്തുസൂക്ഷിക്കുന്നുവെന്നത് എടുത്തുപറയേണ്ട പ്രത്യേകതയാണ്. കുടുംബബന്ധം, സമൂഹബോധം, അതിഥി സൽക്കാരം എന്നിവയിലൂന്നി നിന്നുള്ള ജീവിത രീതിയാണവർക്കുള്ളത്.

ഏതാണ്ട് പത്തു ദശലക്ഷത്തോളം ജനങ്ങളാണ് യു.എ.ഇയിലുള്ളതെങ്കിലും അതിൽ കേവലം 12 ശതമാനത്തോളം പേർ മാത്രമേ സ്വദേശികളായുള്ളൂ. ശേഷിക്കുന്നവർ ഇന്ത്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ഫിലിപ്പൈൻസ് തുടങ്ങിയ രാജ്യങ്ങളിലെ വിദേശ പൗരന്മാരാണ്. അറബിക് ആണ് ഔദ്യോഗിക ഭാഷയെങ്കിലും വ്യാപാരത്തിനും വിദ്യാഭ്യാസത്തിനുമുള്ള പ്രധാന ഭാഷയായി ഇംഗ്ലീഷും ഉപയോഗിക്കുന്നു.

മരുഭൂമിയിലെ നാടോടി ജീവിതത്തിൽ നിന്ന് ആധുനികതയുടെ മണിശൈലങ്ങൾ കീഴടക്കിയ അത്ഭുതകരമായ മാറ്റത്തിന്റെ നാടാണ് യു.എ.ഇ. ഒരു ജനതയുടെ ദീർഘവീക്ഷണത്തിന്റെയും ദൃഢനിശ്ചയത്തിന്റേയും പരിണത ഫലം!

ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് മത്സ്യബന്ധനം പാരമ്പര്യത്തൊഴിലായി സ്വീകരിച്ചിരുന്ന ജനതയാണ് ഇന്ന് 'ബുർജ് ഖലീഫ'യിലേക്ക് വരെ ഉയർന്നതെന്ന് നാം ഓർക്കണം.! ലോകത്തിലെ ഏറ്റവും ഉയരംകൂടിയ മന്ദിരമാണ് 'ബുർജ് ഖലീഫ' 828 മീറ്റർ. 1000 മീറ്റർ ഉയരമുള്ള 'ജിദ്ദ ടവർ' 2028 ൽ പണി പൂർത്തിയാകുന്നതോടെ ഇതാവും ലോകത്തിലെ ഏറ്റവും ഉയരംകൂടിയ മന്ദിരം. 'ബുർജ് ഖലീഫ' ദുബായ് നഗരത്തിലാണെങ്കിൽ,

(ശേഷം 8 –ാം പേജിൽ)

## ബി.എസ്. ബാലചന്ദ്രൻ രചിച്ച കൃതികൾ സ്വാമി സച്ചിദാനന്ദയും ജി. ശങ്കറും പ്രകാശനം ചെയ്തു






*ബി.എസ്.എസ് ദേശീയ ചെയർമാനും ആത്മീയ സാഹിത്യകാരനുമായ ബി.എസ്. ബാലചന്ദ്രൻ രചിച്ച 'ആചാര്യ വിനോബാബാവെ- ഭൂദാനം മഹാദാനം', 'പരിവ്രാജിക എ.കെ. രാജമ്മ- ഒരു ആത്മീയ സേവക' എന്നീ കൃതികൾ ശിവഗിരി മഠാധിപതി സ്വാമി സച്ചിദാനന്ദയും 'ഷിർദ്ദിസായി ബാബ - നന്മയുടെ പ്രതീകം', 'സത്യസായി ബാബ ആത്മീയ വെളിച്ചം' എന്നീ ഗ്രന്ഥങ്ങൾ വാസ്തു ശില്പി ജി.ശങ്കറും പ്രകാശനം ചെയ്യുന്നു*

**തിരുവനന്തപുരം:** ഭാരത് സേവക് സമാജ് ദേശീയ ചെയർമാനും എഴുത്തുകാരനുമായ ബി.എസ്. ബാലചന്ദ്രൻ രചിച്ച് സദ് ഭാവനാ ട്രസ്റ്റ് പ്രസിദ്ധീകരിച്ച നാല് പുസ്തകങ്ങൾ പ്രകാശനം ചെയ്തു.

'ആചാര്യ വിനോഭാബാവെ- ഭൂദാനം മഹാദാനം', 'പരിവ്രാജിക എ.കെ. രാജമ്മ- ഒരു ആത്മീയ സേവക', 'ഷിർദ്ദിസായി ബാബ - നന്മയുടെ പ്രതീകം', 'സത്യസായി ബാബ- ആത്മീയ വെളിച്ചം' എന്നീ കൃതികളാണ് പ്രകാശനം ചെയ്യപ്പെട്ടത്.

ഇവയിൽ ആചാര്യ വിനാഭാബാവെ- ഭൂദാനം മഹാദാനം, പരിവ്രാജിക എ.കെ. രാജമ്മ- ഒരു ആത്മീയ സേവക എന്നീ കൃതികൾ ശിവഗിരി മഠാധിപതി സ്വാമി സച്ചിദാനന്ദ പ്രകാശനം ചെയ്തപ്പോൾ ഷിർദ്ദിസായി ബാബ- നന്മയുടെ പ്രതീകം, സത്യസായി ബാബ- ആത്മീയ വെളിച്ചം എന്നീ ഗ്രന്ഥങ്ങളുടെ പ്രകാശനം പ്രശസ്ത വാസുശിൽപി ജി. ശങ്കറും നിർവ്വഹിച്ചു.

ശാസ്ത്ര ലോകം



ജയ ശ്രീകുമാർ

## റൂത്ത് മോസ്കോ ഹാൻഡ്‌ലർ ബാർബി പാവ

**നമ്മൾ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ കണ്ടെത്തിയവരെ പരിചയപ്പെടുത്തുന്ന ഒരു പംക്തിയാണ് ഇത്**

പോളിഷ് ജൂത കുടിയേറ്റക്കാരായ ഈഡാ മോസ്കോയുടെയും (നീ റൂബൻസ്റ്റൈൻ) ജേക്കബ് മോസ്കോയുടെയും പത്ത് മക്കളിൽ ഇളയമകളായി അമേരിക്കയിലെ കൊളറാഡോയിലെ ഡെൻവറിൽ 1916-ൽ ജനിച്ച റൂത്ത് മരിയാന മോസ്കോ 1938-ൽ എലിയറ്റ് ഹാൻഡ്‌ലറെ വിവാഹം കഴിച്ച് ലോസ് ഏഞ്ചൽസിലേക്ക് താമസം മാറി. അവിടെ പ്ലാസ്റ്റിക്കുകൾ ഉപയോഗിച്ച് ഫർണിച്ചറുകൾ നിർമ്മിക്കുന്ന ബിസിനസ്സ് ആരംഭിക്കുകയും ചെയ്തു . വിവിധ ഫർണിച്ചറുകളുടെ നിർമ്മാണത്തിൽ അവരുടെ ഭർത്താവ് രണ്ട് പുതിയ പ്ലാസ്റ്റിക്കുകൾ (ലൂസൈറ്റ്, പ്ലെക്സിഗ്ലാസ്) വിജയകരമായി ഉപയോഗിച്ചതോടെ, റൂത്ത് വിജയകരമായ ഒരു സംരംഭകത്വ ശ്രമത്തിനുള്ള സാധ്യത കണ്ടു. രണ്ടാം ലോകമഹായുദ്ധസമയത്ത് ഫർണിച്ചർ നിർമ്മാണ വ്യവസായത്തിലെ മാന്ദ്യത്തെ തുടർന്ന് ഹാൻഡ്‌ലേഴ്സ് പ്ലാസ്റ്റിക് കളിപ്പാട്ട ഫർണിച്ചർ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.



തങ്ങളുടെ പുതിയ പരീക്ഷണ വിജയത്തോടെ പുതിയ പരീക്ഷണങ്ങൾ നടത്താൻ റൂത്തും എലിയറ്റും ധൈര്യപ്പെട്ടു. ഒരിക്കൽ അവരുടെ മകൾ ബാർബറ തന്റെ കൂട്ടുകാരുമൊത്ത് കടലാസ് പാവകളുമായി കളിക്കുന്നത് കണ്ട റൂത്ത് പെട്ടെന്ന് നശിച്ചുപോകാത്തതും കൂടുതൽ റിയലിസ്റ്റിക് ആയതുമായ കളിപ്പാട്ടം സൃഷ്ടിക്കാൻ ആഗ്രഹിച്ചു. 1956-ൽ, സ്വിറ്റ്സർലൻഡിൽ അവധിക്കാലം ആഘോഷിക്കുന്നതിനിടെ, ഹാൻഡ്‌ലറും പതിനഞ്ചു വയസ്സുള്ള മകൾ ബാർബറയും

(ശേഷം 6 –ാം പേജിൽ)

ചിറകുള്ള മുന്തിരിപ്പൂക്കൾ




മഞ്ജു ശ്രീകണ്ഠൻ

## 'മഹാത്മാഗാന്ധിയും മണർക്കാട് പാപ്പനും'

എത്ര തീവ്ര വികാരത്തെയും ഒന്നു തണുപ്പിക്കാൻ നർമ്മം നല്ലൊരു മരുന്നാണ്. എത്ര ഗൗരവസ്വഭാവമുള്ള പ്രശ്നത്തെയും നേരിടാൻ പറ്റിയ ആയുധം കൂടിയാണ് നർമ്മം. ജീവിതത്തിൽ ഉയരങ്ങളിലെത്തിയവരിൽ ഏറിയ പങ്കും നർമ്മം മേമ്പൊടിയാക്കുന്നവരാണെന്ന് കാണാം. പ്രശസ്തരായ വ്യക്തികളുടെ ജീവിതത്തിലുണ്ടായ സംഭവങ്ങളുമായി ബന്ധപ്പെട്ടുള്ള നർമ്മങ്ങൾ നമ്മെയും ചിരിപ്പിക്കും.

സംഭാഷണത്തിൽ നർമ്മം കലർത്തുന്ന കാര്യത്തിൽ സിനിമാ മേഖലയിലെ പ്രമുഖരെക്കുറിച്ച് പറയുമ്പോൾ ഈയടുത്തിടെ അന്തരിച്ച ശ്രീനിവാസനെ ഓർമ്മവരും.



ഇ.കെ. നായനാർ



ശ്രീനിവാസൻ

തന്റെ സൗന്ദര്യക്കുറവ് ഒരിടത്തും ഒരിക്കലും ഒരു പ്രശ്നമായിരുന്നിട്ടില്ലെന്ന് നടൻ ശ്രീനിവാസൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഒരിക്കൽ തിരുവനന്തപുരം പ്രസ് ക്ലബ്ബിന്റെ പരിപാടിയിൽ പങ്കെടുക്കവെ ഒരു പത്രലേഖകൻ ചോദിച്ചു: "ശ്രീനിവാസന് സൗന്ദര്യം കുറവായത് ഏതെങ്കിലും തരത്തിൽ ദോഷമായി ബാധിച്ചിട്ടുണ്ടോ?" ഉടനെ മറുപടി വന്നു. "കാമദേവന്മാരെന്ന് ധരിച്ചു നടക്കുന്ന കരമനക്കാരെക്കാൾ ഞാൻ സുന്ദരനല്ലേ....?" ചോദ്യകർത്താവ് കരമനക്കാരനായിരുന്നു. മറുപടിക്ക് തുടർച്ചയെന്നോണം ശ്രീനിവാസൻ പറഞ്ഞു: മദിരാശിയിൽ വന്ന ആദ്യസമയത്ത് എനിക്ക് മദ്രാസിലെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് പഠിക്കണമെന്ന് ആഗ്രഹം തോന്നി. ഞാൻ അപേക്ഷ സമർപ്പിച്ചു. അപേക്ഷയിൽ അപേക്ഷിക്കുന്ന വ്യക്തിയുടെ ഫോട്ടോയും പതിക്കണമായിരുന്നു. ഞാൻ ഫോട്ടോ പതിച്ച് അപേക്ഷ നൽകി. ഒരാഴ്ച കഴിഞ്ഞുകാണും

(ശേഷം 6 –ാം പേജിൽ)



# ഡിസംബർ ഡയറി

ആശ അരവിന്ദ്

## ഡിസംബർ 1

- സയ്യിദ് മോദി സൂപ്പർ 300 ബാഡ്മിന്റൻ ടൂർണമെന്റിൽ ഒരു ദിവസം ഇന്ത്യയ്ക്ക് 3 കിരീടങ്ങൾ. വനിതാ സിംഗിൾസ് ചാംപ്യനായ സിന്ധു, 2022 ജൂലൈയ്ക്കു ശേഷം തന്റെ ആദ്യ ലോക നേട്ടം സ്വന്തമാക്കി.പുരുഷ സിംഗിൾസിൽ ലക്ഷ്യ സെന്നും വനിതാ ഡബിൾസിൽ ട്രീസ ജോളി–ഗായത്രി ഗോപിചന്ദ് സഖ്യവും ജേതാക്കളായതോടെ ടൂർണമെന്റിൽ ഇന്ത്യയ്ക്ക് 3 കിരീടങ്ങൾ. ഡബിൾസിൽ ഇത് തുടർച്ചയായ രണ്ടാം തവണയാണ് ഈ സഖ്യം കിരീടം നേടുന്നത്.

## ഡിസംബർ 2

- റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ)യുടെ മേൽനോട്ട വകുപ്പിൽ എക്സിക്യൂട്ടീവ് ഡയറക്ടറായി ഉഷ ജാനകിരാമന് നിയമനം. റിസർവ് ബാങ്കിൽ മൂന്ന് പതിറ്റാണ്ടിലേറെ പരിചയമുള്ള ഉഷ ജാനകിരാമൻ, നിയന്ത്രണം, ബാഹ്യ നിക്ഷേപവും പ്രവർത്തനങ്ങളും, ബാങ്കിംഗ് മേൽനോട്ടം, പൊതു കടം മാനേജ്മെന്റ്, കറൻസി മാനേജ്മെന്റ്, റിസർവ് ബാങ്കിലെ മറ്റ് മേഖലകൾ എന്നിവയിൽ പ്രവർത്തിച്ചിട്ടുണ്ട്.

## ഡിസംബർ 3

- ഗവർണറുടെ ഔദ്യോഗിക വസതിയായ രാജ്ഭവന്റെ പേര് ലോക്ഭവൻ എന്നാക്കി മാറ്റി.

## ഡിസംബർ 4

- തിരുവനന്തപുരം കാട്ടാക്കട നെട്ടുകാൽത്തേരി തുറന്ന ജയിലിന്റെ ഭൂമി കേന്ദ്രസ്ഥാപനങ്ങൾക്ക് നൽകാൻ അനുമതി ലഭിച്ചു. ഇത് സംബന്ധിച്ചം സംസ്ഥാന സർക്കാരിന്റെ ഹരജി സുപ്രീംകോടതി അംഗീകരിച്ചു.

## ഡിസംബർ 5

- ഫിഡെ റേറ്റിങ് ലഭിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ ചെസ് താരമെന്ന നേട്ടം സ്വന്തം പേരിലാക്കി ഇന്ത്യൻ ബാലൻ. മൂന്നു വയസ്സും ഏഴ് മാസവും 20 ദിവസവും മാത്രം പ്രായമുള്ള ഇന്ത്യൻ ചെസ് പ്രതിഭ സർവജ്ഞ സിംഗ് കുഷ്വാഹനാണ് ചരിത്രനേട്ടം സ്വന്തമാക്കിയത് . ഇതോടെ, കഴിഞ്ഞ വർഷം നവംബറിൽ മൂന്നു വയസ്സും എട്ട് മാസവും 19 ദിവസവും പ്രായത്തിൽ ഈ നേട്ടം കൈവരിച്ച ഇന്ത്യക്കാരനായ അനീഷ് സർക്കാറിന്റെ റെക്കോർഡ് തിരുത്തപ്പെട്ടു. മധ്യപ്രദേശിലെ ഒരു നേഴ്സറി വിദ്യാർത്ഥിയായ സർവജ്ഞയ്ക്ക് നിലവിൽ 1,572 എന്ന റാപിഡ് റേറ്റിംഗാണുള്ളത്.

## ഡിസംബർ 6

- ഇന്ത്യ - റഷ്യ ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ റഷ്യൻ പ്രസിഡൻറ് വ്ലാഡിമിർ പുടിൻറെ സന്ദർശനം. പ്രധാനമന്ത്രി നരേന്ദ്ര മോദിയും പുടിനും തമ്മിൽ ഹൈദരാബാദ് ഹൗസിൽ കൂടിക്കാഴ്ച നടത്തി. യുക്രൈൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ സമാധാനത്തിനാണ് ഇന്ത്യ പ്രാധാന്യം നൽകുന്നതെന്ന് മോദി പുടിനെ അറിയിച്ചു. പ്രധാനമന്ത്രി മോദി പുടിന് റഷ്യൻ ഭാഷയിലുള്ള ഭഗവദ്ഗീതയുടെ ഒരു കോപ്പി സമ്മാനിച്ചു. ഭഗവദ്ഗീത ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകൾക്ക് പ്രചോദനം നൽകുന്നുവെന്ന് പ്രധാനമന്ത്രി എക്സിൽ കുറിച്ചു.

## ഡിസംബർ 7

- കേരളത്തിന് മുകളിൽ ദൃശ്യവിസ്മയമൊരുക്കി അന്താരാഷ്ട്ര ബഹിരാകാശ നിലയം (ഐഎസ്എസ്) കടന്നുപോയി. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിന്റെ നിരവധി ദൃശ്യങ്ങൾ മൊബൈൽ ക്യാമറകളിൽ ആളുകൾ പകർത്തി.

## ഡിസംബർ 8

- ഒളിമ്പിക് ചാമ്പ്യൻമാരായ സിഡ്നി മക്ലാഫ്‌ലിൻ -ലെവ്റോണും മോണ്ടോ ഡുപ്ലാൻറിസും ലോക അത്‌ലറ്റ്സ് ഓഫ് ദി ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടു. അത്‌ലറ്റിക്സ് മത്സരങ്ങളുടെ മേൽനോട്ട ചുമതലയിലുള്ള വേൾഡ് അത്‌ലറ്റിക്സ് സംഘടനയാണ് അവാർഡുകൾ നൽകുന്നത്.

## ഡിസംബർ 9

- പ്രപഞ്ചത്തിലെ ആദ്യ താരാപഥങ്ങളിലൊന്ന് കണ്ടെത്തി ഇന്ത്യൻ ശാസ്ത്രജ്ഞമാർ. പ്രപഞ്ചത്തിന് 150 കോടി വർഷം മാത്രം പഴക്കമുള്ളപ്പോൾ മുതൽ നിലനിന്നിരുന്ന താരാപഥത്തെയാണ് പൂനെ അസ്ട്രോഫിസിക്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള റോഷി ജെയ്ൻ, യോഗേഷ് വഡഡേക്കർ എന്നീ ഗവേഷകർ കണ്ടെത്തിയത്. സർപ്പിളാകൃതിയിലുള്ളതാണ് (സ്പൈറൽ) അളകനന്ദ. ജെയിംസ് വെബ് ടെലിസ്കോപ്പിലെ വിവരങ്ങൾ അപഗ്രഥിച്ചാണ് 12 ബില്യൺ പ്രകാശവർഷം അകലെയും ഏകദേശം 30,000 പ്രകാശവർഷം വ്യാസവുമുള്ള അളകനന്ദയെ കണ്ടെത്തിയതെന്ന് നാഷണൽ സെന്റർ ഫോർ റേഡിയോ ആസ്ട്രോഫിസിക്സിലെ പ്രൊഫസർ യോഗേഷ് വഡേക്കർ പറഞ്ഞു.

## ഡിസംബർ 10

- തമിഴ്നാട് കേഡർ ഐഎഎസ് ഓഫീസറായ സുപ്രിയ സാഹുവിന് 2025-ലെ യുണൈറ്റഡ് നേഷൻസിന്റെ പരമോന്നത പരിസ്ഥിതി ബഹുമതിയായ 'ചാമ്പ്യൻസ് ഓഫ് ദ എർത്ത്' പുരസ്കാരം ലഭിച്ചു. പരിസ്ഥിതിക്കായി പ്രചോദനമാകുന്ന പ്രവർത്തന വിഭാഗത്തിലാണ് സുപ്രിയ സാഹുവിനെ യുഎൻ എൻവയോൺമെൻറ് പ്രോഗ്രാം (UNEP) തിരഞ്ഞെടുത്ത്.

## ഡിസംബർ 11

- ജൂനിയർ ഹോക്കി ലോകകപ്പിൽ ഇന്ത്യയ്ക്ക് വെങ്കലം. മൂന്നാം സ്ഥാനത്തിനായുള്ള മത്സരത്തിൽ അർജന്റീനയെ 4-2ന് തോല്പിച്ചു. 2016-ൽ ചാമ്പ്യന്മാരായശേഷം ഇന്ത്യയുടെ ആദ്യ മെഡൽ നേട്ടമാണ് ചെന്നൈയിലേത്.

## ഡിസംബർ 12

- ബോളിവുഡ് താരം ആലിയ ഭട്ടിന് ചലച്ചിത്ര ലോകത്തെ ശ്രദ്ധേയമായ 'ഗോൾഡൻ ഗ്ലോബ് ഹോറിസൺ അവാർഡ്'.

## ഡിസംബർ 13

- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പേരുമാറ്റാനുള്ള ബില്ല് അംഗീകരിച്ച് കേന്ദ്രസർക്കാർ. തൊഴിലുറപ്പ് പദ്ധതി ഇനി മുതൽ പൂജ്യ ബാപ്പു ഗ്രാമീൺ റോസ്ഗർ ഗ്യാരണ്ടി യോജന എന്ന പേരിൽ അറിയപ്പെടും. 100 തൊഴിൽദിനങ്ങളുണ്ടായിരുന്നത് 125 ദിവസമാക്കി വർധിപ്പിക്കുമെന്നും, മിനിമം വേതനം 240 രൂപയായി ഉയർത്തുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചു.2005 ഓഗസ്റ്റ് 25 ന് പാർലമെൻറ് പാസാക്കിയ യഥാർഥ ബില്ലിന്റെ പേര് 'ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം' എന്നായിരുന്നു. പിന്നീട് 2009 ൽ 'മഹാത്മാഗാന്ധി' എന്ന വാക്ക് കൂടി ഇതിനൊപ്പം ചേർക്കുകയായിരുന്നു. 2005-ലാണ് തൊഴിലുറപ്പ് പദ്ധതി ഇന്ത്യയിൽ നടപ്പിലാക്കിയത്.

## ഡിസംബർ 14

- യുനെസ്കോയുടെ സാംസ്കാരിക പൈതൃക പ്രതിനിധി പട്ടികയിൽ ദീപാവലിയും. ന്യൂഡൽഹിയിൽ നടക്കുന്ന യുനെസ്കോയുടെ 20-ാമത് അദൃശ്യ സാംസ്കാരിക പൈതൃക സംരക്ഷണ സമിതി സമ്മേളനമാണ് ദീപാവലിയെ തിരഞ്ഞെടുത്തത്. ഇന്ത്യയിൽ നിന്ന് യോഗ, ദുർഗാപൂജ, കുംഭമേള, ലഡാക്കിലെ ബുദ്ധമന്ത്രങ്ങൾ, ചൗ നൃത്തം, രാജസ്ഥാനിലെ കൽബേലിയ നൃത്തം, രാംലീല, കേരളത്തിലെ മുടിയേറ്റ് തുടങ്ങി 15 ഇനങ്ങൾ മുൻപ് പട്ടികയിൽ ഇടം നേടിയിട്ടുണ്ട്. സാമൂഹിക ആചാരങ്ങൾ, ഉത്സവം എന്ന വിഭാഗത്തിലാണ് ദീപാവലി തിരഞ്ഞെടുക്കപ്പെട്ടത്. ഇന്ത്യ ആദ്യമായാണ് യുനെസ്കോ അദൃശ്യ സാംസ്കാരിക പൈതൃക സമിതി സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുന്നത്. ചരിത്രപരവും കലാപരവും സാമൂഹികവുമായ മൂല്യം നിലനിറുത്തുന്ന സാംസ്കാരിക പാരമ്പര്യങ്ങൾ സംരക്ഷിച്ച് ഭാവി തലമുറകൾക്ക് കൈമാറുകയാണ് പരിപാടിയുടെ ലക്ഷ്യം ഇന്ത്യയുടെ ദീപാവലി അടക്കം 79 രാജ്യങ്ങളിൽ നിന്നായി 67 നാമനിർദ്ദേശങ്ങളാണ് വന്നത് .

## ഡിസംബർ 15

- മുഖ്യവിവരാവകാശ കമ്മീഷണറായി മുൻ ഐഎഎസ് ഉദ്യോഗസ്ഥൻ രാജ്കുമാർ ഗോയൽ ചുമതലയേറ്റു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. വിവരാവകാശ കമ്മീഷണർമാരായി മലയാളിയായ പി.ആർ. രമേശ്, സുരേന്ദ്ര സിങ് മീണ, അശുതോഷ് ചതുർവേദി, സ്വാഗത് ദാസ്, സുധാ റാണി റെലങ്കി, ഖുശ്വന്ത് സിങ് സേഥി, ജയ വർമ്മ സിൻഹ, സഞ്ജീവ് കുമാർ ജിൻഡാൽ എന്നിവരും ചുമതലയേറ്റു. കേന്ദ്ര വിവരാവകാശ കമ്മീഷനിൽ സംഘടിപ്പിച്ച സത്യപ്രതിജ്ഞാ ചടങ്ങിൽ മുഖ്യവിവരാവകാശ കമ്മീഷണർ രാജ്കുമാർ ഗോയൽ സത്യവാചകം ചൊല്ലിക്കൊടുത്തു.

## ഡിസംബർ 16

- പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് എത്യോപ്യയുടെ പരമോന്നത ബഹുമതിയായ 'ഗ്രേറ്റ് ഓണർ നിഷാൻ ഓഫ് എത്യോപ്യ' പുരസ്കാരം. എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലിയുമായി കൂടിക്കാഴ്ച നടത്തിയ മോദി, രാജ്യത്തേക്കുള്ള തന്റെ ആദ്യ ഉഭയകക്ഷി സന്ദർശനം ആരംഭിച്ചതിന് പിന്നാലെയാണ് ഈ പുരസ്കാരം അദ്ദേഹം ഏറ്റുവാങ്ങിയത്. അഡിസ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വെച്ച് നടന്ന ചടങ്ങിലാണ് പുരസ്കാരം അദ്ദേഹത്തിന് ലഭിച്ചത്.

## ഡിസംബർ 17

- അത്‌ലറ്റിക്സിൽ കേരളം തിരിച്ചുവരവിന്റെ സൂചനകൾ കാണിക്കുന്നു. ദേശീയ സ്കൂൾ അത്‌ലറ്റിക്സിൽ മൂന്ന് വിഭാഗത്തിലും(സീനിയർ, ജൂനിയർ, സബ്ജൂനിയർ) ഇത്തവണ ജേതാക്കളായി. ലഖ്നൗവിൽ നടന്ന ജൂനിയർ (അണ്ടർ 17) മീറ്റിൽ 52 പോയിന്റുമായാണ് നേട്ടം. നാല് സ്വർണവും രണ്ട് വെള്ളിയും ഏഴ് വെങ്കലവുമാണ് നേടിയത്.

## ഡിസംബർ 18

- ഇന്ത്യയും ഒമാനും തമ്മിൽ സ്വതന്ത്ര വ്യാപാര കരാറിൽ (സിഇപിഎ) ഒപ്പുവച്ചു. ഒമാൻ ഭരണാധികാരി സുൽത്താൻ ഹൈതം ബിൻ താരിഖും പ്രധാനമന്ത്രി നരേന്ദ്ര മോദിയും തമ്മിൽ നടന്ന കൂടിക്കാഴ്ചയിലാണ് നിർണായക തീരുമാനം ഉണ്ടായത്. ചരിത്രപരമായ ചുവടുവയ്പ്പാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. വ്യാപാര വാണിജ്യ മേഖലകളിൽ വൻ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുന്നതാണ് പുതിയ കരാർ.

## ഡിസംബർ 19

- കേരള രാജ്യാന്തര ചലച്ചിത്ര മേളയിലെ മികച്ച ചിത്രങ്ങൾക്കുള്ള പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച സിനിമയ്ക്കുള്ള ഫിപ്രസി പുരസ്കാരം സഞ്ജു സുരേന്ദ്രൻ സംവിധാനം ചെയ്ത ഖിഡ്കി ഗാവ് നേടി. മികച്ച ജനപ്രിയ ചിത്രമായി തെരഞ്ഞെടുത്തത് തന്തപ്പേര് എന്നസിനിമയെയാണ്. ഉണ്ണികൃഷ്ണൻ ആവള സംവിധാനം ചെയ്ത ചിത്രമാണിത്. മികച്ച സംവിധായകനുള്ള സുവർണ ചകോരം ബിഫോർ ദ ബോഡി എന്ന ചിത്രത്തിന്റെ സംവിധായകരായ ഷോ മിയാകെ നേടി. മികച്ച സംവിധായകനുള്ള രജത ചകോരം ബിഫോർ ദ ബോഡി എന്ന ചിത്രത്തിന്റെ സംവിധായകരായ കരീന പിയാസ, ലൂസിയ ബ്രസേലിസ് എന്നിവരും നേടി. മികച്ച മലയാള നവാഗത സംവിധായകനായി തിരഞ്ഞെടുത്തത് ചിത്രം എന്ന സിനിമയുടെ സംവിധായകനായ ഫാസിൽ റസാക്കിനെയാണ്.

## ഡിസംബർ 20

- ബഹിരാകാശ യാത്രാ ദൗത്യത്തിൽ നാഴികക്കല്ല് പിന്നിട്ട് ബ്ലൂ ഒറിജിൻ. വീൽ ചെയർ ഉപയോഗിക്കുന്ന ഒരു വ്യക്തിയെ ബഹാരാകാശത്ത് എത്തിച്ചെന്ന സുവർണനേട്ടം ചരിത്രത്തിൽ ആദ്യമായി പിറന്നു. ജെഫ് ബെസോസിന്റെ ഉടമസ്ഥതയിലുള്ള ബ്ലൂ ഒറിജിൻ മിഷേല (മിച്ചി) ബെന്തൗസി എന്ന പെൺകുട്ടിയുടെ സ്വപ്നമാണ് ഇതോടെ നിറവേറ്റിയിരിക്കുന്നത്. മിഷേല (മിച്ചി) ബെന്തൗസിക്കൊപ്പം ജോയി ഹൈഡ്, ഹാൻസ് കൊയിനിഗ്സ്മാൻ, നീൽ മിൽച്ച്, അഡോണിസ് പൗരൗലിസ്, ജേസൺ സ്റ്റാൻസെൽ എന്നിവരുൾപ്പെടെ ആറ് ക്രൂ അംഗങ്ങൾ ഈ ദൗത്യത്തിൽ ഉണ്ടായിരുന്നു. ഈ ബഹിരാകാശ ദൗത്യത്തിനായി ന്യൂ ഷെപ്പേർഡ് (എൻഎസ്) റോക്കറ്റാണ് ഉപയോഗിച്ചത്. ശാരീരിക വെല്ലുവിളികളെയെല്ലാം മറികടന്ന ബെന്തൗസി എല്ലാവർക്കും ബഹിരാകാശ ടൂറിസം പ്രാപ്തമാണെന്ന് ഈ ദൗത്യത്തിലൂടെ തെളിയിച്ചെന്നും ബ്ലൂ ഒറിജിൻ വ്യക്തമാക്കി. 2025 ഡിസംബർ 20 നാണ് ബ്ലൂ ഒറിജിൻ 37-ാമത് എൻഎസ് റോക്കറ്റ് വിജയകരമായി ബഹിരാകാശത്തേക്ക് വിക്ഷേപിച്ചു. ഇതുവരെ ബ്ലൂ ഒറിജിൻ 92 പേരെയാണ് ബഹിരാകാശത്തേയ്ക്ക് അയച്ചിട്ടുള്ളത്.

## ഡിസംബർ 21

- ഫിഫ അറബ് കപ്പ് 2025 കിരീടം ചൂടി മൊറോക്കോ. ജോർദാനെ പരാജയപ്പെടുത്തിയാണ് മൊറോക്കോ അറബ് ഫുട്ബോൾ ലോകത്തെ ചാമ്പ്യന്മാരായത്. ഇത് രണ്ടാം തവണയാണ് അറബ് കപ്പ് കിരീടം മൊറോക്കോ സ്വന്തമാക്കുന്നത്.

## ഡിസംബർ 22

- രാജ്യത്ത് ആദ്യമായി ഒരു ജില്ലാതല ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി എറണാകുളം ജനറൽ ആശുപത്രി. സ്കൂട്ടർ അപകടത്തെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെ ഡിസംബർ 21ന് മസ്തിഷ്ക മരണം സംഭവിച്ച കൊല്ലം ചിറയ്ക്കര ഇടവട്ടം സ്വദേശി എസ്. ഷിബുവിന്റെ കുടുംബാംഗങ്ങൾ അവയവദാനത്തിന് കുടുംബാംഗങ്ങൾ സമ്മതം നൽകിയതിനെ തുടർന്ന് നേപ്പാൾ സ്വദേശിനി ഇരുപത്തിരണ്ടുകാരിയായ ദുർഗകാമിക്ക് ഹൃദയം മാറ്റിവച്ചത്. ഷിബുവിന്റെ 7 അവയങ്ങളാണ് ദാനം ചെയ്തത്. രാവിലെ 10:45 ഓടെ തിരുവനന്തപുരം മെഡിക്കൽ കോളജിൽ അവയവങ്ങൾ എടുക്കുന്ന ശസ്ത്രക്രിയ ആരംഭിച്ചു. ഒന്നേമുക്കാലോടെ ഹൃദയവും രണ്ട് വൃക്കകളും കരളും നേത്ര പടലങ്ങളും ചർമ്മവും ശേഖരിക്കുന്ന ശസ്ത്രക്രിയ പൂർത്തിയായി. 2.55ഓടെ ഹൃദയവുമായി എയർ ആംബുലൻസ് എറണാകുളം ഹയാത്തിലെ ഹെലിപാടിൽ പറന്നിറങ്ങി. നാലു മിനിറ്റിനുള്ളിൽ ജനറൽ ആശുപത്രിയിലേക്കെത്തി. അപൂർവ്വ ജനിതകരോഗം ബാധിച്ച നേപ്പാൾ സ്വദേശിനി ദുർഗയിൽ ഷിബുവിന്റെ ഹൃദയം മിടിക്കും. ഒരു വർഷമായി എറണാകുളം ജനറൽ ആശുപത്രിയിൽ ചികിൽസയിലായിരുന്നു യുവതി. അവയവമാറ്റത്തിന് രാജ്യത്തെ പൗരന്മാർക്ക് മുൻഗണന നൽകണമെന്ന കേന്ദ്ര നിയമം അടക്കം മറികടന്ന് കോടതി ഉത്തരവു പ്രകാരമാണ് ദുർഗ്ഗക്ക് ഹൃദയം നൽകുന്നത്. ഈ ആശുപത്രി നേരത്തെ ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും വിജയകരമായി നടത്തിയിരുന്നു.

## ഡിസംബർ 23

- റോഡ് നിർമാണത്തിന് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ജിയോ സെല്ലുകൾക്കു പകരം ചണത്തിലുള്ള ജിയോ സെൽ സൂറത്കൽ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി – കർണാടക (എൻഐടി–കെ) വികസിപ്പിച്ചു. ചരിവ് കൂടിയ പ്രതലങ്ങളിൽ മണ്ണൊലിപ്പ് നിയന്ത്രിക്കാൻ വിരിക്കുന്ന വലയ്ക്കു സമാനമായ ത്രിമാന പാളികളാണു ജിയോ സെല്ലുകൾ. കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിനു കീഴിലുള്ള നാഷനൽ ജ്യൂട്ട് ബോർഡിന്റെ ധനസഹായത്തോടെ ബിർള ജ്യൂട്ട് മിൽസുമായി ചേർന്നാണു നേട്ടം കൈവരിച്ചത്.

## ഡിസംബർ 24

- ഐഎസ്ആർഒയുടെ എൽവിഎം-3 എം-6 വിജയകരമായി വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെൻററിൽ നിന്ന് രാവിലെ 8.55നാണ് വിക്ഷേപണം നടന്നത്. എൽവിഎം 3യുടെ മൂന്നാം വാണിജ്യ വിക്ഷേപണ ദൗത്യവും രണ്ട് മാസത്തിനിടെയുള്ള രണ്ടാം വിക്ഷേപണവുമാണിത്.16 മിനിറ്റുകൊണ്ട് ഉപഗ്രഹത്തെ ഭൂമിയിൽനിന്ന് 520 കിലോമീറ്റർമാത്രം അകലെയുള്ള ഭ്രമണപഥത്തിലെത്തിച്ചു. ഖര, ദ്രവ, ക്രയോജനിക് ഇന്ധനങ്ങൾ ഉപയോഗിക്കുന്ന മൂന്നു ഘട്ടങ്ങളാണ് റോക്കറ്റിനുള്ളത്. 6100 കിലോഗ്രാമാണ് ഉപഗ്രഹത്തിന്റെ ഭാരം. ടെലികോം ടവറുകളുടെയോ കേബിളുകളുടെയോ സഹായമില്ലാതെ സാധാരണ മൊബൈൽ ഫോണുകളിലേക്ക് നേരിട്ട് ബ്രോഡ്ബാൻഡ് ഇൻറർനെറ്റ് സേവനം എത്തിക്കുകയെന്നതാണ് ബ്ലൂബേർഡ് ഉപഗ്രഹത്തിന്റെ ദൗത്യം.

## ഡിസംബർ 25

- കേരളത്തിന്റെ കുറ്റാന്വേഷണ ചരിത്രത്തിൽ നിർണ്ണായക ചുവടുവെപ്പായി സംസ്ഥാനത്തെ ആദ്യത്തെ സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറി (CFSL) തിരുവനന്തപുരത്ത് സ്ഥാപിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തീരുമാനിച്ചു. തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് 4-ൽ (ടെക്നോസിറ്റി) ഈ ലബോറട്ടറി സ്ഥാപിക്കുന്നതിനായി അഞ്ച് ഏക്കർ സ്ഥലം കേന്ദ്രത്തിന് ലീസിന് നൽകാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനമെടുത്തു. നിലവിൽ ഡിജിറ്റൽ ഫോറൻസിക്സ് ഉൾപ്പെടെയുള്ള അതിസങ്കീർണ്ണമായ കേസുകളിലെ തെളിവുകൾ പരിശോധിക്കാൻ ഹൈദരാബാദിലെയും ചണ്ഡീഗഡിലെയും കേന്ദ്ര ലാബുകളെയാണ് ആശ്രയിച്ചിരുന്നത്. തിരുവനന്തപുരത്ത് പുതിയ ലാബ് നിലവിൽ വരുന്നതോടെ പരിശോധനാ ഫലങ്ങൾക്കായി കാത്തിരിക്കുന്നത് ഒഴിവാക്കി അന്വേഷണം കൂടുതൽ ഊർജ്ജിതമാക്കാൻ സാധിക്കും. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള ഡയറക്ടറേറ്റ് ഓഫ് ഫോറൻസിക് സയൻസ് സർവീസസിന്റെ മേൽനോട്ടത്തിലായിരിക്കും ഈ ലബോറട്ടറി പ്രവർത്തിക്കുക. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ഡിജിറ്റൽ തെളിവുകൾ കൃത്യമായി വിശകലനം ചെയ്യുന്നതിനുമുള്ള അത്യാധുനിക സംവിധാനങ്ങൾ ഇവിടെ സജ്ജമാകുന്നതോടെ, കേരളാ പോലീസിനും ദേശീയ അന്വേഷണ ഏജൻസികൾക്കും ഇത് വലിയ മുതൽക്കൂട്ടാകും.

## ഡിസംബർ 26

- സോഹോയുടെ പിന്തുണയോടെ ബെംഗളൂരു ആസ്ഥാനമായുള്ള വോക്സൽഗ്രിഡ്സ് (VoxelGrids) എന്ന സ്റ്റാർട്ടപ്പ് ഇന്ത്യയിലെ ആദ്യത്തെ പൂർണ്ണമായും തദ്ദേശീയ 1.5 ടെസ്ല എംആർഐ സ്കാനർ വികസിപ്പിച്ചു. സ്റ്റാർട്ടപ്പ് സ്ഥാപകനായ അർജുൻ അരുണാചലം റെയുടെയും അദ്ദേഹത്തിന്റെ ടീമിന്റെയും 12 വർഷത്തെ ഗവേഷണങ്ങളുടെ ഫലമാണ് ഈ നേട്ടം. സുപ്രധാന രോഗനിർണയ ഉപകരണമായ എംആർഐ സംവിധാനം നിലവിൽ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യാറാണുള്ളത്. ഇത് വിദേശ ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കാനും മെഡിക്കൽ ഇമേജിംഗ് ചെലവ് കുറയ്ക്കാനും സഹായിക്കും.

## ഡിസംബർ 27

- ശ്രീലങ്കൻ വനിതാ ടീമിനെതിരായ ഇന്ത്യയുടെ തുടരെ മൂന്ന് ടി20 വിജയങ്ങൾക്കു പിന്നാലെ ക്യാപ്റ്റൻ ഹർമൻപ്രീത് കൗറിനു നേട്ടം. വനിതാ ടി20യിൽ ഏറ്റവും കൂടുതൽ അന്താരാഷ്ട്ര വിജയങ്ങൾ സ്വന്തമാക്കുന്ന ക്യാപ്റ്റനെന്ന റെക്കോർഡ് ഇനി ഹർമൻപ്രീത് കൗറിനു സ്വന്തം. തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടന്ന മൂന്നാം ടി20 പോരാട്ടത്തിൽ വിജയം സ്വന്തമാക്കിയതോടെയാണ് ഇന്ത്യൻ ക്യാപ്റ്റൻ നേട്ടത്തിലെത്തിയത്.

## ഡിസംബർ 28

- അണ്ടർ 19 ലോകകപ്പിനുള്ള ഇന്ത്യൻ സ്ക്വാഡിനെ പ്രഖ്യാപിച്ച് ബിസിസിഐ. ആയുഷ് മാത്രെ തന്നെയാണ് ഇന്ത്യൻ കൗമാരപ്പടയെ നയിക്കുന്നത്. വിഹാൻ മൽഹോത്ര വൈസ് ക്യാപ്റ്റനാവുന്ന ടീമിൽ രാജസ്ഥാൻ റോയൽസിന്റെ കൗമാര താരം വൈഭവ് സൂര്യവംശിയും ഇടംപിടിച്ചു. രണ്ട് മലയാളി താരങ്ങളാണ് ലോകകപ്പ് ടീമിൽ ഉൾപ്പെട്ടിരിക്കുന്നത്. ഇക്കഴിഞ്ഞ അണ്ടർ ഏഷ്യാ കപ്പിൽ തകർത്തുകളിച്ച മലയാളി താരം ആരോൺ ജോർജ് ടീമിൽ ഇടം നിലനിർത്തി. മറ്റൊരു മലയാളി താരം മുഹമ്മദ് ഇനാനും സ്ക്വാഡിൽ ഇടംപിടിച്ചു.

## ഡിസംബർ 29

- 2025-ലെ ലോക റാപ്പിഡ് ചെസ് ചാമ്പ്യൻഷിപ്പിൽ നോർവേയുടെ മാഗ്നസ് കാൾസൺ ഓപ്പൺ വിഭാഗത്തിലും റഷ്യയുടെ അലെക്സാന്ദ്ര ഗോറിയാകിന വനിതാ വിഭാഗത്തിലും കിരീടം നേടി. ഇന്ത്യയുടെ അർജുൻ എറിഗൈസിയും കൊനേരു ഹംപിയും യഥാക്രമം ഓപ്പൺ, വനിതാ വിഭാഗങ്ങളിൽ വെങ്കലം കരസ്ഥമാക്കി.

## ഡിസംബർ 30

- ഫിഫ ഏർപ്പെടുത്തിയ സമാധാനത്തിനുള്ള പുരസ്കാരം അമേരിക്കൻ പ്രസിഡന്റിനെ തേടിയെത്തി. ഫിഫയുടെ പ്രഥമ സമാധാന പുരസ്കാരമാണ് ട്രംപിന് ലഭിച്ചിരിക്കുന്നത്. ഗാസ സമാധാന പദ്ധതി, റഷ്യ-യുക്രെയ്ൻ സംഘർഷം അവസാനിപ്പിക്കാനുള്ള ശ്രമം എന്നിവ കണക്കിലെടുത്താണ് ട്രംപിന് ഈ പുരസ്കാരം നൽകിയത് .യുഎസിലെ കെന്നഡി സെന്ററിൽ നടന്ന ചടങ്ങിൽ ഫിഫ പ്രസിഡന്റ് ഗിയാനി ഇൻഫാന്റിനോ ട്രംപിന് പുരസ്കാരം സമ്മാനിച്ചു.

## ഡിസംബർ 31

- വാർവിക്ക്ഷയർ യൂണിവേഴ്സിറ്റി ഇൻഡോർ സ്പോർട്സ് സെന്ററിൽ വെച്ച് നടന്ന ഇംഗ്ലിഷ് നാഷനൽ ബാഡ്മിന്റൺ ചാംപ്യൻഷിപ്പിൽ ഗോൾഡ് മെഡലുകൾ തൂത്തുവാരി മലയാളികൾക്ക് അഭിമാനമായി കുന്നംകുളത്തുകാരൻ, നിഖിൽ പുലിക്കോട്ടിൽ. ഇംഗ്ലിഷ് നാഷനൽസിൽ പതിനഞ്ചു വയസ്സിൽ താഴെയുള്ളവരുടെ വിഭാഗത്തിൽ സിംഗൾസിൽ ചാംപ്യൻ ആവുകയും, ഡബിൾസിൽ യോർക്ഷെയർ, ഹാലിഫാക്സിൽ നിന്നുള്ള ഫിൽ ഡാനിയേലുമായി കൂട്ടുചേർന്ന് ഡബിൾസിൽ സ്വർണം നേടുകയും, മിക്സഡ് ഡബിൾസിൽ മുൻ ഇൻഡോനേഷ്യൻ നാഷനൽ താരത്തിന്റെ മകളും, ലൗഗ്ബോറോ, ലെസ്റ്ററിൽ നിന്നുള്ള മുത്തിയാര മണ്ഡേലയുമായി ചേർന്ന് പ്രസ്തുത ഇനത്തിലും ചാംപ്യൻഷിപ്പ് നേടിക്കൊണ്ട് ട്രിപ്പിൾ ഗോൾഡ് മെഡലുകൾ ഉയർത്തി നിഖിൽ ടൂർണമെന്റിലെ സുവർണ്ണ താരമാവുകയായിരുന്നു.

# സംസ്കാര ഭാരതം ഗാനസദസ്സ്: ഡോ. കെ.വി. രേണുക ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** സംസ്കാരഭാരതം ട്രസ്റ്റിന്റെ പ്രതിമാസ പരിപാടിയ 'പാടാം നമുക്ക് പാടാം' കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ ഡോ. കെ.വി. രേണുക ഉദ്ഘാടനം ചെയ്തു. സംസ്കാരഭാരതം ട്രസ്റ്റ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു.

ചടങ്ങിൽ സംബന്ധിച്ചവർക്കും ഉദ്ഘാടകയ്ക്കും കൃതജ്ഞത രേഖപ്പെടുത്തി ട്രസ്റ്റിന്റെ കൾച്ചറൽ റിലേഷൻസ് ഓഫീസർ സ്മിതാ മനോജ് സംസാരിച്ചു. പരിപാടിയിൽ ഏറെ പേർ സംബന്ധിച്ചിരുന്നു.




'പാടാം നമുക്ക് പാടാം' കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ ഡോ. കെ.വി. രേണുക ഉദ്ഘാടനം ചെയ്യുന്നു

# നാട്ടറിവ് — കറുക

റാണി ശ്രീജയൻ

നമ്മുടെ നാട്ടിൽ സാധാരണമായി കണ്ടുവരുന്ന നിലംപറ്റി വളരുന്ന ഒരു പുൽച്ചെടിയാണ് കറുക . ദശപുഷ്പങ്ങളിൽ ഒന്നായ ഇതിന് ദർഭ എന്നും പേരുണ്ട്. സംസ്കൃതത്തിൽ ഇതിനെ ദൂർവാ എന്ന് വിളിക്കുന്നു. (ശാസ്ത്രീയനാമം Cynodon dactylon ). കറുക പൂജകളിലും മറ്റും ഒഴിവാക്കാൻ സാധിക്കാത്ത ഒന്നാണ്. ആരോഗ്യത്തിനും കറുകപ്പുല്ല് വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. പല ആരോഗ്യ പ്രതിസന്ധികളേയും പെട്ടെന്ന് ഇല്ലാതാക്കുന്നതിന് കറുകക്കുള്ള കഴിവ് ചില്ലറയല്ല. നാട്ടുവൈദ്യത്തിൽ കറുക കൊണ്ട് പല വിധത്തിലുള്ള ഒറ്റമൂലികൾ ഉണ്ട്. കറുക നീര് കഴിക്കുന്നത് പ്രമേഹത്തെ ഇല്ലാതാക്കുന്നതിന് സഹായിക്കുന്നുണ്ട്. രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും കറുക നല്ലതാണ്. കറുക അൽപം പാലിൽ തിളപ്പിച്ച് കഴിക്കുന്നത് കൊണ്ട് രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നുണ്ട്. ഇതിലുള്ള ആന്റി മൈക്രോബിയൽ ആക്റ്റിവിറ്റിയാണ് ആരോഗ്യത്തിന് സഹായിക്കുന്നത്. ബുദ്ധിവികാസത്തിന് വേണ്ടി നമുക്ക് കറുക ഉപയോഗിക്കാവുന്നതാണ്. അതിനായി കറുക നീര് കഴിക്കുന്നത് നല്ലതാണ്. ഇത് അൽഷിമേഴ്സ് പോലുള്ള അസ്വസ്ഥതകൾക്ക് പരിഹാരം കാണുന്നതിന് സഹായിക്കുന്നുണ്ട്.

പല ആരോഗ്യ പ്രതിസന്ധികളെ ഇല്ലാതാക്കുന്നതിനും നല്ല ഓർമ്മശക്തിക്കും കറുക മികച്ചതാണ്. പ്രസവ ശേഷം മുലപ്പാൽ കുറയുന്നത് പല സ്ത്രീകളേയും അലട്ടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്. എന്നാൽ അതിന് പരിഹാരം കാണുന്നതിന് വേണ്ടി നമുക്ക് കറുക ഉപയോഗിക്കാവുന്നതാണ്. ഇത് പശുവിൻ പാലിൽ തിളപ്പിച്ച് കുടിക്കുന്നത് മുലപ്പാൽ വർദ്ധിപ്പിക്കുന്നു. അമിത രക്തശ്രാവവും കഫ ജന്യ രോഗങ്ങളും തടയാനും കറുക ഉപയോഗിക്കാറുണ്ട്.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു


ഡോ.വിജയരാഘവൻ


ഡോ.കെ.പി.സുധീര (വിദ്യാവാചസ്പതി)


കണ്ണമ്പ്രത്ത് പത്മനാഭൻ


ആർട്ടിസ്റ്റ് മദനൻ

### ഡോ.വിജയരാഘവൻ

ചെന്നൈ സ്വദേശി. ദ്രൃശ്യ, ശ്രാവ്യ മാദ്ധ്യമ രംഗത്തെ നിറസാന്നിധ്യം. മികച്ച ഗ്രന്ഥകാരൻ, ഗവേഷകൻ, നിരൂപകൻ, പ്രഭാഷകൻ ഇംഗ്ലീഷിലും, മലയാളത്തിലുമായി 500-ൽപരം ഗവേഷണ പ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്. ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ജോലിയിൽ പ്രവേശിച്ചു. കേരള സർവ്വകലാശാലയിൽ ഗവേഷക വിദ്യാർത്ഥിയായിരിക്കെ രചിച്ച സംഗീത കൈരളി എന്ന ചിത്രീകരണത്തിന് 1979-ൽ ആകാശവാണി വാർഷിക പുരസ്കാരം ലഭിക്കുകയുണ്ടായി. ആകാശവാണിയുടെ വിവിധഭാരതി, ബോംബെ, തിരുവനന്തപുരം, തൃശ്ശൂർ, പോർട്ട്ബ്ലയർ, ചെന്നൈ തുടങ്ങിയ നിലയങ്ങളിൽ സേവനം അനുഷ്ഠിച്ചതിനുശേഷം കേന്ദ്രാ വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ കീഴിലുള്ള സംഗീത നാടക വിഭാഗത്തിന്റെ ദക്ഷിണമേഖലയുടെ മേധാവിയായി ചുമതല ഏറ്റെടുത്തു. ആകാശവാണി തിരുവനന്തപുരം നിലയത്തിൽ പ്രോഗ്രാം എക്സിക്യൂട്ടിവ് ആയി സേവനം അനുഷ്ഠിക്കുന്ന കാലത്ത് വർഷങ്ങളായി പ്രക്ഷേപണം ചെയ്തിരുന്ന സുഭാഷിതം, ഗാന്ധിമാർഗ്ഗം തുടങ്ങിയ പരിപാടികൾക്ക് പുതിയ രൂപഭാവങ്ങൾ നൽകാൻ സാധിച്ചു. ചെന്നൈ നിലയത്തിൽ നിന്നും ശ്രോതാക്കൾക്ക് നേരിട്ട് പങ്കെടുക്കാൻ കഴിയുന്ന ഫോൺ ഇൻ പരിപാടി ആരംഭിക്കാൻ ഇടയാക്കി. തമിഴ്നാടിന്റെ കിഴക്കൻ തീരത്ത് സുനാമി ഉണ്ടായപ്പോൾ ഭയചകിതരായ 3500 കുട്ടികളെതിരികെ സാധാരണ ജീവിതത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. ഈ പരിപാടിയുടെ ആശയവും ആവിഷ്കാരവും ഇദ്ദേഹത്തിന്റേതാണ്. മാൽക്കം ആദിശേഷയ്യ പുരസ്കാരം രണ്ടു പ്രാവശ്യം ലഭിച്ചു. എ.പി.ജെ അബ്ദുൾ കലാം അവാർഡ്, സത്യജിത്ത് റേ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

### ഡോ.കെ.പി.സുധീര (വിദ്യാവാചസ്പതി)


കോഴിക്കോട് എരഞ്ഞിപ്പാലം സ്വദേശി. കവയിത്രി, നോവലിസ്റ്റ്, കഥാകൃത്ത്, ലേഖിക. ഇതുവരെ 101 പുസ്കതങ്ങൾ രചിച്ചു. ഇംഗ്ലിഷ്, ഹിന്ദി, തെലുങ്ക്, തമിഴ്, കന്നഡ ഭാഷകളിലേയ്ക്ക് കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. യുവസാഹിത്യകാരിക്കുള്ള ലളിതാംബിക അന്തർജനം അവാർഡ്, മാതൃഭൂമി ഗൃഹലക്ഷ്മി അവാർഡ്, അന്വേക്ഷിയുടെ കഥാപുരസ്കാരം, കേസരി ബാലകൃഷ്ണപിള്ള പുരസ്കാരം. ഉറൂബ് അവാർഡ്, മാനവസേവ പുരസ്കാരം, വൈക്ക മുഹമ്മദ് ബഷീർ പുരസ്കാരം, ധാർമ്മികത എക്സലൻസി പുരസ്കാരം, കേരള സർക്കാരിന്റെ കമലാസുരയ്യ പുരസ്കാരം, തകഴി അവാർഡ്, എസ്.കെ.പൊറ്റക്കാട് അവാർഡ്, സത്യജിത്റേ സാഹിത്യ പുരസ്കാരം, ടാഗോർ ഫൗണ്ടേഷൻ അവാർഡ്, കേരള സാഹിത്യ അക്കാദമി പുരസ്കാരം, ദേശീയ പുരസ്കാരങ്ങളായ ദില്ലി സാഹിത്യ അക്കാദമി അവാർഡ്, മേഘാലയ പുരസ്കാരം, ബീജാപൂർ താജ്മുഗളിനി അവാർഡ്, ഗായത്രി അവാർഡ്, മീരാഭായി അവാർഡ്, അന്തർദേശീയ അവാർഡുകളായ ദുബായ് ആർട്ട് ലവേഴ്സ് അസോസിയേഷൻ അവാർഡ്, ജിദ്ദയിലെ അരങ്ങ് അവാർഡ്, ലണ്ടനിലെ ലിംഗിവൽ ഹാർമണി അവാർഡ്, ഈജിപ്തിലെ ഡോട്ടർ ഓഫ് നൈൽ അവാർഡ് , യൂറോപ്പ്, ശ്രീലങ്ക, നേപ്പാൾ, സെന്റ് പീറ്റേഴ്സ് ബർഗ് എന്നിവിടങ്ങളിലെയും ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്. നിലവിൽ കേരള ഗ്രാമീണബാങ്കിൽ നിന്ന് മാനേജർ ആയി വിരമിച്ചു.

### കണ്ണമ്പ്രത്ത് പത്മനാഭൻ

കോഴിക്കോട് ചോമ്പാല സ്വദേശി. കണ്ണൂർ തില്ലങ്കരി സർവ്വീസ് സഹകരണ ബാങ്കിന്റെയും, ഒഞ്ചിയം സർവ്വീസ് സഹകരണബാങ്കിന്റെയും സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. ഈ കാലയളവിൽ തില്ലങ്കരിയിലും, ഒഞ്ചിയത്തും ബാങ്കിന്റെ വളർച്ചയോടൊപ്പം കൃഷിയെ പരമാവധി പ്രോത്സാഹിപ്പിക്കാനും വിജയിപ്പിക്കാനും സാധിച്ചു. ജോലിയിൽനിന്ന് വിരമിച്ചശേഷം ജൈവകർഷക സമിതിയുടെ കേരള ഘടകത്തിൽ സജീവമായി പ്രവർത്തിക്കുന്നു. അഞ്ച് ഏക്കറോളം വരുന്ന കൃഷി ഭൂമിയിൽ സീറോ ബഡ്ജറ്റ് ഫാമിംഗ് രീതിയിൽ കൃഷി ചെയ്തു വിളയിച്ചിട്ടുണ്ട്. കടലോരത്ത് വ്യാപിച്ചു കിടക്കുന്ന തരിശുഭൂമിയിൽ രക്തശാലി എന്ന അപൂർവ്വ ഇനം നെൽവിത്ത് കൃഷി ചെയ്ത് കൃഷിവകുപ്പിന്റെയും കടലോര നിവാസികളുടെയും ഏറെ പ്രശംസ പിടിച്ചുപറ്റി. ഏറാമല പഞ്ചായത്തിൽ തുരുത്തിമുക്ക് കൈക്കണ്ടം എന്നറിയപ്പെടുന്ന 28 ഏക്കറോളം സ്ഥലത്ത് കേരള ജൈവ കർഷക സമിതിയുടെ നേതൃത്വത്തിൽ പീലിക്കാട് റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സെന്റർ വികസിപ്പിച്ചെടുത്ത മിഥില നെൽവിത്ത് കൃഷി ഇറക്കിയിട്ടുണ്ട്. ചുരുങ്ങിയ സമയംകൊണ്ട് തൈര് കടഞ്ഞെടുക്കുന്ന യന്ത്രം, കൂവപ്പൊടി നിർമ്മാണത്തിനായി കൂവ അരവ് യന്ത്രം, വെന്ത വെളിച്ചെണ്ണ നിർമ്മിക്കാൻ കഴിയുന്ന യന്ത്രം, 12 മണിക്കൂർ കൊണ്ട് നാളികേരം കൊപ്രയാക്കാൻ പറ്റുന്ന യന്ത്രം എന്നിവ കണ്ടുപിടിച്ചിട്ടുണ്ട്. വടകര ദേശസേവ ട്രസ്റ്റിന്റെ ഹരിതാമൃതം പുരസ്കാരം, സരോജിനിദാമോദർ ഫൗണ്ടേഷൻ അവാർഡ്, അക്ഷയശ്രീ അവാർഡ്, ഓർഗാനിക് ഫാർമിങ് അസോസി.യേഷൻ അവാർഡ്, റോട്ടറി ക്ലബ്ബിന്റെ കർഷകമിത്ര അവാർഡ്, കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിന്റെ ഫാർമർ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

### ആർട്ടിസ്റ്റ് മദനൻ

കണ്ണൂർ സ്വദേശി. ചിത്രകാരൻ. കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ ചിത്രകലാ അദ്ധ്യാപകനായിരുന്നു. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ യൂറിക്കയിലും, ശാസ്ത്രകേരളത്തിലും ദേശാഭിമാനി വാരികയിൽ തുടർച്ചയായി രേഖാചിത്രങ്ങൾ വരച്ചിരുന്നു. നിലവിൽ മാതൃഭൂമിയിൽ 44 വർഷമായി ചിത്രകാരനായി തുടരുന്നു. ഡൽഹിയിൽ നടന്ന നാഷണൽ ഇൻർനാഷണൽ കാലിഗ്രാഫി ക്യാമ്പുകളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു. കേരള ലളിതകലാ അക്കാദമി അംഗമായി. സാഹിത്യ അക്കാദമിക്ക് വേണ്ടി പോർട്രേറ്റുകൾ ചെയ്തു. കേരളത്തുടനീളം ലൈവ് സ്കെച്ചുചെയ്യാൻ തുടങ്ങി. ഇവയിൽ തറവാടുകൾ, നാലുകെട്ടുകൾ, മനകൾ, ക്രിസ്ത്യൻ പള്ളികൾ, മുസ്ലീം പള്ളികൾ, ലക്ഷദ്വീപ് തുടങ്ങിയവയും വരച്ചിട്ടുണ്ട്. ഡൽഹി, ബോംബെ, കൽക്കത്ത, മദ്രാസ്, ബാംഗ്ളൂർ, ഖജ്ജരാഹോ, എലിഫെന്റ് കേവ് എന്നിവ ഇതിൽപ്പെടുന്നു. ദുബായ്, ഷാർജ, സ്വിറ്റ്സർലന്റ്, ലണ്ടൻ എന്നിവിടങ്ങളിൽ പോയി സ്കെച്ച് ചെയ്തിട്ടുണ്ട്. ധാരാളം സ്വർണ്ണമെഡലുകൾ, ഡോ.മംഗളം സ്വാമിനാഥൻ ഫൗണ്ടേഷൻ നാഷണൽ അവാർഡ്, രാജാരവിവർമ്മ പുരസ്കാരം തുടങ്ങിയ അവാർഡുകൾ എന്നിവ ലഭിച്ചിട്ടുണ്ട്.


പ്രൊഫ.കെ.വിജയകുമാർ


ഷെജരാജ്.വി


ബിനുരാജ് കലാപീഠം

### പ്രൊഫ.കെ.വിജയകുമാർ

വടകര ഒഞ്ചിയം സ്വദേശി. ചെറുപ്പം മുതലേ അക്കാദമിക പഠനത്തോടൊപ്പം കളരിപ്പയറ്റും പാരമ്പര്യ രീതിയിൽ വർഷങ്ങളോളം അഭ്യസിച്ചു. 1975ൽ പെരിന്തൽമണ്ണ ഗവൺമെൻറ് കോളേജിൽ തുടങ്ങി, 30 വർഷം ചരിത്രാദ്ധ്യാപകനും വകുപ്പ് മേധാവിയുമായി പ്രവർത്തിച്ചു. കളരി പാരമ്പര്യത്തിന്റെ ഉദയം, വളർച്ച, തളർച്ച, പുനരുത്ഥാനം എന്നിവയെക്കുറിച്ച് ധിഷണാപരവും ചരിത്രപരവുമായ പഠനവും ഗവേഷണവും നടത്തി. പഠനഫലമായുള്ള നവീനാശയങ്ങളെ ആധാരമാക്കി ഗ്രന്ഥം രചിച്ചു. കേരള സാംസ്കാരിക വകുപ്പ് 2000 ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകം ഒട്ടനവധി പിൽക്കാല കളരി പഠനങ്ങൾക്കും പരിശീലനകേന്ദ്രങ്ങൾക്കും സഹായകമായി. 2017ൽ , കളരിയുടെ വിദേശ വ്യാപനത്തെ കൂടി ഉൾക്കൊള്ളിച്ച് നവീകരിച്ച ഈ പുസ്തകം കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കി. ഡോ. കെ കെ എൻ കുറുപ്പുമായി ചേർന്ന് എഴുതിയ പുസ്തകം കേരള പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കി. പഴശ്ശി സമിതിയുടെ സംസ്ഥാന സംഘാടകനായി പ്രവർത്തിച്ചു. ഈ സമിതിയുടെ നേതൃത്വത്തിൽ പഴശ്ശി ജ്യോതിയുമായി വയനാട് മുതൽ തിരുവനന്തപുരം വരെ രഥയാത്ര നടത്തി. ദേശീയതയുടെകാഴ്ചപ്പാടുള്ള സംഘടനകളുമായി ചേർന്ന് പ്രവർത്തിച്ച്, നിരന്തര പ്രഭാഷണങ്ങളിലൂടെ ഭാരതീയ പാരമ്പര്യവും, മൂല്യങ്ങളും, ചരിത്രബോധവും പുതിയ തലമുറയിലേക്ക് പകർത്തുവാൻ ശ്രമിച്ചു. ഇതോടൊപ്പം തന്നെ, കഴിഞ്ഞ 50 വർഷമായി കളരി ചികിത്സ തികച്ചും സൗജന്യമായി രോഗികൾക്ക് നൽകി വരികയാണ്.

### ഷെജരാജ്.വി

ആലപ്പുഴ മാവേലിക്കര സ്വദേശി. കഴിഞ്ഞ 20 വർഷമായി പത്ര, ദൃശ്യ മേഖലയിൽ പ്രവർത്തിക്കുന്നു. സിറാജ് ന്യൂസ് ഡെയ്‌ലിയിൽ ആലപ്പുഴ ജില്ലയിലെ ചാരുംമൂട് പ്രാദേശിക ലേഖകനായി മാധ്യമ രംഗത്ത് തുടക്കമിട്ടു. തുടർന്ന് നിരവധി പ്രാദേശിക വാർത്താ ചാനലുകളിൽ ന്യൂസ് ക്യാമറാമാനായി ജോലി ചെയ്തു. 2006 മുതൽ കായംകുളം കേന്ദ്രമാക്കി സി.ഡി.നെറ്റ് എന്ന പ്രാദേശിക വാർത്താചാനലിൽ ചീഫ് ന്യൂസ് ക്യാമറാമാനായി തുടരുന്നു. വികസനോത്മുഖമായ നിരവധി പദ്ധതികൾ സംബന്ധിച്ചുള്ള വാർത്തകൾ സമൂഹമധ്യത്തിലേക്ക് എത്തിച്ചു. ആറാട്ടുപുഴയിലേയും, തൃക്കുന്നപ്പുഴയിലേയും കടലേറ്റം മൂലം ദുരിതം നേരിടുന്ന മത്സ്യതൊഴിലാളി മേഖലയിലെ ദുരിത ജീവിതങ്ങൾ അധികാര വർഗ്ഗത്തിന് മുമ്പാകെ എത്തിച്ചു. 2017-ൽ പേമാരിയിൽ കരകവിഞ്ഞ് ഒഴുകിയ കായലിൽ ജീവിതം അവസാനിപ്പിക്കാൻ ആയി കായലിൽ ചാടിയ പെൺകുട്ടിയെ രക്ഷപ്പെടുത്തി. ഇതിന് കേരള ജേർണലിസ്റ്റ് ധീരതയ്ക്കുള്ള അവാർഡ്, എസ്.എൻ.ഡി.1121 നമ്പർ ശാഖ ആദരവ്, മുതുകുളം ബ്ളോക്ക് പഞ്ചായത്ത്, കരീലകുളങ്ങര കോൺഗ്രസ് കമ്മറ്റി, റെസിഡൻസി അവാർഡ്, ഭരണിക്കാവ്, ചാരുംമൂട് പ്രസ്ക്ലബ്ബ്, കായംകുളം നഗരസഭ, മാവേലിക്കര ബ്ളോക്ക് പഞ്ചായത്ത്, ഹരിപ്പാട് പ്രസ് ക്ലബ്ബ് എന്നിവയുടെ അവാർഡുകൾ ഉൾപ്പെടെ കലാകായികമേഖലയിൽ ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 100 മീറ്റർ റെയ്സ്, 200 മീറ്റർ റെയ്സ്, ലോംഗ്ജമ്പ് എന്നിവയിൽ വിവിധ വർഷങ്ങളിൽ ചാമ്പ്യനാണ്. കേരള യൂണിവേഴ്സിറ്റി യൂണിയൻ കൗൻസിലർ, മാവേലിക്കര നവീന സാംസ്കാരിക സമിതി ജോയിന്റ് സെക്രട്ടറി, കായംകുളംസ മാവേലിക്കര, ചാരുമൂട് പ്രസ് ക്ലബ്ബ്മെമ്പർ എന്നിങ്ങനെ പ്രവർത്തിക്കുന്നു.

### ബിനുരാജ് കലാപീഠം

എറണാകുളം സ്വദേശി, മലയാളത്തിലെ സമകാലീന ചിത്രകലാ രംഗത്തും, ഡോക്യുമെന്ററി സംവിധാന രംഗത്തും - പരസ്യ-ചിത്ര നിർമാണ രംഗത്തും പ്രവർത്തിക്കുന്നു. പ്രമുഖ ചിത്രകാരന്മാരായ എം.വി. ദേവന്റേയും ടി. കലാധരന്റെയും കീഴിൽ ചിത്രരചനയും പെയിന്റിംഗും അഭ്യസിച്ചു. പ്രസിദ്ധരായ പണ്ഡിതർ, കലാകാരന്മാർ, പൈതൃക കേന്ദ്രീകൃത വിഷയങ്ങൾ, ചരിത്ര സൃഷ്ടികൾ എന്നിവയെ ആസ്പദമാക്കി അദ്ദേഹം, നിരവധി ശ്രദ്ധേയ ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്. ഇവയ്ക്കു പുറമേ നിരവധി പരസ്യചിത്രങ്ങളും ഹ്രസ്വചിത്രങ്ങളും സംവിധാനം ചെയ്തു. ദേശീയ അന്തർദേശീയ ചിത്രപ്രദർശനങ്ങളും 1994 മുതൽ കേരള ലളിതകലാ അക്കാദമി ഉൾപ്പെടെ സംസ്ഥാനത്തെ പ്രധാന ആർട്ട്ഗ്യാലറികളിലും നിരവധി സോളോ എക്സിബിഷനുകളും ഗ്രൂപ്പ് എക്സിബിഷനുകളും നടത്തി. ദുബായ് ആർട്ട് ഫെസ്റ്റിവൽ (2015), ഇന്ത്യ ആർട്ട് ഫെസ്റ്റിവൽ ഹൈദരാബാദ് 2017, 2018, കേരള ലളിതകലാ അക്കാദമി സ്റ്റേറ്റ് ക്യാമ്പുകൾ, CCMB ഹൈദരാബാദ് പെയിന്റിംഗ് ക്യാംമ്പ്, Malayala Kalagramam Art Camps തുടങ്ങിയവയിൽ പങ്കെടുത്തു. 2012-ലെ കേരള സംസ്ഥാന സർക്കാർ ടെലിവിഷൻ അവാർഡിൽ, മികച്ച സംവിധായകൻ പുരസ്കാരവും ജ്യൂറി പുരസ്കാരവും ലഭിച്ചു. റോട്ടറി ഇന്റർനാഷണൽ അവാർഡ് 2013, ആർ.കെ. പൊറ്റശ്ശേരി ഫൗണ്ടേഷൻ പുരസ്കാരം, എന്നിവ ലഭിച്ചു. 2020 -ലെ സംസ്ഥാന ഷോർട് ഫിലിം ഫെസ്റ്റിവൽ ജ്യൂറി അംഗം ദി ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റിന്റെ ട്രസ്റ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു വരുന്നു.


സബീഷ് ബാല


ഡോ.ഫിറോസ്


ശ്രീരഞ്ജിനി

### സബീഷ് ബാല

തിരുവനന്തപുരം പൂജപ്പുര സ്വദേശി. സംഗീത സംവിധായകൻ, ഗായകൻ. കർണ്ണാടക സംഗീതം, ഹിന്ദുസ്ഥാനി, ഗസൽ, ഭജൻ എന്നീ മേഖലകളിൽ പ്രശസ്തൻ. വ്യത്യസ്തമായ ആലാപനരീതിയിലൂടെ സംഗീത സംവിധാനരംഗത്ത് തന്റെ സാന്നിധ്യം അടയാളപ്പെടുത്തുന്നു, ഹിന്ദുസ്ഥാനി സംഗീതം, ഭജൻ, ഗസൽ തുടങ്ങിയവയെ സംയോജിപ്പിച്ചു കൊണ്ടുള്ള ഒരുസംഗീത രീതി സ്വീകരിച്ചിട്ടുണ്ട്. അനവധി സീരിയലുകൾക്കും, സീഡി ആൽബങ്ങൾക്കും, സിനിമകൾക്കും സംഗീതം നൽകിയിട്ടുണ്ട്. 23 ഓളം സി.ഡികൾ ഇറക്കിയിട്ടുണ്ട്. വിദ്യാർത്ഥി കൾക്ക് സംഗീതപഠനത്തിന് വേണ്ടി ബൃഹസ്പതി എന്ന സംഗീത വിദ്യാപീഠം സ്ഥാപിച്ച് പ്രവർത്തിക്കുന്നു, ഗവൺമെന്റ് ഓഫ് ഇന്ത്യ നീതി ആയോഗിന്റെ രാഷ്ട്രീയ നൈതികത സമ്മാൻ അവാർഡ്, സേവന പുരസ്കാരം, സുന്ദര ധനുവച്ചപുരം സാംസ്കാരിക കേന്ദ്രം അവാർഡ്, കരുതൽ അക്കാഡമി അവാർഡ്, ബ്രഹ്മസുതൻ സ്വാമി സംഗീത പുരസ്കാരം, വട്ടിയൂർക്കാവ് ശ്രീ സത്യസായി ക്ഷേത്ര ട്രസ്റ്റ് ആദരവ് പൂജപ്പുരേശ്വരി കടാക്ഷം പുരസ്കാരം, ലോകാസമസ്ത സുഖിനോ ഭവന്തു സ്പിരിച്ചൽ സംഘടന പുരസ്കാരം തുടങ്ങിയുള്ള അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### ഡോ.ഫിറോസ്

കോട്ടയം സ്വദേശി. ആരോഗ്യ ശാസ്ത്രം, പാരമ്പര്യ ചികിത്സ, എനർജി ഹീലിംഗ് എന്നിവയിൽ വർഷങ്ങളായി ഗവേഷണം നടത്തുന്നു. ശരീരവും മനസ്സും ആത്മാവും സമതുല്യത്തിൽ പ്രവർത്തിക്കുമ്പോഴാണ് ആരോഗ്യം പൂർണ്ണമാകുന്നത് എന്നതാണ് പഠനത്തിന്റെ അടിസ്ഥാനതത്വം. കളരി മർമ്മ, ഇന്ത്യൻ കൈറോപ്രാക്ടിസ്, അക്വപഞ്ചർ, സുജോക്, റെയ്കി ഗ്രാന്റ് മാസ്റ്റർ, പെൻഡുലം ഹീലിംഗ്. ശാസ്ത്രീയ വാസ്തു ഗവേഷണം എന്നിവയെക്കുറിച്ച് പഠനങ്ങൾ നടത്തി. ശരീരത്തിലെ ഊർജ്ജവിനിമയം, നാഡീ വ്യൂഹം, മസ്തിഷ്ക പ്രവർത്തനം എന്നിവ സമഗ്രമായി മനസ്സിലാക്കി. ഹൃദയത്തിനോട് ചേർന്നിരിക്കുന്ന മേഖല ഓട്ടിസം സ്പെക്ട്രം ഡിസ്ഓർഡർ ഉള്ള കുട്ടികളുടെ ചികിത്സയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. 120 കുട്ടികൾക്കായി ഓട്ടിസം ചികിത്സാ ക്യാമ്പ് സംഘടിപ്പിച്ചു. ചികിത്സയിലൂടെ അവരുടെ പെരുമാറ്റം, ഐ കോൻടാക്ട്, സ്പീച്ച് ഇൻപ്രൂമെന്റ്, ശ്രദ്ധ, സാമൂഹിക ഇടപെടൽ തുടങ്ങിയുള്ള മേഖലകളിൽ ശ്രദ്ധേയമായ പുരോഗതിയുണ്ടായി. കോട്ടയം, കൊണ്ടോട്ടി, കൊല്ലം എന്നിവിടങ്ങളിൽ സ്വന്തമായി ക്ലിനിക്കുകൾനടത്തി വരുന്നു.ഈ പ്രവർത്തനങ്ങൾക്ക് അംഗീകാരമായി ഡോ.എ.പി.ജെ.അബ്ദുൾ കലാം സമ്മാൻ 2022 എന്ന ബഹുമതി ലഭിച്ചു. ഇതിനു പുറമേ കളരി പയറ്റ്, കുങ്ഫൂ, തുടങ്ങിയ ആയോധനകലകളും സ്വായത്തമാക്കിയിട്ടുണ്ട്.

### ശ്രീരഞ്ജിനി

തിരുവനന്തപുരം വട്ടിയൂർക്കവ് സ്വദേശി. കാരുണ്യ പ്രവർത്തക, ആശാവർക്കർ. 11 മാസം പ്രായമായ ഒരു കുഞ്ഞിന് സ്വന്തം കരൾ പകുത്തു കൊടുത്തു. ആശാവർക്കർ ആയിരിക്കെ അങ്കണവാടിയിൽ തുള്ളിമരുന്ന് നൽകാൻ പോയതാണ്. പത്തുമാസം പ്രായമുള്ള പെൺകുഞ്ഞ് അമ്മയുടെ മടിയിലിരുന്ന് മുലപ്പാൽ പോലും ഇറക്കാനാവാതെ കരയുന്നു. കാര്യം തിരക്കിയപ്പോൾ കടുത്ത കരൾരോഗമാണെന്നും കരൾ മാറ്റിവച്ചാലെ രക്ഷപ്പെടൂ എന്നും അറിഞ്ഞു. തുടർന്ന് ആ കുഞ്ഞിന് കരൾ കൊടുക്കാൻ തീരുമാനിച്ചു. ശസ്ത്രക്രിയ കഴിഞ്ഞ് പുറത്തുവന്നപ്പോൾ വീട്ടിൽ നിന്ന് ഇറക്കിവിട്ടു. കരളിന്റെ ഒരു ഭാഗം പകുത്തുകൊടുത്തിട്ട് 9 വർഷം ആകുന്നു. ഈ ഒരുകാര്യത്തിന് വേണ്ടി മാനസികമായി ഒരുപാട് കഷ്ടത അനുഭവിച്ചു. യാതൊരു വരുമാനവുമില്ലാതെ കഷ്ടപ്പെട്ടു ജിവിക്കുമ്പോഴും ഈ കുഞ്ഞിന്റെ കാര്യത്തിൽ അവരോട് പണം വാങ്ങിച്ചിട്ടില്ല. പല മുൻനിര മാധ്യമങ്ങളിലും ഇതുസംബന്ധിച്ച് വാർത്ത വന്നതാണ്. ആർക്കായിരുന്നാലും ഒരു സഹായം ആവശ്യമായി വന്നാൽ പറ്റുന്നപ്പോലെ സഹായിക്കും. കാശ് കൊടുത്ത് സഹായിക്കാൻ പറ്റില്ല അതിനുപകരം ആളായികൂടെകാണും. പറ്റുന്നപോലെ കുറച്ചുപേർക്ക് മരുന്ന് വാങ്ങി നൽകുന്നുണ്ട്. ഇപ്പോൾ ഒറ്റയക്ക് വാടക വീട്ടിൽ കഴിയുന്നു. നിലവിൽ വട്ടിയൂർക്കാവ് പ്രൈമറി ഹെൽത്ത് സെന്ററിൽ അറ്റന്ററായി ജോലി നോക്കുന്നു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



അശോകൻ ചേമഞ്ചേരി


Dr.M.Balaji



ജയൻ പെരുമ്പാവൂർ

### അശോകൻ ചേമഞ്ചേരി

കോഴിക്കോട് ചേമഞ്ചേരി സ്വദേശി. പൊതുപ്രവർത്തകൻ, കവി, പത്രപ്രവർത്തകൻ,നോവലിസ്റ്റ്. ദീർഘകാലം പ്രവാസിയായിരുന്നു. പ്രവാസകാലത്ത് അറബി, ഉറുദു, സിംഹളഭാഷ തുടങ്ങിയവ എഴുതാനും വായിക്കാനും പഠിച്ചു. ഏഴു ചരിത്ര പുസ്തകങ്ങൾ എഴുതി. കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ചരിത്ര ഗവേഷണം നടത്തി പുതിയ കണ്ടത്തെലുകൾ നടത്തിയാണ് ചരിത്ര പുസ്തകങ്ങൾ എഴുതിയത്. സാമൂതിരിയ്ക്ക് മുമ്പെ കോഴിക്കോട് ദീർഘകാലം ഭരിച്ചിരുന്നത് പോർളാതിരി രാജവംശമായിരുന്നു എന്ന് കണ്ടെത്തി. മുഹമ്മദ് നബിയുടെ കാലത്ത് തന്നെയാണ് ചേരമാൻ പെരുമാൾ മക്കത്ത് പോയത് എന്ന് വ്യക്തത വരുത്തുന്ന തെളിവുകളും കണ്ടെത്തി. നിലവിൽ പാരമ്പര്യ ചികിത്സാരംഗത്ത് പ്രവർത്തിക്കുന്നു. കൂടാതെ പ്രാദേശിക ചരിത്ര ഗവേഷണം നടത്തുന്ന പി.എച്ച്.ഡി.വിദ്യാർത്ഥികൾക്ക് ക്ലാസ്സ് എടുക്കുന്നു. ആർ.കെ.രവിവർമ്മ സാഹിത്യ പുരസ്കാരം, ഭാഷാ സാഹിത്യ കലാസംഘം, സുഗതകുമാരി പുരസ്കാരം, പ്രവാസി സംഘം പുരസ്കാരം തുടങ്ങി 80 ഓളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### Dr.M.Balaji

State Executive Protocol Officer (Public Vigilance Committee) Tamilnadu State Council, All India People Rights Protection Organisation, Chennai.

Tamilnadu Consumer Protection Organisation, Chennai. News Reporter (Investigation ) Tamilnadu Nugavizhi Tamil Monthly – Consumer Today Tamil and English Fornightly.

Donation: Donated blood 19 times, helping 19 Individuals, Eye Donation, Registered for Eye Donation at Sri Ramachandra Medical College, Whole Body Organ Donation, Registered for Full Body / Organ Donation at Rajiv Gandi Government Medical College.

Covid19 lockdown Relief (2020-2021)

Provided 2,5000 food packets to people in need during the Corona lockdown period. Support to Orphanages and Old Age Homes Contributed financial assistance for food to more than 20 times to Samarpanam Arakattalai, supporting orphanages and elderly residents.

Awards& Recognitions: Doctor of letters (/D.Litt), Recognition by the Hon’able Supreme Court Judge Kannan

Award given by International Tamil University for outstanding contribution in the field of Human Rights and social service. Seva Chakra Award: Received for Social awarded by the Tamilnadu Consumer Protection Organaisation Chennai.Received Cash Honararium: Recognition by the Hon.able Chief Minister of Tamilnadu Thiru M.K.Stanlin

Awarded for outstanding social work, Best Social Work Award

### ജയൻ പെരുമ്പാവൂർ

എറണാകുളം പെരുമ്പാവൂർ സ്വദേശി. ഗായകൻ.. 1997, 2000 വർഷങ്ങളിൽ കേരളോൽസവം സംസ്ഥാന കലാപ്രതിഭയായി രാജീവ് ഗാന്ധി മെമോറിയൽ ഗോൾഡ് മെഡലിന് അർഹനായി. 25 വർഷമായി നൃത്ത സംഗീത മേഘലയിൽ പ്രവർത്തിക്കുന്നു.1997 ൽ ദേശീയ സംഗീത മൽസരവിജയി.2024 ൽ കെ. ജി. എസ്സ്.എസ്സ് ന്റെ നാദശ്രേഷം പുരസ്ക്കാരം ലഭിച്ചു. കൊല്ലൂർ മൂകാംബിക നവരാത്രി മഹോത്സവം, ചിദംബരം ഫെസറ്റ്, സൂര്യ ഫെസ്റ്റിവൽ, തഞ്ചാവൂർ ബ്രഹൻ നാട്യാഞ്ചലി എന്നിവയിലെ സ്ഥിര സാനിധ്യം. നിരവധി ആൽബം സോങ്ങുകൾക്കും ഭക്തിഗാനങ്ങൾക്കും ശബ്ദം നൽകിയിട്ടുണ്ട്.



രാജീവ് കിളിക്കൂട്


ഷാജി, പൊയിൽക്കാവ്



സഫീർഖാൻ മന്നാനി

### രാജീവ് കിളിക്കൂട്

ആലപ്പുഴ ജില്ലയിലെ കായംകുളം സ്വദേശി. ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയിട്ട് ഏകദേശം പത്തു വർഷത്തോളമായി. മികച്ച പ്രവർത്തനത്തിന് വിവിധ സംഘടനകളും, വ്യക്തികളും, സ്ഥാപനങ്ങളും ആദരവുകൾ നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരി കാരണം ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ ക്വാറന്റൈനിൽ ഉള്ളവർക്ക് സഹായങ്ങൾ എത്തിക്കുന്ന വോളന്റിയർ ആയിരുന്നു. എല്ലാ മാസവും മുടങ്ങാതെ ഏകദേശം 27 ൽ പരം നിർധന കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ കിറ്റുകളും മരുന്നുകളും എത്തിച്ചു നൽകുന്ന പഞ്ചവർണ്ണക്കിളികൾ ചാരിറ്റി കൂട്ടായ്മയുടെ പ്രസിഡന്റ്, ഗാന്ധിഭവൻ ജീവകാരുണ്യ കൂട്ടായ്മ, മഹാത്മജി സ്മാരക ഗ്രന്ഥശാല ജോയിന്റ് സെക്രട്ടറി, തണൽ റവന്യൂ ടവർ, ഡോ. എ.പി.ജെ അബ്ദുൾകലാം സ്റ്റഡിസെന്റർ, അസോസ്സിയേഷൻ ഓഫ് ചാരിറ്റബിൾ & കൾച്ചറൽ ഓർഗണൈസേഷൻസ് ഓഫ് കേരള, ഹൃദ്യം ചാരിറ്റബിൾ ട്രസ്റ്റ്, സ്നേഹപ്പച്ച കൂട്ടായ്മ, കേരളത്തിലെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെയുള്ള വൃദ്ധസദനങ്ങളെ ചേർത്തുപിടിച്ച് സഹായിക്കുന്ന ആൾട്ടൺഹൈം വാട്സ് ആപ്പ് ഗ്രൂപ്പ്, സാന്ത്വനം ചാരിറ്റബിൾ സൊസൈറ്റി, എ.എം.ഡി.എസ് സ്നേഹക്കൂട്ടായ്മ, രവീന്ദ്രനാഥ ടാഗോർ പീസ് ഓർഗനൈസേഷൻ, സാന്ത്വനം ഫ്രണ്ട്സ് കൂട്ടായ്മ ചാരിറ്റബിൾ ട്രസ്റ്റ്, ജീവന ചാരിറ്റബിൾ സൊസൈറ്റി, ജീവധാര ഇന്റർനാഷണൽ ചാരിറ്റബിൾ ട്രസ്റ്റ്, എസ്.എച്ച്.ആർ ഹ്യൂമൻ റൈറ്റ്സ് ഫൗണ്ടേഷൻ, പി.കെ.സി.കെ ബ്ലഡ് ഡോണേഴ്സ് ഗ്രൂപ്പ് അഡ്മിൻ, തണൽ സൗഹൃദ കൂട്ടായ്മ, വിശപ്പുരഹിത പുതിയകാവ്, ടീം പാലിയേറ്റീവ് വോളന്റിയർ ഗ്രൂപ്പുകളിലും അംഗം. വിവിധ രക്തദാന പാലിയേറ്റീവ്, ജീവകാരുണ്യ സാന്ത്വന സാമൂഹിക സാംസ്ക്കാരിക പരിചരണ രംഗത്തും സജീവം.

### ഷാജി, പൊയിൽക്കാവ്

നിള പരസ്യകല ഉള്ളിയേരി" എന്ന സ്ഥാപനത്തിലൂടെയാണ് കലാരംഗത്ത് പ്രവേശിക്കുന്നത്. ആദ്യകാലത്ത് നിരവധി നാടകങ്ങൾ, സീരിയലുകൾ, സ്റ്റേജ് ഷോകൾ, നൃത്തനൃത്യങ്ങൾ എന്നിവയ്ക്കുവേണ്ടി ചായവും ചമയവും പരസ്യകലയും ഒരുക്കി. പിന്നീട് 6 കലാകാരന്മാരെ സഹായികളാക്കി ചേർത്ത് ’ശിൽപ്പ മുദ്ര’ എന്ന കലാസ്ഥാപനമാരംഭിക്കുകയും കേരളീയ ചുമർചിത്രകലാരീതിയിൽ നിന്നും കർണ്ണാടകയിലെ ’ഹൊയ്സാല’ ശിൽപ്പകലാരീതിയിൽ നിന്നും ആർജ്ജിച്ച അറിവുകളെ ചേർത്തിണക്കി കളിമണ്ണിലും സിമന്റിലും ഫൈബറിലുമായി വേറിട്ട പുതിയ ശിൽപ സൗന്ദര്യ രീതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. 66 ക്ഷേത്രങ്ങൾ, മുപ്പതിലധികം റിസോർട്ടുകൾ, പാർക്കുകൾ, നാനൂറിലധികം വീടുകൾ സ്കൂളുകൾ, കോളേജുകൾ എന്നിവയിലൂടെ 2000- ത്തിലധികം ശിൽപ രചനകൾ നടത്തുകയുണ്ടായി. ചടയമംഗലത്തെ ജഡായു പാർക്ക് ഉൾപ്പെടെ വിവിധയിടങ്ങളിൽ ചെയ്ത ശിൽപ്പങ്ങൾ ഏറെ ശ്രദ്ധ നേടുകയുണ്ടായി. ദക്ഷിണേന്ത്യയുടെ പല ഭാഗങ്ങളിലായി മുപ്പതിലേറെ കലാകാരന്മാർ മികച്ച വേതനത്തോടെ സ്ഥിരമായി ജോലി ചെയ്യുന്ന സ്ഥാപനമായി ശിൽപ മുദ്ര മാറി. വേൾഡ് ആർട്ട് ഓർഗനൈസേഷൻ കൊൽക്കത്ത, ആസ്സാം, ലളിത് കലാകേന്ദ്ര, അജന്ത എല്ലോറ ആർട്ട് ഗാലറി മധ്യപ്രദേശ്, വിദ്യാഭാരതി, കലാഭവൻ ബംഗാൾ എന്നിവിടങ്ങളിൽ നിന്നും ദേശീയ പുരസ്കാരങ്ങളും കേരളത്തിലെ നിരവധി ക്ഷേത്രങ്ങളിൽ നിന്നും ശിൽപ്പി രത്നം പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

### സഫീർഖാൻ മന്നാനി

നെടുമങ്ങാട് പനവൂർ സ്വദേശി. കാരുണ്യ പ്രവർത്തകൻ. സ്നേഹസാഗരം ഫൗണ്ടേഷൻ ജനറൽ സെക്രട്ടറി, കനിവ് സ്പെഷ്യൽ സ്കൂൾ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. കഴിഞ്ഞ 10 വർഷക്കാലമായി സ്നേഹസാഗരം ഫൗണ്ടേഷൻ എന്ന സ്ഥാപനം വഴി ആരോരുമില്ലാത്തവരെ ഏറ്റെടുത്ത് അവരെ പാർപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. സ്നേഹസാഗരം ഫൗണ്ടേഷൻ നിലവിൽ ആറ്റിങ്ങൽ ചിറയിൻകീഴ് നൈനാംകോണത്ത് പ്രവർത്തിക്കുന്നു. മടത്തറ വളവുപച്ച നെടുമങ്ങാട് പനവൂർ എന്നിവിടങ്ങളിലും ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആറോളം ആംബുലൻസുകൾ സർവീസ് നടത്തുന്നുണ്ട്. കോവിഡ് ബാധിച്ച് രമിച്ച 180 ഓളം പേരുടെ മൃതദേഹങ്ങൾ ഏറ്റെടുത്ത് അവരവരുടെ ആചാരപ്രകാരം സംസ്കരിച്ചു. നിർധനരായ ആളുകൾക്ക് പരസഹായത്തോടെ ചികിത്സ ലഭ്യമാക്കി. തിരുവനന്തപുരത്ത് ആർ.സി.സി.യിലും മെഡിക്കൽ കോളേജിലും മറ്റു ഹോസ്പിറ്റലുകളിലും രോഗികൾക്ക് ആവശ്യമായ രക്തം നൽകുന്നതിന്റെ പ്രവർത്തനത്തിനും നേതൃത്വം നൽകിയിട്ടുണ്ട്.



സെബി ചിരിയംകണ്ടത്ത്


അബ്ദുൽ ജബ്ബാർ പി.കെ.


എസ്.ബിജു



ലതാ അനുപ് ആലയത്ത്



രാജേഷ് കണ്ണൻ

### സെബി ചിരിയംകണ്ടത്ത്

തിരുവനന്തപുരം വട്ടിയൂർക്കാവ് സ്വദേശി. എനാർച്ച് (എനാർക്ക്) കൺസ്ട്രക്ഷൻ കമ്പനിയുടെ എം.ഡി ആണ്. 35 വർഷത്തിലധികമായി മിഷണറി ഓഫ് ചാരിറ്റിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. പഠന മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകി വരുന്നു. അശരണരായ രോഗികൾക്കുവേണ്ടി വീടുകൾ നിർമ്മിച്ച് നൽകുന്നു. മട്ടുപ്പാവ് കൃഷിക്കുള്ള 2015 ലെ ആദരവിനർഹമായി. രാഷ്ട്രദീപികയുടെ അവാർഡ്, സത്യാന്വേഷണ ചാരിറ്റബിൾ സൊസൈറ്റിയുടെ ജീവകാരുണ്യ പ്രവർത്തനത്തിനുള്ള ആദരവ്, യൂത്ത് ബ്രിഗേഡ് സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനത്തിലുള്ള ആദരവ്, തിരുവനന്തപുരം ലൂർദ് ഫെറോനയിലെ യുവ ദീപ്തി പുരസ്കാരം, കാക്കശ്ശേരി LP സ്കൂളിന്റെ പ്രത്യേക ആദരം ചങ്ങനാശേരി രൂപതയുടെ പുരസ്കാരം, സോഷ്യലിസ്റ്റ് സാംസ്കാരിക സംഘടനയുടെ മദർതെരേസ അവാർഡ്, കൃഷി വകുപ്പിന്റെ 2025-2026-ലെ മട്ടുപ്പാവ് കൃഷിക്കുള്ള ആദരവ് എന്നിവ ലഭിച്ചിട്ടുണ്ട്.

### അബ്ദുൽ ജബ്ബാർ പി.കെ.

മലപ്പുറം ഇടപ്പാൾ സ്വദേശി.ആർട്ടിസ്റ്റ്. മയക്ക് മരുന്നിനെതിരെ ബോധവൽക്കരണപരിപാടികൾ നടത്തുന്നു. സാമൂഹ്യ സാംസകാരിക രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു. വിവിധ സ്ഥാപനങ്ങൾക്ക് 300 ഓളം ലോഗോകൾ രൂപകൽപന ചെയ്യുകയും 60 ഓളം ശിഷ്യൻമാരെ വാർത്തെടുക്കുകയും ചെയ്തു. പരസ്യകലാസമിതി സംസ്ഥാന ട്രഷറർ, അണ്ണക്കംപാട് ജുമാ മസ്ജിദ് വൈ. പ്രസിഡണ്ട്, എടപ്പാൾ സ്പോർട്ട്സ് & ആർട്സ് ക്ലബ് ട്രഷറർ, അണ്ണക്കംപാട് ലസാക്ക് ക്ലബ് രക്ഷാധികാരി, എടപ്പാൾ ചുങ്കം മദ്റസ മാനേജ് കമ്മിററി അംഗം, എടപ്പാൾ ഹയർ സെക്കന്ററി സ്കൂൾ ടങ്ങഇ കമ്മറ്റി അംഗം, വെറുർ അനസൂൾ എത്തിക്സ് കമ്മിറ്റി ചെയർമാൻ, ദുബായ് ഞലറ യൗഹഹ ഇമ്മീള ആൃ എക്സിബിഷനിൽ പങ്കെടുത്തു സ്പെഷ്യൽ ജൂറി പുരസ്കാരം ലഭിച്ചു. എടപ്പാൾ പഞ്ചായത്ത് വർഷം തോറും നടത്തുന്ന ഓണാഘോഷത്തിൽ സ്റ്റാച്ചു നിർമ്മാണ നേതൃത്വം നൽകുന്നു

### എസ്.ബിജു

നെടുമങ്ങാട് പരുത്തിക്കുഴി സ്വദേശി. കൊത്തുപണികൾ, ക്ഷേത്രപ്പണികൾ, മുസ്ലീം പള്ളിപ്പണികൾ എന്നിവ ചെയ്യുന്നു. റോക്കറ്റ്, ചന്ദ്രയാൻ എം-3, എം-4, ഇവ തടിയും പി.വി.. സി.പൈപ്പ്, ഇരുമ്പ് മുതലായവ ഉപയോഗിച്ച് നിർമ്മിച്ചു. പഠിച്ച പരുത്തികുഴി ഗവ.എൽ.പി.എസ്. വിദ്യാലത്തിന് ചന്ദ്രയാൻ എം -4 റോക്കറ്റ് മാതൃക നിർമ്മിച്ച് വർണ്ണകൂടാരം പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളിന് സമ്മാനിച്ചു. ഉഴമലയ്ക്കൽ ലക്ഷ്മിമംഗലം ദേവി ക്ഷേത്രം, പാപ്പനംകോട് പട്ടാരത്ത് ക്ഷേത്രങ്ങളുടെ പണികൾ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തലങ്ങളിൽ നിന്ന് അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ചന്ദ്രയാൻ എം.4 നിർമ്മിച്ചതിനും ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### ലതാ അനുപ് ആലയത്ത്

തിരുവനന്തപുരം വട്ടിയൂർക്കാവ് സ്വദേശി. കാരുണ്യ പ്രവർത്തക. സ്വന്തം സഹോദരൻ രക്താർബ്ബുദ ബാധിതനായി. ക്യാൻസർ രോഗികൾക്കും അനാഥരായ രോഗികൾക്കും കഴിയുന്നതൊക്കെ ചെയ്യണമെന്ന് തീരുമാനിച്ചു. മെഡിക്കൽ കോളേജിലെ നിർദ്ധനരായ, ക്യാൻസർ രോഗികൾക്ക് ഭക്ഷണവും വസ്ത്രവും ഒക്കെ സംഭരിച്ചു കൊടുക്കുന്ന ചില പ്രവർത്തനങ്ങളാരംഭിച്ചു. കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷമായി അതു തുടരുന്നു. കാരുണ്യവതികളായ ചില ബന്ധുക്കളേയും സുഹൃത്തുക്കളേയും കൂടെക്കൂട്ടി. ഈ ആതുരപ്രവർത്തനങ്ങൾ ഞഇഇയിലേക്കും വ്യാപിപ്പിച്ചു. നിർദ്ധനർക്കായി ഒരു സൗജന്യ ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്താനും കഴിഞ്ഞു. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മൈത്രി ക്യാൻസർ സെന്റർ എന്ന സംഘടനക്കു രൂപം കൊടുത്തു. ക്യാൻസർ വാർഡുകളിലെ പ്രവർത്തനങ്ങൾ കൂടാതെ മെഡിക്കൽ കോളേജിലെത്തുന്ന അനാഥരുടെ ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിലും പ്രവർത്തനങ്ങൾ തുടരുന്നു. ഇത്തരം അനാഥരെ ചികിത്സക്കു ശേഷം അനാഥാലയങ്ങൾക്കു കൈമാറുന്ന പ്രവർത്തനങ്ങളും നടത്തിവരുന്നു.

### രാജേഷ് കണ്ണൻ

പാലക്കാട് സ്വദേശി, പതിനേഴ് വർഷത്തിലേറെ ഹെയർ ബ്യൂട്ടി, സ്റ്റൈലിംഗ് രംഗങ്ങളിൽ പ്രവർത്തിക്കുന്നു. പ്രൊഫഷണലും, ഏജ്യുക്കേറ്ററുമാണ്. ബ്യൂട്ടി എജ്യുക്കേഷൻ മേഖലകളിൽ ധാരാളം സംഭാവനകൾ നൽകിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ കോസ്മെറ്റിക് ഹോൾസെയിൽ വിതരണ രംഗത്തും നാല് വർഷത്തെ പ്രായോഗിക പരിചയം കൈവരിച്ചിട്ടുണ്ട്. റോയൽ ബ്യൂട്ടി ഈവന്റ്സ് ഇന്ത്യ എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ കൂടി ആണ്. ഹൈലൈറ്റ് മേക്കപ്പ് ഷോകൾ, ബ്യൂട്ടി സെമിനാറുകൾ, മാസ്റ്റർ ക്ലാസ്സുകൾ, ഹാൻഡ്സ് ഓൺ വർക്ക്ഷോപ്പുകൾ എന്നിവ കേരളത്തിലും, തമിഴ്നാടിലും വിജയകരമായി സംഘടിപ്പിക്കുന്നു. 500-ലധികം ട്രെയിനിംഗ് പ്രോഗ്രാമുകൾ വിജയകരമായി നടത്തുകയും, നൂറ് കണക്കിന് ബ്യൂട്ടിഷൻമാരേയും, സ്റ്റൈലിസ്റ്റുകളെയും പ്രചോദിപ്പി ക്കുകയും ചെയ്തിട്ടുണ്ട്.

# 'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



ഖുറൈഷി. എം



നാട്യശ്രീ ജമ ബാബു



രോഹിത് എസ്. രോഹിത്



ഗിരി.കെ.എസ്.

## ഖുറൈഷി. എം

കൊല്ലം ഉമയനല്ലൂർ സ്വദേശി. പാലിയേറ്റീവ് നഴ്സ്, ജില്ലാ സെക്രട്ടറി & സ്റ്റേറ്റ് എക്സിക്യൂട്ടീവ് മെമ്പർ,പാലിയേറ്റീവ് നഴ്സസ് അസോസിയേഷൻ ജില്ല സെക്രട്ടറി, മഹിളാ അസോസിയേഷൻ വില്ലേജ് സെക്രട്ടറി, കുടുംബശ്രീ സി.ഡി.എസ്. മെമ്പർ, കുടുംബശ്രീ എ.ഡി.എസ്. പ്രസിഡന്റ്, ചൈൽഡ് പ്രൊട്ടക് ടീമിന്റെ സ്റ്റേറ്റ് കൗൺസിലിംഗ് മെമ്പർ, ചൈൽഡ് പ്രൊട്ടക്ട് വനിതാ ചെയർപേഴ്സൺ, പാലിയേറ്റിവ് കെയർ കൊല്ലം ജില്ലാ സെക്രട്ടറി. തളിർ അനാഥാലായം കമ്മറ്റി പ്രസിഡന്റ്, എച്ച്.ആർ.എസ്.എം. സെക്രട്ടറി, റൈസിംഗ് കൊട്ടിയം സംഘടനാ മെമ്പർ, ഖുറൈഷി ഇത്തായും പിള്ളേരും വാട്സ് ആപ് ചാരിറ്റി കൂട്ടായ്മ സെക്രട്ടറി. ഇതര സേവന രംഗത്ത് മികച്ച സാമൂഹിക സേവനം കാഴ്ചവച്ചതിന് മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ അംഗീകാരം, ആതുര സേവനത്തിന് മലയാളം ന്യൂസ് ചാനലിന്റെ സ്നേഹാദരവ്, ഗാന്ധിസ്മൃതി അംഗീകാരം, കേരള പാലിയേറ്റീവ് നഴ്സസ് ഫെഡറേഷൻ അംഗീകാരം, പേരയം പബ്ലിക് ലൈബ്രറിയുടെ മികച്ച കാരുണ്യ സേവന അംഗീകാരം, ചൈൽഡ് പ്രൊട്ടക്ട് ടീം സ്നേഹാദരവ്, തണൽ സാധുജന സംരക്ഷണ സമിതി സ്നേഹാദരവ്, ജനശ്രീ തൃക്കോവിൽവട്ടം മണ്ഡലം സ്നേഹാദരവ്, കോവിഡ് മുന്നണി പോരാളി ആദരവ്, പ്രദീക്ഷാ സോഷ്യൽ അസോസിയേഷന്റെ സ്നേഹാദരവ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

## നാട്യശ്രീ ജമ ബാബു

പാലക്കാട് നെന്മാറ സ്വദേശി. 17 വർഷമായി നൃത്തരംഗത്ത് അധ്യാപനം നടത്തിവരുന്നു. പാലക്കാട് ജില്ലയിൽ നൃത്തപഠനത്തിനുവേണ്ടി 5 സ്ഥാപനങ്ങൾ നിലവിൽ ഉണ്ട്. 3 വയസ്സുമുതൽ 67 വയസ്സുവരെയുള്ളവർ ആണ് പഠനകേന്ദ്രത്തിൽ ഉള്ളത്. സർക്കാർ ഉദ്യോഗാർത്ഥികൾക്ക് വേണ്ടിയും പഞ്ചായത്ത്, ബ്ലോക്ക്, കുടുംബശ്രീ എന്നിവർക്ക് വേണ്ടി നടത്തുന്ന കലാവേളയിലും വീട്ടമ്മമാർക്കും പ്രത്യേകം പരിശീലനം നൽകി പങ്കെടുപ്പിക്കുന്നു. 2022 ൽ നാട്യശ്രീ പുരസ്കാരവും 2023 ൽ നടനകലാപുരസ്കാരവും ലഭിച്ചിട്ടുണ്ട്. പാലക്കാട് നെന്മാറയിലെ സാംസ്കാരിക സംഘടനയായ കേളിയിൽ നിന്നും ആദരവ് ലഭിച്ചിരുന്നു. പാലക്കാട് ജില്ലയിലെ മലയാള കലാകാരന്മാരുടെ ദേശീയ സംഘടനയായ നന്മയിലെ Executive member ആണ്. 4 വർഷത്തോളമായി കൗൺസിലർ ആയും ഹിപ്നോതെറാപ്പിസ്റ്റായും സേവനമനുഷ്ഠിക്കുന്നുണ്ട്. മാനസം എന്ന പേരിൽ വീട്ടിൽ ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിച്ച് വരുന്നു. കുട്ടികൾക്ക് കലാപരമായും സാമൂഹ്യപരമായും യോജിക്കുന്ന രീതിയിൽ നൃത്തത്തിലൂടെയും മറ്റ് വിനോദങ്ങളിലൂടെയും പ്രത്യേക ക്ലാസുകൾ നടത്തിവരുന്നു.

## രോഹിത് എസ്. രോഹിത്

കൊല്ലം മേലില സ്വദേശി. മാധ്യമപ്രവർത്തകൻ, ആത്മീയ പ്രവർത്തകൻ. വിവിധ ചാനലുകളിൽ എഡിറ്റർ, ചീഫ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു.തുടർന്ന് ആത്മീയ ദർശനങ്ങളെ ലോകസമൂഹത്തിന് മുന്നിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ അബാക് മീഡിയ എന്നൊരു സോഷ്യൽ മീഡിയയ്ക്ക് രൂപം നൽകി. ഇതുകൂടാതെ ഫസ്റ്റ് വെബ്പോർട്ടലിന്റെ ചീഫ് എഡിറ്ററും, മാനേജിംഗ് ഡയറക്ടറുമായിരുന്നു. യഥാർത്ഥ ആത്മീയ അനുഭവങ്ങളെ കോർത്തിണക്കിയ ആത്മാവ് പറയാൻ ബാക്കിവച്ചത് എന്ന പുസ്തകം രചിച്ചു. സമകാലീന സംഭവങ്ങളെ കോർത്തിണക്കി പോക്സോ എന്ന നോവൽ പൂർത്തിയായി കൊണ്ടിരിക്കുന്നു, അബാക്ക് പബ്ലിക്കേഷൻ എന്ന പ്രസിദ്ധീകരണ സ്ഥാപനത്തിന് രൂപം നൽകുകയും വിവിധ വിഷയങ്ങളിൽ നൂറോളം രചനകൾ ജനങ്ങളിലേയ്ക്ക് എത്തിക്കുകയും ചെയ്തു. ആത്മീയ ലോകത്തെ വിവിധ മേഖലകളിൽ നിന്നുള്ള ആചാര്യന്മാരെ അണിനിരത്തി മൂന്നു ജില്ലകളിൽ അവതരിപ്പിച്ച “ഗുരുക്കൻമാരോടൊപ്പംഒരു ദിവസം” എന്ന പ്രോഗ്രാം അവതരിപ്പിച്ചു.

## ഗിരി.കെ.എസ്.

കൊല്ലം ഇളമ്പല്ലൂർ സ്വദേശി. കഥ, കവിത, യാത്രാവിവരണങ്ങൾ എന്നിവ എഴുതുന്നു. ഏഴോളം വിവിധ സാംസ്കാരിക സംഘടനകൾ ആദരിച്ചിട്ടുണ്ട്. 2023-ൽ സാഹിത്ത്യത്തിന് ആർദ്രം സൗഹൃദവേദിയും, സ്ത്രീശാക്തീകരണത്തിന് സംസ്ഥാന ശ്രേഷ്ഠഭാഷാ മലയാളം സംഘടനയും ആദരിച്ചിട്ടുണ്ട്. നിലവിൽ വക്കീലായി പ്രാക്ടീസ് ചെയ്യുന്നു.



ലതിക വിജയകുമാർ



പ്രീത കുമാർ.കെ.എസ്.



സന്ധ്യ പി പി (സന്ധ്യാ പ്രിയേഷ്)

## ലതിക വിജയകുമാർ

കൊല്ലം കൊട്ടാരക്കര സ്വദേശി, നോവലിസ്റ്റ്, ബാലസാഹിത്യകാരി, കഥാകൃത്ത്, ഗാനരചയിതാവ്. വസുധ, അവസ്ഥാന്തരങ്ങൾ എന്നീ നോവലുകൾ രചിച്ചിട്ടുണ്ട്. കിലുക്കാംപെട്ടി, കൊന്നപ്പൂക്കൾ എന്നീ ബാലസാഹിത്യകൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ധാരാളം ലളിതഗാനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവ രചിക്കുകയും അത് ആകാശവാണി തിരുവനന്തപുരം നിലയത്തിൽ പ്രക്ഷേപണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കിലുക്കാംപെട്ടി എന്ന ബാലസാഹിത്യകൃതിക്ക് സമന്വയം അവാർഡ്, സാഹിത്യമേഖലയിലെ സമഗ്രസംഭാവനയ്ക്ക് രാജശേഖരൻ സ്മാരക പുരസ്കാരം, ഗോപി കൊടുങ്ങല്ലൂർ സ്മാരക കഥപുരസ്കാരം തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്. കൊട്ടാരക്ക സംസ്കാര, കോട്ടയം പരസ്പരം വായനക്കൂട്ടം, മലയാളം കാവ്യസാഹിതി, കൊട്ടാരക്കര ഫിലിം സൊസൈറ്റി, കൊട്ടാരക്കര ശ്രീധരൻ ഫൗണ്ടേഷൻ, വൈലോപ്പിള്ളി കാവ്യസായാഹ്നം തുടങ്ങി ധാരാളം സംഘടനകളിൽ പ്രവർത്തിക്കുന്നു.

## പ്രീത കുമാർ.കെ.എസ്.

തിരുവനന്തപുരം കാരക്കോണം സ്വദേശി. കവിയത്രി, കഥാകൃത്ത്. ധാരാളം കവിതകൾ എഴുതിയിട്ടുണ്ട്. ഒരു നോവൽ പൂർത്തിയായികൊണ്ടിരിക്കുന്നു. ആകാശവാണി പുരാണ പാരായണ സെക്ഷനിൽ ബി ഗ്രേഡ് ആർട്ടിസ്റ്റായിരുന്നു. വ്യവസായ വകുപ്പിൽ ജോലി നോക്കിയിട്ടുണ്ട്. കാരക്കോണം വ്യാസ വിദ്യാലത്തിലെ ഹിന്ദി അദ്ധ്യാപികയാണ്. 2013 മുതൽ ഹിന്ദി പ്രചാർസഭ കേരളത്തിന്റെ പ്രചാരകയായി പ്രവർത്തിച്ചുവരുന്നു. കാരുണ്യ പ്രവർത്തക കൂടിയാണ്. സാധുക്കൾക്ക് വസ്ത്രം, ഭക്ഷണം, എന്നിവയും നൽകാറുണ്ട്. കുട്ടികൾക്ക് സൗജന്യമായായിട്ട് ക്ലാസ്സുകൾ എടുത്തുകൊടുക്കുന്നുണ്ട്. മൈ ഹോം കാരകോണം എന്ന പേരിൽ യൂട്യൂബിൽ ഒരു ചാനൽ പ്രവർത്തിച്ചുവരുന്നു. ഈ വർഷത്തെ എ.പി.ജെ.അബ്ദുൾകലാം ഫൗണ്ടേഷന്റെ ബെസ്റ്റ് റൈറ്റർ പുരസ്കാരം ലഭിച്ചു. പ്രഭാത് ലിറ്ററി ഫെസ്റ്റ് അവാർഡും. ഇക്കഴിഞ്ഞ ആയിരംപേർ ദേശത്തിനായി പാടുന്നു എന്നതിന് ഗിന്നസ് വേൾഡ് റിക്കാർഡ് ലഭിച്ചിട്ടുണ്ട്.

## സന്ധ്യ പി പി (സന്ധ്യാ പ്രിയേഷ്)


കോഴിക്കോട് മടവൂർ എരവന്നൂർ സ്വദേശി. നൃത്ത കലയിൽ പരിശീലനം നൽകി പ്രവർത്തിക്കുന്ന വ്യക്തിയാണ്. വർഷത്തോളമായി നൃത്ത മേഖലയിൽ പരിശീലനം നൽകി വരുന്നു 10 വയസ്സുമുതൽ ഇപ്പോഴും വിവിധ വേദികളിൽ നൃത്തം അവതരിപ്പിക്കുകയും വിജയിക്കുകയും ചെയ്യുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിൽ ആയതിനാൽ കുഞ്ഞുനാളിൽ തന്നെ നൃത്തത്തോടുള്ള അമിത താൽപര്യം കാരണം ഗുരുനാഥരുടെയും പിന്തുണയോടുകൂടിയാണ് നൃത്തം പഠിക്കാനും അവതരിപ്പിക്കാനും കഴിഞ്ഞത്. പതിനെട്ടാം വയസ്സിൽ നൃത്തം പരിശീലിപ്പിക്കാൻ തുടങ്ങി. സ്കൂൾ വാർഷികത്തിലും സബ്ജില്ലാ, ജില്ലാ, സംസ്ഥാനതലത്തിലും കുട്ടികളെ നൃത്തം പഠിപ്പിച്ച് വേദികളിൽ എത്തിച്ചു. ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി, കേരള നടനം, ഓട്ടൻതുള്ളൽ, നാടോടി നൃത്തം, തിരുവാതിര, സംഘനൃത്തം, നൃത്ത ശില്പങ്ങൾ, തുടങ്ങിയ വിവിധ നൃത്തങ്ങൾ പരിശീലിപ്പിക്കുന്നു. 15 വർഷമായി തത്വമസി നൃത്ത വിദ്യാലയം നടത്തിവരുന്നു. സബ്ജില്ലാ ജില്ലാ സംസ്ഥാനതലത്തിൽ കുട്ടികൾ വിജയം കൈവരിച്ചു വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ പരിശീലനം നൽകുന്നു. മലയാള കലാകാരന്മാരുടെ സംഘടനയായ നന്മയുടെ തുടർച്ചയായി മൂന്നുവർഷം സെക്രട്ടറിയും മേഖലാ ജോയിൻറ് സെക്രട്ടറിയുമാണ് അധ്യാപകരുടെ സംഘടനയിലെ എക്സിക്യൂട്ടീവ് അംഗമായി പ്രവർത്തിച്ചുവരുന്നു.



പി.കെ. രാമചന്ദ്രൻ



സുനീലി



അനിൽ പരുത്തിക്കുഴി



രാജേന്ദ്രൻ വീരണകാവ്

## പി.കെ. രാമചന്ദ്രൻ

തൃക്കാക്കര സ്വദേശി. പരിസ്ഥിതി പ്രവർത്തകൻ. 1979 ൽ കേരള റബ്ബർ ബോർഡിൽ ജോലിയിൽ പ്രവേശിച്ചു. പരിസ്ഥിതി പ്രവർത്തനത്തിന്റെ ഭാഗമായി ആകാശവാണി എഫ്.എം. നിലയത്തിൽ പ്രഭാഷണങ്ങൾ ആരംഭിച്ചു. പത്രങ്ങളിൽ ഫീച്ചറുകൾ തയ്യാറാക്കുന്നതിൽ വിവരങ്ങൾ കൊടുക്കാറുണ്ട്. 2018-19 ൽ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ എറണാകുളം ജില്ലാ കോർഡിനേറ്റർ ആയി പ്രവർത്തിച്ചിരുന്നു. ജില്ലയിലെ ഒൻപത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പോയി ജനകീയ ജൈവവൈവിധ്യം രജിസ്റ്റർ തയ്യാറാക്കൽ പുതുക്കൽ എന്നിവയ്ക്ക് നേതൃത്വം നൽകി. കൊച്ചി കോർപ്പറേഷനിലും 25 ഘടഏ കളിലും പ്യൂപ്പിൾ ബയോക്ലീൻ സിറ്റി രജിസ്ട്രർ തയ്യാറാക്കി. 2007 ൽ തന്റെ കുടുംബത്തിലെ പൊന്നക്കുടം കാവിന് സംസ്ഥാന വനം വകുപ്പിന്റെ കാവ് സംരക്ഷണ ധനസഹായം ലഭിച്ചപ്പോൾ കാവിൽ സ്ക്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും പ്രകൃതി സ്നേഹികൾക്കം ചർച്ചാ ക്ലാസ്സുകൾ മുതൽ സിനിമ വരെ സംഘടിപ്പിച്ചു. ഭൗമദിനം, മണ്ണ് ദിനം പരിസ്ഥിതി ദിനം തുടങ്ങിയ ദിനാചരണങ്ങൾ സംഘടിപ്പിക്കുകയും കൂടാതെ ചെടികളും വൃക്ഷതൈനടലിനും ക്ലാസ്സുകൾ എടുക്കുന്നതോടൊപ്പം എനർജി മാനേജ്മെന്റ് സെന്ററുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു. 2020ൽ മികച്ച രീതിയിൽ കൃഷി നടത്തുവാൻ തുടങ്ങി. ബയോഗ്യാസ് പ്ലാന്റിൽ നിന്നും കിട്ടുന്ന ടഹൗൃ്യ പ്രധാന വളമാക്കികൊണ്ടു ജൈവ കൃഷിയിൽ മുന്നേറ്റം സൃഷ്ടിച്ചു. കളമശേരി മുൻസിപ്പാലിറ്റിയിലെ മികച്ച നൂതന കർഷകനുള്ള അവാർഡ് മത്സ്യകൃഷി, മെഡിക്കൽ ക്യാമ്പ്, കുട്ടികൾക്ക് പഠന സഹായം, വേനൽക്കാലത്ത് പക്ഷികൾക്ക് ദാഹജലസംഭരണം, ആശുപത്രികളിലെ രോഗികൾക്ക് മരുന്നും ഭക്ഷണവും എത്തിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നു. പി.കെ. രാമചന്ദ്രൻ 2024 ൽ പ്രതിഭാപുരസ്ക്കാരത്തിന് അർഹനായി.

## സുനീലി

രാജ്യത്തെ മികച്ച തെങ്ങുകയറ്റ പരിശീലക- ഇലകമൺ സ്വദേശിനി. പെൺകരുത്തിന് നിരവധി ദേശീയ പുരസ്ക്കാരങ്ങൾക്ക് അർഹയായി. നാളികേര വികസന ബോർഡിന്റെ മികച്ച തെങ്ങുകയറ്റ പരിശീലകയ്ക്കുള്ള ദേശീയ പുരസ്ക്കാരം ഉൾപ്പെടെ അന്താരാഷ്ട്ര വനിതദിനം 2024 മാർച്ച് 8ന് കേരള സർക്കാർ വനിതാ ശിശു വികസനവകുപ്പിന്റെ പുരസ്ക്കാരം കാർഷിക വകുപ്പ് കേരളാ സർക്കാറിന്റെ റിസർച്ച് ടെസ്റ്റിന്റെ ട്രെയിനിങ് സെന്റർ വെള്ളയാണിയുടെ സർട്ടിഫിക്കറ്റ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ സെന്റർ സോഷ്യൽ ഇക്കണോമിക്സ് ഡെവലപ്മെന്റെ (C.S.E.D) യുടെ സർട്ടിഫിക്കറ്റിന് അർഹയാണ്, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് കേരളയുടെ അവാർഡിന് അർഹയായി. റൂറൽ ഡിസ്ട്രിക് പോലീസ് ട്രെയിനിങ്ങിന്റെ ട്രിവാൻഡ്രം കൾച്ചറൽ നവി മുംബൈ പോലീസ് കമ്മീഷന്റെ Participation സർട്ടിഫിക്കറ്റ് തുടങ്ങി ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിൽ നിന്നും മികവുറ്റ ബഹുമതികൾക്ക് അർഹയായ ഒരു മികച്ച കർഷകകൂടിയാണ്.

## അനിൽ പരുത്തിക്കുഴി

തിരുവനന്തപുരം പരുത്തിക്കുഴി സ്വദേശി. കലാസാംസ്കാരിക മേഖലയിലും സാഹിത്യമേഖലയിലും മികവുറ്റ പ്രവർത്തനങ്ങൾ നടത്തിവരുന്നു. എഴുത്തും പുറം സാഹിത്യ വേദിയുടെ 2025 ലെ എക്സലൻസി അവാർഡ്, ഗ്രാമീണ ഗ്രന്ഥശാലയുടെ സാഹിത്യ അവാർഡ്, കേരള ആർട്സ് ഗ്രന്ഥശാല അവാർഡ്, ജനയുഗം ചാരിറ്റബിൾ അവാർഡ് എന്നിവയ്ക്ക് അർഹനാണ്. ലഹരിവിരുദ്ധ പ്രചരണാർത്ഥം നാടകാവതരണത്തിനും കുട്ടികളുടെ നാടക കളരി, അമച്വർ നാടകഗ്രൂപ്പ്, ഏകാങ്ക നാടക മത്സരങ്ങളിലും നിരവധി അംഗീകാരങ്ങൾക്ക് അർഹനാണ്. 125 ഓളം കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കഥയും നോവലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## രാജേന്ദ്രൻ വീരണകാവ്

തിരുവനന്തപുരം വീരണകാവ് സ്വദേശി. നാടക നടൻ, സംസ്ഥാന പോലീസ് സേനയിൽ 32 വർഷം സേവനം അനുഷ്ഠിച്ചു. SHO ആയി വിരമിച്ചു. സ്തുത്യർഹമായ സേവനത്തിന് മേലധികാരികളുടെ നിരവധി റിവാർഡുകൾ ലഭിച്ചിട്ടുണ്ട്. കലാ സാംസ്കാരിക മേഖലയിലും ഗ്രന്ഥശാലാപ്രസ്ഥാനത്തിലും സജീവമാണ്. എഴുത്തുകാരനാണ് തിരുവനന്തപുരം നഗരത്തിലെ മിക്ക കാവ്യസദസ്സുകളിലേയും നിറസാന്നിധ്യമാണ്.

# 'മഹാത്മാഗാന്ധിയും മണർക്കാട് പാപ്പനും'

(1 –ാം പേജിൽ നിന്നും തുടർച്ച)

ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും മറുപടി വന്നു. സ്ഥാപന മേധാവി അതിലെഴുതിയിരിക്കുന്നത് "ഈ ഫോട്ടോ കണ്ടാൽ ഇവിടെയെന്നല്ല ഒരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലും പ്രവേശനം ലഭിക്കില്ല."

സരസനായ ആ സ്ഥാപന മേധാവിക്ക് ഞാൻ മറുപടി എഴുതി. "പ്രിയ സുഹൃത്തേ, പ്രേം നസീറും, മധുവും, ഷീലയും, ജയഭാരതിയുമെല്ലാം സുന്ദരന്മാരും സുന്ദരികളുമാണ്. എന്നുകരുതി സിനിമയിൽ അവരുടെ അടുക്കളക്കാരിയും തോട്ടക്കാരനുമെല്ലാം അതുപോലെ സുന്ദരന്മാരും സുന്ദരികളുമായിരിക്കണമെന്നുണ്ടോ...?" കത്തുവായിച്ച സ്ഥാപന മേധാവി എനിക്കെഴുതി "സോറി, നിങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശനം നൽകിയിരിക്കുന്നു..."

ഫലിതം കൊണ്ട് ജനശ്രദ്ധ പിടിച്ചുപറ്റിയ രാഷ്ട്രീയ നേതാവായിരുന്നു ഇ.കെ. നായനാർ. നിയമസഭയിൽ അബ്കാരി ഭേദഗതി ബില്ലിനെക്കുറിച്ചുള്ള ചർച്ച നടക്കുകയാണ്. പ്രതിപക്ഷം സർവ്വശക്തിയും സമാഹരിച്ച് ട്രഷറി ബഞ്ചിനെ വലാക്കാൽ ആക്രമിക്കുകയാണ്. പ്രതിരോധിച്ചുകൊണ്ട് ഭരണപക്ഷവും. വകുപ്പ് തിരിച്ചുള്ള ചർച്ച നടക്കവേ ഇ.കെ. നായനാർ ചിരിച്ചുകൊണ്ട് പറഞ്ഞു: "ഇതിൽ ഏത് വകുപ്പ് പാസ്സാക്കിയാലും എനിക്ക് കുഴപ്പമൊന്നുമില്ല. ഞാൻ കള്ളുകുടിക്കാറില്ല!" ഉടനെ തന്നെ കോൺഗ്രസ് അംഗം കെ.കെ. ശ്രീനിവാസൻ എഴുന്നേറ്റ് ചോദിച്ചു: "സാർ, അങ്ങ് ഒളിവിൽ താമസിച്ചിരുന്ന കാലത്ത് കള്ളുകുടിക്കേണ്ടി വന്നിട്ടുണ്ടെന്ന് അങ്ങയുടെ ആത്മകഥയിൽ എഴുതിയിട്ടുണ്ടല്ലോ..?"

ഉടനെ തന്നെ ഇ.കെ. നായനാരുടെ മറുപടി: "അതേ; അന്ന് ഞാൻ കോൺഗ്രസ്സുകാരനായിരുന്നു..!"

അക്കാലത്ത് പൊതുജനങ്ങളുടെ ചോദ്യത്തിന് ഫോണിലൂടെ മുഖ്യമന്ത്രി മറുപടി പറയുന്ന പരിപാടിയുണ്ടായിരുന്നു. ഒരിക്കൽ ഒരു വിദ്യാർത്ഥി മുഖ്യമന്ത്രിയെ ഫോണിൽ വിളിച്ചു. "സാർ, ഞങ്ങളുടെ സ്കൂളിൽ അധ്യാപകരില്ല." ഇ.കെ. നായനാർ ആദ്യം ചോദ്യം വ്യക്തമായി കേട്ടില്ല. അദ്ദേഹം "ങേ" എന്ന് ചോദിച്ചു. അടുത്തുണ്ടായിരുന്ന പേഴ്സണൽ സ്റ്റാഫ് വിദ്യാർത്ഥിയുടെ ആവശ്യം ആവർത്തിച്ചു. ഉടനെ മുഖ്യമന്ത്രി നായനാരുടെ മറുപടി, അധ്യാപകരില്ലേ...? "അധ്യാപകരില്ലെങ്കിൽ നീ എങ്ങനെയാ വിദ്യാർത്ഥിയായത്...?" തുടർന്ന് വിദ്യാർത്ഥിയിൽ നിന്നും കൂടുതൽ വിവരങ്ങൾ ചോദിച്ചറിഞ്ഞ ശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഉറപ്പ് നൽകി.

ചെറു നർമ്മങ്ങൾ പലപ്പോഴും മാനസിക പിരിമുറുക്കത്തിന് അയവുവരുത്താറുണ്ട്, എസ്.എസ്.എൽ.സി റിസൾട്ടിന്റെ സമയം. റിസൾട്ട് അച്ചടിക്കാനുള്ള സൗകര്യത്തിനായും റാങ്ക് ലഭിച്ചവരെക്കണ്ട് അഭിമുഖസംഭാഷണം നടത്താനുമൊക്കെയായി ഫലപ്രസിദ്ധീകരണ ദിനത്തിന് ഒരു ദിവസം മുമ്പേ പത്രങ്ങൾക്ക് റിസൾട്ട് ലഭിക്കും. വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ പത്രസമ്മേളനത്തിൽ റാങ്ക് വിവരങ്ങളെല്ലാം മന്ത്രി പറയും. ഫലപ്രഖ്യാപന ദിവസം മാത്രമേ പ്രസിദ്ധീകരിക്കാവൂ എന്ന 'ബാർ' ഓടെയായിരിക്കും പത്ര സമ്മേളനം. ഒരിക്കൽ മന്ത്രിയുടെ പത്രസമ്മേളനം കഴിഞ്ഞു. പരീക്ഷാ ഭവനിൽ നിന്നും റിസൾട്ട് എത്താൻ വൈകുന്നതുകൊണ്ട് അത് പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും പത്രങ്ങൾക്ക് ലഭ്യമാക്കുമെന്ന് മന്ത്രി പറഞ്ഞു. ഉടനെതന്നെ പി.ആർ.ഡിയിൽ റിസൾട്ട് എത്തുന്നതാണെന്നും അറിയിച്ചു. പത്രലേഖകരെല്ലാം പബ്ലിക് റിലേഷൻസ് വകുപ്പിലേക്ക് നീങ്ങി. റിസൾട്ട് വരുമെന്നറിഞ്ഞതോടെയുള്ള വൻ തിരക്കായിരുന്നു പുറത്ത്. കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ട്യൂട്ടോറിയൽ കോളേജുകാരെല്ലാം റിസൾട്ട് നേരത്തെ ലഭിക്കുമോഎന്നറിയാൻ എത്തിയിട്ടുണ്ട്. വൈകുന്നേരം ആറു മണിക്ക് മന്ത്രിയുടെ പത്രസമ്മേളനം കഴിഞ്ഞുവെങ്കിലും പതിനൊന്നുമണിയായിട്ടും റിസൾട്ട് കെട്ടുകൾ എത്തിയില്ല. പത്രലേഖകരെല്ലാം അസ്വസ്ഥരായി കാത്തുനിൽക്കുകയാണ്. തലമുതിർന്ന പത്രപ്രവർത്തകനും വന്ദ്യവയോധികനുമായ വി.പി. മാധവൻനായർ മലയാള മനോരമയിലെ ഡി. വിജയകുമാർ, മാതൃഭൂമിയിലെ പി.ആർ. വാര്യർ അന്ന് കേരള പ്രസ് സർവ്വീസ് ലേഖകനായിരുന്ന ജി. ശേഖരൻ നായർ (പിന്നീട് മാതൃഭൂമി), കേരള കൗമുദിയിലെ വി.ടി. വർഗ്ഗീസ്, വീക്ഷണത്തിലെ വടയാർ ശശികുമാർ, ജനയുഗത്തിലെ ബി. മാണിക്യം, ദേശാഭിമാനിയിലെ ഏഴാച്ചേരി രാമചന്ദ്രൻ, എക്സ്പ്രസ് (മലയാളം) ലെ കെ.കെ. ചന്ദ്രശേഖരൻ നായർ, ജന്മഭൂമിയിലെ അജിത് വെണ്ണിയൂർ, ഹിന്ദുവിലെ കൃഷ്ണമൂർത്തി, ഇന്ത്യൻ എക്സ്പ്രസിലെ കെ. മാധവൻ കുട്ടി, സതേൺ സ്റ്റാറിലെ തൈക്കാട് രാജേന്ദ്രൻ, കേരള പത്രികയിലെ ജി. ദേവാനന്ദ് തുടങ്ങിയുള്ള എല്ലാ പത്രങ്ങളുടെയും അക്രഡിറ്റഡ് ലേഖകന്മാർക്കുപുറമെ ഓരോ പത്രങ്ങളിൽ നിന്നും കൂടുതൽ ലേഖകർ എത്തിയിരുന്നു. ഓരോ ജില്ലകളിലേയും ഓരോ വലിയ കെട്ടുകൾ വീതമാണ് റിസൾട്ട് ഉണ്ടാവുക.

പത്രലേഖകർ പരീക്ഷാഭവനിലെ മിനിലോറി എത്തുന്നതും കാത്തുനിൽപ്പാണ്. എല്ലാവരും നന്നേ മുഷിഞ്ഞു. വല്ലാത്ത പിരിമുറുക്കത്തിലുമായി. അപ്പോഴാണ് ദുശ്ശീലങ്ങൾ യാതൊന്നുമില്ലാത്ത ഖദർധാരിയായ അജിത് വെണ്ണിയൂരും നല്ല നിലയിൽ മദ്യം കഴിക്കുന്ന ബി. മാണിക്യവും തട്ടുകടയിൽ നിന്നും ചായകുടിച്ച ശേഷം മടങ്ങിവരുന്നത്. ഇതുകണ്ട ചന്ദ്രൻ (എക്സ്പ്രസ്) പറഞ്ഞു: "അതാ വരുന്നു മഹാത്മാഗാന്ധിയും മണർക്കാട് പാപ്പനും" ആകെ മാനസിക പിരിമുറുക്കത്തിൽ നിന്നിരുന്ന മുഴുവൻ പത്രലേഖകരും പൊട്ടിച്ചിരിച്ചുപോയി.

ഒരിക്കൽ യൂണിവേഴ്സിറ്റി കോളേജ് സംഘടിപ്പിച്ച പൂർവ്വ വിദ്യാർത്ഥി സംഗമത്തിൽ ഒരു രജിസ്റ്റർ വച്ചു. ഓരോരുത്തരും കോളേജിനെക്കുറിച്ചുള്ള അഭിപ്രായം രജിസ്റ്ററിലെ ഓരോ പേജിൽ എഴുതിയിടണം. മലയാളനാട് പത്രാധിപർ എസ്.കെ. നായരും സാഹിത്യകാരൻ തോപ്പിൽ രാമചന്ദ്രൻ പിള്ളയും ഒരുമിച്ചാണ് കോളേജിലെത്തിയത്. തോപ്പിൽ രാമചന്ദ്രൻ പിള്ള രജിസ്റ്ററിൽ എഴുതി: "ഇന്ന് ഞാൻ എന്തൊക്കെ ആയിട്ടുണ്ടോ അതിനെല്ലാം കാരണം ഈ കോളേജാണ്..." അടുത്തതായി വലതുവശത്തെ പേജിൽ എസ്.കെ. നായർ എഴുതി "എന്തിനാണ് വെറുതെ കോളേജിനെ പഴിക്കുന്നത്?"

# റൂത്ത് മോസ്കോ ഹാൻഡ്‌ലർ ബാർബി പാവ

(1 –ാം പേജിൽ നിന്നും തുടർച്ച)

വ്യത്യസ്ത സ്ത്രീ വസ്ത്രങ്ങളണിഞ്ഞ പാവകളുടെ ഒരു പ്രദർശനം കണ്ട് അത്ഭുതപ്പെട്ടു. അഞ്ച് വർഷം മുമ്പ് ഹാൻഡ്‌ലർ വിഭാവനം ചെയ്ത ഒരു ആശയവുമായി അവ വളരെ സാമ്യമുള്ളതായി കാണപ്പെട്ടു - മുതിർന്നവരുടെ ശരീരവും ഒന്നിലധികം വസ്ത്രങ്ങളുമുള്ള കുട്ടികളുടെ പാവ. മൂന്ന് വർഷങ്ങൾക്ക് ശേഷം അവർ അതിസുന്ദരിയായ ഒരു പാവ രൂപകൽപ്പന ചെയ്യുകയും ആ സൃഷ്ടിക്ക് തന്റെ മകൾ ബാർബറയുടെ പേരിടുകയും ചെയ്തു. 1959 മാർച്ച് 9 ന് ന്യൂയോർക്ക് കളിപ്പാട്ട മേളയിൽ ബാർബിയുടെ അരങ്ങേറ്റം കുറിച്ചു. പക്ഷേ അത് ഉടനടി വിജയിച്ചില്ല എങ്കിലും 1968 ആയപ്പോഴേക്കും ബാർബി ഫാൻ ക്ലബ് യുണൈറ്റഡ് സ്റ്റേറ്റ്സിൽ 1.5 ദശലക്ഷം അംഗങ്ങളായി വളർന്നു. 1993 ൽ, അതിന്റെ യഥാർത്ഥ ബോക്സിലെ 'രണ്ടാം ലക്കം' ബാർബി അയ്യായിരം ഡോളറിലധികം ലേലത്തിൽ വിറ്റു. 1970-ൽ, ഹാൻഡ്‌ലറുടെ ഒരു സ്തനം സ്തനാർബുദം മൂലം നഷ്ടപ്പെട്ടു. അസുഖം അവരുടെ നേതൃത്വത്തെ ബാധിച്ചു, ബിസിനസിന്റെ നിയന്ത്രണം അവർക്ക് നഷ്ടപ്പെട്ടു. പ്രധാന തീരുമാനങ്ങൾ അവരുടെ സമ്മതമില്ലാതെ എടുത്തിരുന്നു. 1975-ൽ ഹാൻഡ്‌ലറെ അവർ ആരംഭിച്ച കമ്പനിയിൽ നിന്ന് പുറത്താക്കി. ബിസിനസ്സിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും റൂത്ത് മോസ്കോ ഹാൻഡ്‌ലർ നിരവധി അവാർഡുകൾ നേടി. അവരുടെ ബഹുമതികളിൽ, വുമൺ ഓഫ് ദി ഇയർ ഇൻ ബിസിനസ് (ലോസ് ഏഞ്ചൽസ് ടൈംസ് ) ആയി തിരഞ്ഞെടുക്കപ്പെട്ടു, ടോയ് ഇൻഡസ്ട്രി ഹാൾ ഓഫ് ഫെയിമിൽ (ടോയ് മാനുഫാക്ചറേഴ്സ് ഓഫ് അമേരിക്ക) ഉൾപ്പെടുത്തി, വോളിയർ അച്ചീവ്മെന്റ് അവാർഡ് (അമേരിക്കൻ കാൻസർ സൊസൈറ്റി) നേടി, യുണൈറ്റഡ് ജൂത അപ്പീലിന്റെ ആദ്യത്തെ 'വുമൺ ഓഫ് ഡിസ്റ്റിംഗ്ഷൻ' ആയി. 2002 ഏപ്രിൽ 27 ശനിയാഴ്ച ലോസ് ഏഞ്ചൽസിലെ സെഞ്ച്വറി സിറ്റി ആശുപത്രിയിൽ വെച്ച് റൂത്ത് ഹാൻഡ്‌ലർ അന്തരിച്ചു.

## സംസ്കാര ഭാരതം കാവ്യസദസ്സ്

# കാവ്യസദസ്സിന്റെ ഉദ്ഘാടനം കെ.ആർ. അജയൻ നിർവ്വഹിച്ചു

**തിരുവനന്തപുരം:** സംസ്കാരഭാരതം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയായ കാവ്യസദസ്സ് കവടിയാർ സദ്ഭാവനാ ഭവനിൽ ദേശാഭിമാനി ദിനപ്പത്രത്തിന്റെ എഡിറ്റർ കെ.ആർ. അജയൻ ഉദ്ഘാടനം ചെയ്തു. നവംബർ മാസം അവതരിപ്പിച്ച കവിതകളുടെ സമാഹാരമായ കാവ്യമാല ഇതൾ പതിനെട്ട് എന്ന് പുസ്തകത്തിന്റെ പ്രകാശനകർമ്മവും കവി അരുവിക്കര വിൽഫ്രഡിന് പുസ്തകത്തിന്റെ പതിപ്പ് നൽകിക്കൊണ്ട് അദ്ദേഹം നിർവ്വഹിക്കുകയുണ്ടായി. ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ട്രസ്റ്റ് സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതം ആശംസിച്ചു. കൾച്ചറൽ റിലേഷൻസ് ഓഫീസർ സ്മിത മനോജ് കൃതജ്ഞത രേഖപ്പെടുത്തി. പരിപാടിയുടെ ഏകോപനം കവി അരുവിക്കര വിൽഫ്രഡ് നിർവ്വഹിച്ചു. കാവ്യസദസ്സിൽ മുപ്പതിലേറെ കവികൾ തങ്ങളുടെ കവിതകൾ അവതരിപ്പിച്ചു. സെപ്റ്റംബർ മാസത്തെ മികച്ച കവിതക്കുള്ള പുരസ്കാരം വസന്ത കെ. പിള്ളക്ക് കെ.ആർ. അജയൻ സമ്മാനിക്കുകയുണ്ടായി.



*സെപ്റ്റംബർ മാസത്തെ മികച്ച കവിതക്കുള്ള പുരസ്കാരം വസന്ത കെ. പിള്ളക്ക് കെ.ആർ. അജയൻ സമ്മാനിക്കുന്നു.*

# 'പ്രതിഭകൾക്കൊപ്പം': ഡോ. അരുൺ ബി. നായർ അതിഥിയായെത്തി

**തിരുവനന്തപുരം:** വിവിധ മേഖലകളിലെ പ്രമുഖ വ്യക്തികളുടെ സാമൂഹിക പ്രതിബദ്ധതയും പ്രവർത്തനങ്ങളും പങ്കുവയ്ക്കുവാനായി ഭാരത് സേവക് സമാജിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'പ്രതിഭകൾക്കൊപ്പം' എന്ന പ്രതിമാസ പരിപാടിയിൽ പ്രമുഖ മനശ്ശാസ്ത്ര വിദഗ്ധനും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം പ്രൊഫസറുമായ ഡോ. അരുൺ ബി.നായർ ഈ മാസം അതിഥിയായി.



*ഭാരത് സേവക് സമാജിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'പ്രതിഭകൾക്കൊപ്പം' പ്രതിമാസ പരിപാടിയിൽ ഡോ. അരുൺ ബി. നായർ സംസാരിക്കുന്നു*

സൈക്യാട്രിസ്റ്റ്, സൈക്കോതെറാപ്പിസ്റ്റ്, കൗൺസിലർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന ഡോ. അരുൺ ബി. നായർ മാനസികാരോഗ്യത്തെക്കുറിച്ചും ജീവിത ശൈലി പ്രശ്നങ്ങളെക്കുറിച്ചുമുള്ള ലളിതവും പ്രായോഗികവുമായ ആശയങ്ങൾ ടെലിവിഷൻ ചർച്ചകളിലൂടെയും പ്രഭാഷണങ്ങളിലൂടെയും ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ പ്രശസ്തനാണ്. കുടുംബബന്ധങ്ങൾ, കുട്ടികളുടെ മനശ്ശാസ്ത്രം, മാനസികാരോഗ്യം തുടങ്ങിയ വിഷയങ്ങളിലും അന്തർദ്ദേശീയതലത്തിൽ ശ്രദ്ധനേടിയ വ്യക്തിത്വത്തിന് ഉടമയായ അദ്ദേഹത്തിന്റെ പ്രഭാഷണം ശ്രവിക്കുവാനും സംവാദ പരിപാടിയിൽ പങ്കെടുക്കുവാനുമായി ഏറെപേർ സന്നിഹിതരായിരുന്നു.

## എഴുത്തിന്റെ ആദരങ്ങൾ

# കേന്ദ്ര സാഹിത്യ അക്കാദമി ഫെലോഷിപ്പ്: ഭാരതീയ സാഹിത്യത്തിലെ പരമോന്നത ബഹുമതി



ഡോ: സുജ സതീഷ്

ഭാരതീയ സാഹിത്യ ലോകത്തെ ഏറ്റവും ഉയർന്ന ബഹുമതികളിലൊന്നാണ് കേന്ദ്ര സാഹിത്യ അക്കാദമി ഫെലോഷിപ്പ്. ന്യൂഡൽഹി ആസ്ഥാനമാക്കി 1954-ൽ രൂപംകൊണ്ട അക്കാദമി, പതിനാല് വർഷത്തിനുശേഷം 1968-ൽ ആണ് ഫെലോഷിപ്പ് നൽകാൻ ആരംഭിച്ചത്. സാഹിത്യത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവർക്കായുള്ള പരമോന്നത ആദരവാണിത്. ഭാഷയുടെ അതിരുകൾ മറികടന്ന് ഇന്ത്യൻ സാഹിത്യത്തിന്റെ സമഗ്ര ഐക്യത്തെ പ്രതിനിധീകരിക്കുകയും, തലമുറകളെ സ്വാധീനിക്കുകയും ചെയ്ത ജീവിച്ചിരിക്കുന്ന എഴുത്തുകാരെയാണ് ഫെലോഷിപ്പിനായി തെരെഞ്ഞെടുക്കുന്നത്. ഇവർ ഫെലോകൾ "ഇന്ത്യൻ സാഹിത്യത്തിലെ അമർത്യർ" (immortals of Indian literature) എന്ന വിശേഷണത്തിന് അർഹരാകുകയും, അക്കാദമിയുടെ ജനറൽ കൗൺസിലിലും ഉപദേശക സംഘങ്ങളിലും മാർഗനിർദ്ദേശകരായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഭാരതത്തിലെ വിവിധ ഭാഷകളും സാഹിത്യധാരകളും ഏകോപിപ്പിച്ച് ദേശീയ സാഹിത്യ ഐക്യം ശക്തിപ്പെടുത്തുകയും, ഭാവി തലമുറകളെ ഉയർന്ന നിലവാരത്തിലുള്ള സാഹിത്യ സൃഷ്ടിയിലേയ്ക്ക് പ്രചോദിപ്പിക്കുകയുമാണ് ഫെലോഷിപ്പിന്റെ അന്തിമ ലക്ഷ്യം. നിലവിൽ ഒരു സമയം 21 പേർക്കാണ് ഫെലോഷിപ്പ് നൽകുന്നത്. ഇതുവരെ 97 വിശിഷ്ട എഴുത്തുകാർക്കും പണ്ഡിതന്മാർക്കും സാഹിത്യ അക്കാദമി ഫെലോഷിപ്പ് നൽകിയിട്ടുണ്ട്.

ഇന്ത്യയിലെ നാഷണൽ അക്കാദമി ഓഫ് ലെറ്റേഴ്സ് (National Academy of Letters) ആയ സാഹിത്യ അക്കാദമി, സാഹിത്യത്തിന്റെ പ്രോത്സാഹനം, സംരക്ഷണം, ഭാഷാവൈവിധ്യത്തിന്റെ നിലനിൽപ്, ദേശീയ ഐക്യം എന്നിവയ്ക്കായി പ്രവർത്തിക്കുന്നു. സാഹിത്യ അക്കാദമി അവാർഡ്, യുവ പുരസ്കാരം, ബാലസാഹിത്യ പുരസ്കാരം, അക്കാദമിക് ഫെലോഷിപ്പ് തുടങ്ങിയ ബഹുമതികൾ നൽകി എഴുത്തുകാരെ ആദരിക്കുന്നതിനോടൊപ്പം, 24 ഇന്ത്യൻ ഭാഷകളിൽ പുസ്തകങ്ങളും വിവർത്തനങ്ങളും ഗവേഷണ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുന്നു. ദേശീയവും അന്തർദേശീയവുമായി സെമിനാറുകൾ, സാഹിത്യോത്സവങ്ങൾ, വായന പ്രോത്സാഹന പരിപാടികൾ എന്നിവ സംഘടിപ്പിച്ച് ഇന്ത്യൻ സാഹിത്യത്തിന്റെ വളർച്ചയ്ക്കും സമഗ്രപുരോഗതിക്കും അക്കാദമി നിർണ്ണായക പങ്ക് വഹിക്കുന്നു.

ഫെലോഷിപ്പ് തെരെഞ്ഞെടുപ്പിന്റെ പ്രക്രിയ വളരെ കർശനവും സൂക്ഷ്മവുമാണ്. സാഹിത്യ അക്കാദമി പ്രസിഡന്റ് യോഗ്യതയുള്ള എഴുത്തുകാരുടെ പേരുകൾ തിരെഞ്ഞെടുത്ത് എക്സിക്യൂട്ടീവ് ബോർഡിനു മുമ്പാകെ സമർപ്പിക്കുന്നു. ബോർഡ് അംഗീകരിച്ചശേഷം ജനറൽ കൗൺസിലിന് ശുപാർശ ചെയ്യുന്നു. ജനറൽ കൗൺസിൽ അംഗങ്ങളുടേയും അംഗീകൃത സാഹിത്യ സംഘടനകളുടേയും നാമനിർദ്ദേശങ്ങൾ സ്വീകരിച്ചശേഷം സാഹിത്യ സംഭാവന, ദേശീയ അംഗീകാരം, ഭാഷാവൈവിധ്യ പ്രതിനിധാനം, ജീവിതകാല സംഭാവന തുടങ്ങിയ ഘടകങ്ങൾ സൂക്ഷ്മമായി പരിശോധിച്ച്, യോഗത്തിൽ ഭൂരിപക്ഷ തീരുമാന പ്രകാരമാണ് അന്തിമ തിരഞ്ഞെടുപ്പ് നടത്തുന്നത്. യോഗ്യരായ വ്യക്തി ഇല്ലെങ്കിൽ വർഷങ്ങളോളം ഫെലോഷിപ്പ് ഒഴിവാക്കപ്പെടാനും സാധ്യതയുണ്ട്. ജീവിച്ചിരിക്കുന്ന എഴുത്തുകാർക്ക് മാത്രമാണ് ലഭ്യമാക്കുന്നത് എന്നത് തുടക്കത്തിൽ തന്നെ നിയമപരമായി സ്ഥാപിക്കപ്പെടുകയും, ജനറൽ കൗൺസിലിലെ അംഗങ്ങളെ അവരുടെ സേവനകാലത്ത് തെരെഞ്ഞെടുക്കാത്ത പതിവ് അക്കാദമി പിന്തുടരുകയും ചെയ്യുന്നു. എന്നാൽ സേവനം കഴിഞ്ഞശേഷം ചിലർ ഫെലോകളായി തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇതിലൂടെ, തെരെഞ്ഞെടുപ്പിൽ വ്യക്തിപരമായോ രാഷ്ട്രീയമായോ, സ്വാധീനമില്ലാതെ സാഹിത്യത്തിലെ സംഭാവനകൾ മാത്രം പരിഗണിക്കപ്പെടുന്നുവെന്ന കാര്യത്തിൽ വ്യക്തത കൈവരുന്നു. തത്വചിന്തകനും ഇന്ത്യയുടെ ആദ്യ ഉപരാഷ്ട്രപതിയും, രണ്ടാമത്തെ രാഷ്ട്രപതിയുമായ ഡോ. സർവേപ്പള്ളി രാധാകൃഷ്ണൻ(1968) സാഹിത്യ അക്കാദമിയുടെ ആദ്യ ഫെലോ ആയി ആദരിക്കപ്പെട്ടു. സാഹിത്യ അക്കാദമി കൗൺസിലിൽ വൈസ് പ്രസിഡന്റായും പിന്നീട് പ്രസിഡന്റായും സേവനമനുഷ്ഠിച്ച അനുഭവവും അദ്ദേഹത്തിനുണ്ട്. നിലവിൽ സാഹിത്യ അക്കാദമിയുടെ പ്രസിഡന്റായി ചന്ദ്രശേഖര കമ്പാര പ്രവർത്തിക്കുന്നു. ഫെലോഷിപ്പ് തെരെഞ്ഞെടുപ്പിൽ ഇന്ത്യാസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച്പേരോടൊപ്പം നാഷണൽ ബുക്ക് ട്രസ്റ്റ്, സാംസ്കാരിക വകുപ്പ്, വാർത്താ-പ്രക്ഷേപണ മന്ത്രാലയം എന്നിവയിൽ നിന്നുള്ള ഓരോ പ്രതിനിധികളും ഉൾപ്പെടുന്നു.



ഭാരതത്തിന്റെ വൈവിധ്യ ഭാഷകളായ ഹിന്ദി, തമിഴ്, കന്നട, ബംഗാളി, ഉറുദു, ഒഡിയ, സംസ്കൃതം, ഇന്ത്യൻ ഇംഗ്ലീഷ് തുടങ്ങി 24 ഭാഷകളാണ് പുരസ്കാരത്തിനായി പരിഗണിക്കപ്പെടുന്നത്. നിലവിൽ ഹിന്ദി, ബംഗാളി, മലയാളം, തമിഴ്, ഉറുദ്, ഇംഗ്ലീഷ്, മറാത്തി, പഞ്ചാബി തുടങ്ങിയ ഭാഷകളിലെ എഴുത്തുകാർ ഫെലോഷിപ്പിന് അർഹരായിട്ടുണ്ട്. സാഹിത്യ അക്കാദമി ഫെലോഷിപ്പിന് മലയാള സാഹിത്യത്തിലെ പ്രമുഖരും അർഹരായിട്ടുണ്ട്. 1955 ൽ ആർ നാരായണ പണിക്കർ, 1994 ൽ ബാലാമണി അമ്മ, 2004 ൽ കോവിലൻ, 2013 ൽ എം.ടി വാസുദേവൻ നായർ, 2021 ൽ എം. ലീലാവതി എന്നിവർക്ക് ഈ പരമോന്നത ബഹുമതി ലഭിച്ചു. മലയാള സാഹിത്യത്തിന്റെ സമ്പന്നമായ പാരമ്പര്യവും ദേശീയ സാഹിത്യത്തിൽ അതിന്റെ സംഭാവനയും പ്രതിഫലിപ്പിക്കുന്ന വിധമാണ് ഇവരുടെ തെരെഞ്ഞെടുപ്പ്.

സ്ത്രീകളുടെ പങ്കും ഫെലോഷിപ്പ് ചരിത്രത്തിൽ ശ്രദ്ധേയമാണ്. 1979 ൽ മഹാദേവി വർമ്മ ആദ്യ വനിതയായി തെരെഞ്ഞെടുക്കപ്പെട്ടു. സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ അവരുടെ കവിതകൾ സ്ത്രീ ശബ്ദത്തിന്റെ ശക്തി തെളിയിച്ചു. മലയാള കവയിത്രി ബാലാമണി അമ്മ മാതൃത്വത്തിന്റെ ആത്മീയത കവിതകളിൽ പ്രതിഫലിപ്പിച്ചു. ബംഗാളി എഴുത്തുകാരി ആശാപൂർണ്ണാ ദേവി സ്ത്രീകളുടെ സാമൂഹിക പോരാട്ടങ്ങളെ നോവലുകളിൽ രേഖപ്പെടുത്തി. ഖുറാത്തുലൈൻ ഹൈദർ ചരിത്രബോധമുള്ള ഉറുദു നോവലുകളിലൂടെ ദേശാന്തര അംഗീകാരം നേടി. കൃഷ്ണ സോബ്തി, അനിതദേശായി, പത്മ സച്ച്ദേവ്, എം. ലീലാവതി എന്നിവർ സ്ത്രീശക്തിയെ സാഹിത്യത്തിൽ സ്ഥിരപ്പെടുത്തുകയുണ്ടായി.

ഇന്ത്യൻ പൗരന്മാർക്കുള്ള ഫെലോഷിപ്പുകൾക്കു പുറമേ, സാഹിത്യ അക്കാദമി അന്താരാഷ്ട്ര എഴുത്തുകാർക്കും പണ്ഡിതന്മാർക്കുമായി ഓണററി ഫെലോഷിപ്പുകൾ, ആനന്ദകുമാരസ്വാമി ഫെലോഷിപ്പ്, പ്രേംചന്ദ് ഫെലോഷിപ്പ് തുടങ്ങിയ അനുബന്ധ ഫെലോഷിപ്പുകളും നൽകിവരുന്നു. 1974 ൽ സെനഗലിന്റെ ആദ്യ പ്രസിഡന്റും കവിയുമായ ലിയോപോൾഡ് സെദാർ സെനഗോർ ആദ്യ ഓണററി ഫെലോ ആയി ആദരിക്കപ്പെട്ടു. തുടർന്ന് എഡ്വേർഡ് സി.ഡിമോക്ക്, ഡാനിയേൽ ഹെന്റി ഇംഗാൽ, കാമിൽ സ്വലെബിൽ, ജി സിയാൻ ലിൻ,യൂജിൻ ചെലിഷെവ് തുടങ്ങിയവർക്കും ഫെലോഷിപ്പ് ലഭിച്ചു.

1996 ൽ ശ്രീലങ്കൻ തത്വചിന്തകനായ ആനന്ദകുമാരസ്വാമിയുടെ പേരിൽ ആനന്ദകുമാരസ്വാമി ഫെലോഷിപ്പ് ആരംഭിച്ചു. ശ്രീലങ്കൻ പണ്ഡിതനായ സെനകെ ബന്ദാരനായകെ, ജാപ്പനീസ് എഴുത്തുകാരൻ ചീനകാനെ, ഉസ്ബസ്ക്കിസ്ഥാനിലെ പ്രൊഫസർ ആസാദ് എസ്. ഷാമറ്റോസ് എന്നിവരെ ഫെലോ ആയി ആദരിച്ചു. ആദ്യ സമ്മേളനത്തിനുശേഷം നിർത്തലാക്കിയ ഫെലോഷിപ്പ് 2005 ൽ പുനരുജ്ജീവിപ്പിച്ചെങ്കിലും അതിനുശേഷം ആർക്കും നൽകിയിട്ടില്ല.

2005 ൽ സാഹിത്യകാരനായ പ്രേംചന്ദിന്റ 125-ാം ജന്മവാർഷികത്തിൽ പ്രേംചന്ദ് ഫെലോഷിപ്പ് സ്ഥാപിച്ചു. ഇന്ത്യക്ക് പുറത്തുള്ള സാർക്ക് രാജ്യങ്ങളിൽ നിന്നുള്ള സർഗ്ഗാത്മക എഴുത്തുകാർക്കും ഗവേഷകർക്കുമാണ് ഇത് നൽകുന്നത്. ആദ്യ ബഹുമതി പാകിസ്ഥാനിലെ ഉറുദു എഴുത്തുകാരൻ ഇൻതിസാർ ഹുസൈനാണ് ഏറ്റുവാങ്ങിയത്.

സാഹിത്യ അക്കാദമി ഫെലോഷിപ്പ് ഒരു വ്യക്തിയുടെ ജീവിതകാല സാഹിത്യ സംഭാവനകൾക്ക് നൽകിയ ആദരവായിരിക്കുമ്പോഴും, ഭാരതീയ സാഹിത്യത്തിന്റെ കൂട്ടായ്മയും സാംസ്കാരിക ഏകോപനവും പ്രതിനിധീകരിക്കുന്നു. ഈ അംഗീകാരം ലോകമെമ്പാടുമുള്ള പണ്ഡിതന്മാരെയും എഴുത്തുകാരെയും ഇന്ത്യയുമായി ബന്ധിപ്പിക്കുന്നു. ഇതുവഴി ഇന്ത്യൻ സാഹിത്യത്തിന്റെ മഹിമ ലോകസാഹിത്യത്തിന്റെ പ്രധാന ധാരയിൽ ചേർക്കപ്പെടുന്നു. അതിനാൽ അക്കാദമിക ഫെലോഷിപ്പുകൾ സാംസ്കാരിക സൗഹൃദത്തിന്റെയും സർഗ്ഗാത്മക ഐക്യത്തിന്റെയും പ്രതീകങ്ങളായി നിലകൊള്ളുന്നു.

# ഗഗനചാരികൾ: മോണ്ട്ഗോൾഫിയർ സഹോദരന്മാർ





മനുഷ്യചരിത്രത്തിലെ ഒരു സുപ്രധാന സംഭവമായിരുന്നു ഹോട്ട് എയർ ബലൂണിന്റെ സൃഷ്ടി. ഇത് മനുഷ്യൻറെ പറക്കൽ എന്ന സ്വപ്നത്തിൽ നിന്ന് ഒരു ആകാശ പര്യവേഷണരീതിയിലേക്കുള്ള ഒരു വഴിത്തിരിവ് കുറിച്ചു. 1783 മുതൽ ഇത് സാഹസികരെയും വിനോദസഞ്ചാരികളെയും ഒരുപോലെ ആകർഷിച്ചു. ജോസഫ്-മൈക്കൽ മോണ്ട്ഗോൾഫിയർ, ജാക്വസ്-എറ്റിയെൻ മോണ്ട്ഗോൾഫിയർ എന്നീ മോണ്ട്ഗോൾഫിയർ സഹോദരന്മാരാണ് ആദ്യത്തെ ഹോട്ട് എയർ ബലൂണിന്റെ ഉപജ്ഞാതാക്കൾ. ഫ്രാൻസിലെ അർഡെക്കെയിൽ ഒരു കടലാസ് നിർമ്മാണ വ്യവസായ കുടുംബത്തിലെ പിയറി മോണ്ട്ഗോൾഫിയർ - ആനി ഡ്യൂററ്റ് ദമ്പതികളുടെ 16 മക്കളിൽ പന്ത്രണ്ടാമനായ ജോസഫ്-മൈക്കലും പതിനഞ്ചാമനായ ജാക്വസ്- എറ്റിയെനും പിതാവിന്റെ മരണശേഷം പേപ്പർ ബിസിനസ്സ് ഏറ്റെടുത്തു. ബിസിനസ്സ് തുടരുന്നതിനിടയിലും ശാസ്ത്രീയ പരീക്ഷണങ്ങളിലുള്ള തങ്ങളുടെ താൽപര്യം അവർ തുടർന്നിരുന്നു. രണ്ട് സഹോദരന്മാരിൽ, വ്യോമയാനത്തിൽ ആദ്യമായി താല്പര്യം കാണിച്ചത് ജോസഫിനായിരുന്നു. 1775 ൽ തന്നെ അദ്ദേഹം പാരച്യൂട്ടുകൾ നിർമ്മിക്കുകയും ഒരിക്കൽ കുടുംബ വീട്ടിൽ നിന്ന് ചാടുകയും ചെയ്തു.

ഒരിക്കൽ തീയുടെ ചൂടിൽ തുണി ഉണങ്ങുന്നത് നിരീക്ഷിച്ചിരുന്നപ്പോൾ തികച്ചും ആകസ്മികമായി അത് മുകളിലേക്ക് വളയുന്നതും പോക്കറ്റുകൾപോലെ രൂപപ്പെടുന്നതും ആ തുണി ഒരല്പം മുകളിലേക്ക് ഉയരുന്നതും അദ്ദേഹത്തിൻെറ ശ്രദ്ധയിൽ പെട്ടു. തുടർന്ന് നടത്തിയ പഠനങ്ങളിൽ ചൂടായ വായു തണുത്ത വായുവിനേക്കാൾ ഭാരം കുറഞ്ഞതാണെന്ന് ആ സഹോദരന്മാർ കണ്ടെത്തി. ഇത് സിൽക്ക്, ടഫെറ്റ എന്നിവ ഉപയോഗിച്ച് നിർമ്മിച്ച ബലൂണുകൾ പരീക്ഷിക്കാൻ അവരെ പ്രേരിപ്പിച്ചു. പുക നിറച്ച സിൽക്ക് ബാഗുകൾ ഉപയോഗിച്ചുള്ള അവരുടെ പരീക്ഷണങ്ങൾ ആദ്യത്തെ വിജയകരമായ ചൂട് വായു ബലൂണിന്റെ സൃഷ്ടിയിൽ കലാശിച്ചു. 1782-ൽ, ഭാരം കുറഞ്ഞ ഒരു വലിയ പേപ്പർ അല്ലെങ്കിൽ തുണി ബാഗിനുള്ളിൽ ചൂടായ വായു ശേഖരിക്കപ്പെടുമ്പോൾ ബാഗ് വായുവിലേക്ക് ഉയരുമെന്ന് അവർ കണ്ടെത്തി. 1783 ജൂൺ 4-ന് അന്നോണയിലെ മാർക്കറ്റിൽ മോണ്ട്ഗോൾഫിയർമാർ ഈ കണ്ടുപിടുത്തത്തിന്റെ ആദ്യ പൊതു പ്രദർശനം നടത്തി.

അവർ ആദ്യത്തെ വലിയ തോതിലുള്ള ഹോട്ട് എയർ ബലൂൺ 1783 -ൽ പട്ടും ലിനനും ഉപയോഗിച്ചാണ് നിർമ്മിച്ചത് , വൈക്കോലും കമ്പിളിയും ചേർത്ത ഇരുമ്പ് സ്റ്റൗ ഉപയോഗിച്ചാണ് ഇത് പ്രവർത്തിപ്പിച്ചത്. അത് ഏകദേശം 6,000 അടി ഉയരത്തിൽ ഉയർന്ന് ഒരു മൈലിലധികം സഞ്ചരിച്ച് ഇറങ്ങാൻ തുടങ്ങി. ഈ വിജയം അവർക്ക് വ്യാപകമായ അംഗീകാരം നേടിക്കൊടുക്കുകയും കൂടുതൽ പരീക്ഷണങ്ങൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്തു. 1783 ഒക്ടോബർ 19-ന് , ആദ്യത്തെ മനുഷ്യനെ വഹിച്ചുള്ള ഹോട്ട് എയർ ബലൂൺ പറക്കൽ വിക്ഷേപിച്ചുകൊണ്ട് മോണ്ട്ഗോൾഫിയർ സഹോദരന്മാർ മറ്റൊരു നാഴികക്കല്ല് പിന്നിട്ടു.

എറ്റിയെൻ മോണ്ട്ഗോൾഫിയറും ജീൻ-ഫ്രാങ്കോയിസ് പിലാട്രെ ഡി റോസിയറും ആണ് ആദ്യമായി ഹോട്ട് എയർ ബലൂണിൽ പറന്നത്. ആദ്യത്തെ സ്വതന്ത്ര (കെട്ടാത്ത ബലൂണിൽ ) മനുഷ്യ പറക്കൽ 1783 നവംബർ 21-ന് നടന്നു. ബലൂണിൽ ഒരു താറാവ്, ആട്, കോഴി എന്നിവയുമായി മോണ്ട്ഗോൾഫിയർ സഹോദരന്മാരുടെ പ്രകടനം ചരിത്രപരമായ ഒരു നിമിഷമായി അടയാളപ്പെടുത്തി. ഇത് മനുഷ്യന്റെ പറക്കലിന്റെ സാധ്യതകൾ യാഥാർത്ഥ്യമാക്കി. 1183-ൽ, മോണ്ട്ഗോൾഫിയർ സഹോദരന്മാരെ സാൻ ഡീഗോ എയർ & സ്പേസ് മ്യൂസിയത്തിലെ ഇന്റർനാഷണൽ എയർ & സ്പേസ് ഹാൾ ഓഫ് ഫെയിമിൽ ഉൾപ്പെടുത്തി.



‘കനലുകൾ’ എന്ന പുസ്തകത്തിന്റെ പ്രകാശനം ഗ്രന്ഥകാരൻ ലാൽചന്ദ് മക്രേരി നിർവ്വഹിക്കുന്നു

ഗ്രന്ഥകർത്താവ് തന്നെ ഗ്രന്ഥം പ്രകാശനം ചെയ്യും

## സദ്ഭാവനാ ട്രസ്റ്റ്: അര ഡസനിലേറെ പുസ്തകങ്ങൾ പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** സദ്ഭാവനാ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ അര ഡസനിലേറെ പുസ്തകങ്ങൾ കൂടി പ്രകാശനം ചെയ്തു. എഴുത്തുകാരൻ ബി.എസ്. ബാലചന്ദ്രൻ രചിച്ച ‘ആചാര്യ വിനോഭാബാവെ- ഭൂദാനം മഹാദാനം’, ‘പരിവ്രാജിക എ.കെ. രാജമ്മ- ഒരു ആത്മീയ സേവക’, ‘ഷിർദ്ദി സായി ബാവ - നന്മയുടെ പ്രതീകം’, ‘സത്യസായി ബാബ ആത്മീയ വെളിച്ചം’ എന്നീ കൃതികളും ലാൽചന്ദ് മക്രേരി രചിച്ച ‘കനലുകൾ’, മൈത്രി സനത് കുമാർ രചിച്ച എം. ചന്ദ്രപ്രകാശ് വിവർത്തനംചെയ്ത ‘അതീന്ദ്രിയ മനസ്സ്- ആത്മീയതയുടെ പ്രകാശം’ എന്നീ രചനകളുമുൾപ്പെടെയുള്ള പുസ്തകങ്ങളുടെ പ്രകാശന കർമ്മങ്ങളാണ് നടന്നത്.

‘അതീന്ദ്രിയ മനസ്സ് - ആത്മീയതയുടെ പ്രകാശം’ എന്ന കൃതി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി (ശാന്തിഗിരി ആശ്രമം പ്രകാശനം ചെയ്തു), സ്വാമി സൂക്ഷ്മാനന്ദ (വർക്കല ശിവഗിരി മഠം) പുസ്തകം സ്വീകരിച്ചു.

‘കനലുകൾ’ എന്ന പുസ്തകത്തിന്റെ പ്രകാശനം നിർവ്വഹിച്ചത് ഗ്രന്ഥകാരൻ ലാൽചന്ദ് മക്രേരിയാണ്. കവിയും സാഹിത്യപ്രവർത്തകനുമായ ഡോ. കവടിയാർ രാമചന്ദ്രൻ പുസ്തകരചയിതാവിൽ നിന്നും കൃതി ഏറ്റുവാങ്ങി. പുസ്തക പ്രകാശന ചടങ്ങിൽ ട്രസ്റ്റ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അധ്യക്ഷനായിരുന്നു.

ഗ്രന്ഥകർത്താവ് തന്നെ തന്റെ സൃഷ്ടി പ്രകാശനം ചെയ്യുക എന്ന സദ്ഭാവനാ ട്രസ്റ്റിന്റെ നൂതനാശയത്തിന്റെ ഭാഗമായാണ് ലാൽചന്ദ് മക്രേരി തന്നെ തന്റെ കൃതിയായ ‘കനലുകൾ’ പ്രകാശനം ചെയ്തത്. തുടർന്ന് സദ്ഭാവനാ ട്രസ്റ്റ് പ്രസിദ്ധീകരിക്കുന്ന എല്ലാ പുസ്തകങ്ങളുടെയും പ്രകാശനം പുസ്തക രചയിതാക്കൾ തന്നെയായിരിക്കും നിർവ്വഹിക്കുക എന്നതാണ് തീരുമാനം.

പുസ്തക രചന നടത്തിയ പ്രതിഭയെ പിന്നിലിരുത്തി മറ്റുള്ളവർ പ്രസ്തുത സൃഷ്ടി പ്രകാശനം ചെയ്യുന്നതിനേക്കാൾ യോജ്യമായത് ഗ്രന്ഥകർത്താവ് തന്നെ മുന്നോട്ടുവന്ന് തന്റെ സൃഷ്ടി പ്രകാശനം ചെയ്യുന്നതാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു തീരുമാനത്തിലെത്തിയതെന്ന് സദ്ഭാവനാ ട്രസ്റ്റ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അഭിപ്രായപ്പെട്ടു. പുസ്തക പ്രകാശന ചടങ്ങിൽ ഒരു മറുപടി പ്രസംഗത്തിൽ മാത്രം ഒതുക്കി നിർത്തുന്നതിനുപകരം പുസ്തകത്തിന്റെ സ്രഷ്ടാവിന് മുഖ്യ പങ്കാളിത്തം ലഭ്യമാക്കുക എന്നതായിരിക്കും അഭികാമ്യമെന്നതാണ് ട്രസ്റ്റിന്റെ കാഴ്ചപ്പാടെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി.


## “ബി.എസ്.എസ് ഓൺലൈൻ കോഴ്സുകൾ”
## ഭാരത് സേവക് സമാജ് – ഡിജിറ്റൽ വിദ്യാഭ്യാസ പദ്ധതി

ഭാരത് സേവക് സമാജ് (BSS) വ്യവസായ ആവശ്യങ്ങൾക്കനുസൃതമായ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കുന്ന ദേശീയ വികസന ഏജൻസിയാണ്. ആരോഗ്യമേഖല, ഐ ടി, ഹോസ്പിറ്റാലിറ്റി, എഞ്ചിനീയറിംഗ് ട്രേഡുകൾ, വിദ്യാഭ്യാസം, സാംസ്കാരിക കലകളുമായി ബന്ധപ്പെട്ട കോഴ്സുകൾ, ഉയർന്നുവരുന്ന സാങ്കേതിക വിദ്യകൾ തുടങ്ങിയ വിവിധ മേഖലകളിലായി ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ പരിശീലിപ്പിച്ച് തൊഴിൽ സാധ്യതയും ജീവിത നിലവാരവും ഉയർത്തുന്നതിൽ ഭാരത് സേവക് സമാജ് സമൂഹത്തിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.
ഈ ദൗത്യത്തിന്റെ ഭാഗമായി, ഡിജിറ്റൽ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായി ഭാരത് സേവക് സമാജ് ‘BSS Digital Programme’ എന്ന സമഗ്രമായ ഓൺലൈൻ തൊഴിൽ വിദ്യാഭ്യാസ സംരംഭം ആരംഭിച്ചിരിക്കുന്നു. ഈ പദ്ധതിയിലൂടെ ഉയർന്ന നിലവാരമുള്ള തൊഴിൽ പരിശീലനം എവിടെയും, ആർക്കും പൂർണ്ണമായും ഓൺലൈൻ രീതിയിൽ ലഭ്യമാക്കുന്നു.

**BSS Digital Programme – ന്റെ ഭാഗമായി ആരംഭിക്കുന്ന കോഴ്സുകളാണ്**

* ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (DCA) Online
* സർട്ടിഫിക്കറ്റ് ഇൻ ഫസ്റ്റ് എയ്ഡ്, CPR & AED Online

**1. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (DCA) Online**

കമ്പ്യൂട്ടർ മേഖലയിലെ അടിസ്ഥാനവും പ്രായോഗികവുമായ അറിവുകൾ നൽകി വിദ്യാർത്ഥികളെ തൊഴിൽ യോഗ്യമാക്കുന്ന തരത്തലാണ് ഈ കോഴ്സ് രൂപകല്പന ചെയ്തിരിക്കുന്നത്.
കോഴ്സിലെ പ്രധാന വിഷയങ്ങൾ:
* കമ്പ്യൂട്ടർ ഫണ്ടമെന്റൽസ്
* ഓപ്പറേറ്റിംഗ് സിസ്റ്റം
* എം.എസ്. വേഡ്, എക്സൽ, പവർപോയിന്റ്
* ഇന്റർനെറ്റ് & ഇ-മെയിൽ ഉപയോഗം
* ഫോട്ടോഷോപ്പ്
* HTML -വെബ്പേജ് നിർമ്മാണം
* C - പ്രോഗ്രാമിംഗ്
* പൈതൺ പ്രോഗ്രാമിംഗ് അടിസ്ഥാനങ്ങൾ

ഫീസ് : 3000

**2. സർട്ടിഫിക്കറ്റ് ഇൻ ഫസ്റ്റ് എയ്ഡ്, CPR& AED – Online**

ഈ കോഴ്സ് ആരോഗ്യമേഖലയിലെ തൊഴിൽ സാധ്യത ഉപയോഗ പ്പെടുത്തുവാൻ വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്നതിന് വേണ്ടി രൂപകല്പന ചെയ്തിരിക്കുന്നതാണ്.
കോഴ്സിലെ പ്രധാന വിഷങ്ങൾ:
* ഫസ്റ്റ് എയ്ഡ്
* ഫസ്റ്റ് എയ്ഡ് ഫോർ മെഡിക്കൽ പ്രോബ്ലംസ്
* ഫസ്റ്റ് എയ്ഡ് ഫോർ ട്രോമാറ്റിക് ഇൻജുറീസ്
* ഫസ്റ്റ് എയ്ഡ് ഫോർ എൺവയോൺമെന്റൽ ഇൻജുറീസ്
* ചോക്കിംഗ് ട്രീറ്റ്മെന്റ്- അഡൽട്ട് CPR
* ചോക്കിംഗ് ട്രീറ്റ്മെന്റ്- ചൈൽഡ് ഫ്രൻഡ് CPR
* സ്കിൽ ട്രെയിനിംഗ് ഫോർ ചോക്കിംഗ് ട്രീറ്റ്മെന്റ്

ഫീസ് 1500/

**ഈ കോഴ്സുകളുടെ പ്രത്യേകതകൾ:**

* 100% ഓൺലൈൻ
* ഇന്ററാക്ടീവ് ഡിജിറ്റൽ മോഡ്യൂളുകൾ
* വീഡിയോ അധിഷ്ഠിത പാഠ്യപദ്ധതികൾ
* യാഥാർത്ഥാധിഷ്ഠിത അസൈൻമെന്റുകൾ
* തുടർച്ചയായ MCQ മൂല്യനിർണ്ണയം
* AI പിന്തുണയോടെയുള്ള പഠനരീതി
* എപ്പോഴും എവിടെനിന്നും ആർക്കും പഠിക്കാവുന്ന സൗകര്യം.

**യോഗ്യത :**

* കുറഞ്ഞ യോഗ്യത : പത്താംക്ലാസ് പാസ്സ്
* പ്രായപരിധിയില്ല

വിദ്യാർത്ഥികൾക്കും ജോലി ചെയ്യുന്നവർക്കും തൊഴിൽപരമായ നൈപുണ്യവർദ്ധനവ് ആഗ്രഹിക്കുന്ന ഏവർക്കും ഡിജിറ്റൽ മേഖലയിലെ കരിയർ സാധ്യതകൾ ഈ കോഴ്സുകൾ തുറന്നു നൽകുന്നതാണ്.
കൂടുതൽ വിവരങ്ങൾക്കും പ്രവേശനത്തിനുമായി ബന്ധപ്പെടുക.
PH +91 8921924066 / 9447654642
വെബ്സൈറ്റ് : www.bharatsevaksamaj.org




‘അതീന്ദ്രിയ മനസ്സ്– ആത്മീയതയുടെ പ്രകാശം’ എന്ന കൃതി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി (ശാന്തിഗിരി ആശ്രമം) പ്രകാശനം ചെയ്യുന്നു

## ഗാന്ധി ഭാരത്


# മഹാത്മാഗാന്ധിയുടെ ഗുണങ്ങൾ എങ്ങനെ ജീവിതത്തിൽ ഉൾപ്പെടുത്താം

**ശ്രീലത എ.പി**

1869 ഒക്ടോബർ 2 മഹാത്മഗാന്ധി ജനിച്ച ദിവസം അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം ഈ ദിവസം അന്താരാഷ്ട്ര അഹിംസാദിനമായും ആഘോഷിപ്പിക്കപ്പെടുന്നു. ‘മഹാത്മാ’ എന്ന വാക്ക് രണ്ട് ഹിന്ദി പദങ്ങളായ മഹാൻ, ആത്മ എന്നിവ ചേർന്നതാണ്. ലോകത്തിന് എന്ത് സന്ദേശം നൽകാൻ ആഗ്രഹിക്കുന്നു എന്ന് ചോദിച്ചപ്പോൾ ‘എന്റെ ജീവിതമാണ് എന്റെ സന്ദേശം’. എന്നാണ് ഗാന്ധി മറുപടി പറഞ്ഞത്.

അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്ന് നമ്മൾ പഠിക്കേണ്ട മികച്ച ഗുണങ്ങൾ ഇവയൊക്കെയാണ്.

തന്നിലുള്ള വിശ്വാസം അഥവാ ആത്മവിശ്വാസം എങ്ങനെ വികസിപ്പിക്കാം



സൗമ്യമായ രീതിയിൽ നിങ്ങൾക്ക് ലോകത്തെ തന്നെ പിടിച്ചു കുലുക്കാൻ കഴിയും കൂടാതെ മനുഷ്യർ പലപ്പോഴും അവർ സ്വയം വിശ്വസിക്കുന്നതു പോലെ ആയി തീരുന്നതായാണ് കാണുന്നത്. ഒരാൾ തനിക്ക് യാതൊന്നും ചെയ്യാൻ കഴിയില്ലെന്ന് സ്വയം വിശ്വസിക്കുന്നുവെങ്കിൽ അത് അയാളെ ഒന്നും ചെയ്യാൻ കഴിവില്ലാത്തവനാക്കുന്നു. എന്നാൽ തനിക്ക് അത് ചെയ്യാൻ കഴിയും എന്ന് സ്വയം വിശ്വാസം തോന്നുമ്പോൾ അത് നേടാനുള്ള കഴിവ് മനസ് കൊണ്ട് നേടുന്നു. മഹാത്മാഗാന്ധി മികച്ച ഒരു വാഗമി ആയിരുന്നില്ല. അദ്ദേഹത്തിന് ആകർഷകമായ ശരീര ഘടന ഉണ്ടായിരുന്നില്ല, ലാളിത്യമുള്ള ജീവിതം നയിച്ചു. ഇപ്പോഴും ഭൂമിയിൽ ജീവിച്ചിരുന്ന ഏറ്റവും മഹാന്മാരായ വ്യക്തികളിൽ ഒരാളായി അദ്ദേഹം കണക്കാക്കപ്പെടുന്നു. അതിന് കാരണം അദ്ദേഹം തന്നിൽ തന്നെ വിശ്വസിച്ചിരുന്നു എന്നതാണ്. തന്റെ രാജ്യത്തെ മോചിപ്പിക്കാൻ തനിക്ക് വലിയ ഉത്തരവാദിത്തമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഗാന്ധിജിക്ക് തന്നെക്കുറിച്ചും, തന്റെ കഴിവിനെ കുറിച്ചും പൂർണ്ണ വിശ്വാസമുണ്ടായിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിൽ തനിക്ക് ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അദ്ദേഹത്തിന്റെ ആത്മവിശ്വാസം ഇന്ത്യാക്കാരുടെയാകെ വിശ്വാസത്തിന് കാരണമായി.

ആത്മവിശ്വാസം നമുക്ക് എങ്ങനെ വികസിപ്പിച്ചെടുക്കാം എന്ന് ചിന്തിച്ചാൽ; നമുക്ക് എല്ലാവർക്കും മികച്ച കഴിവുകളും, വലിയ ഉത്തരവാദിത്തങ്ങളുമുണ്ട്. ചരിത്രത്തിന്റെ ഒഴുക്കിൽ നാമെല്ലാവരും വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ലോകമെമ്പാടും സ്വാധീനം ചെലുത്താൻ കഴിയുമെന്ന് നമ്മൾ ഒരിക്കലും വിശ്വസിക്കാത്തതിനാലാണ് നമ്മൾ ഇതൊന്നും ഒരിക്കലും തിരിച്ചറിയാത്തത്. സ്വയം താഴ്ത്തി കെട്ടുന്നത് നിർത്തണം. നമുക്ക് ചെയ്യാൻ കഴിയുന്നതോ, നമ്മളെ ഏൽപ്പിക്കുന്നതോ ആയ ഏത് ജോലിയും നമുക്ക് പൂർത്തി ആക്കാൻ കഴിയും എന്ന് നമുക്ക് വിശ്വാസം ഉണ്ടായിരിക്കണം. നമ്മളോട് തന്നെ നമുക്ക് മതിപ്പ് ഉണ്ടാകണം. നിങ്ങളുടെ ലക്ഷ്യം ആവർത്തിക്കാനും, ശ്രദ്ധ തിരിയുമ്പോൾ വീണ്ടും ശ്രദ്ധ കേന്ദ്രീകരിക്കാനും, അപ്രധാനമായ ജോലികൾ അവഗണിക്കുമ്പോൾ നിങ്ങളുടെ ലക്ഷ്യത്തിൽ ശ്രദ്ധ പിടിച്ചു പറ്റാനുമുള്ള കഴിവ് കാലക്രമേണ പൂർണ്ണ വിശ്വാസം വളർത്തിയെടുക്കും.

(തുടരും)

# മലയാളിയുടെ സൗഭാഗ്യം യു.എ.ഇ- യുണൈറ്റഡ് അറബ് എമിറേറ്റ്സ്

(1 –ാം പേജിൽ നിന്നും തുടർച്ച)

യു.എ.ഇയുടെ സാമൂഹികവും സാമ്പത്തികവുമായ വഴിത്തിരിവിന് കാരണമായത് ഗൾഫ് പ്രദേശത്ത് എണ്ണയുടെ സൂചനകൾ കണ്ടെത്തിയതോടെയാണ്. 1930 കളിൽ എണ്ണയുടെ സൂചനകൾ കണ്ടുവെങ്കിലും 1950 കളിലാണ് യഥാർത്ഥ ഉൽപ്പാദനം ആരംഭിച്ചത്. എണ്ണ വ്യവസായം രാജ്യത്തിന് വൻ സാമ്പത്തിക സ്രോതസ്സായി. എണ്ണയിൽ മാത്രമല്ല വ്യവസായം, വ്യാപാരം, വിനോദസഞ്ചാരം, വിദ്യാഭ്യാസം, സാങ്കേതികവിദ്യ എന്നിവയിലൂടെ വേണം വളർച്ച ഉറപ്പാക്കാനെന്ന കാഴ്ചപ്പാട് യു.എ.ഇയെ കൂടുതൽ ഉയരങ്ങളിലെത്തിച്ചു.

ആഗോളവ്യാപാരകേന്ദ്രമായി ദുബായ് വളരുവാൻ ഏറെക്കാലമൊന്നും വേണ്ടിവന്നില്ല. ലോകത്തിലെ മുൻനിര വിനോദസഞ്ചാര കേന്ദ്രമായും യു.എ.ഇ വളർന്നു. അബുദാബിയും ദുബായും ഇന്ന് മിഡിൽ ഈസ്റ്റിന്റെ സാമ്പത്തിക കേന്ദ്രങ്ങളായിക്കഴിഞ്ഞു. ഹൈടെക് കാർഷിക പദ്ധതികളാണ് യു.എ.ഇയിൽ നടപ്പാക്കി വരുന്നത്. ചുരുക്കിപ്പറഞ്ഞാൽ മരുഭൂമിയായ ഈ ചെറിയ പ്രദേശം ഇന്ന് ലോകവ്യാപാരത്തിന്റേയും വിനോദ സഞ്ചാരത്തിന്റേയും നവീകരണത്തിന്റേയും കേന്ദ്രമായി മാറിയിട്ടുണ്ടെങ്കിൽ അതിന് കാരണം അവിടുത്തെ ജനങ്ങളുടെയും ഭരണ നേതൃത്വത്തിന്റേയും ദീർഘവീക്ഷണവും ദൃഢനിശ്ചയവും സഹവർത്തിത്വവുമാണ്. പുതുമയും പാരമ്പര്യവും ഒത്തുചേർന്നു മുന്നേറുന്ന ഈ രാജ്യം അതിന്റെ തനതായ മൂല്യങ്ങൾ അടിയറവെയ്ക്കുവാൻ ഒരിക്കലും തയ്യാറായിട്ടില്ല.

രാജ്യത്തിന്റെ ഭരണഘടന മതസ്വാതന്ത്ര്യം ഉറപ്പുനൽകുന്നു എന്നതാണ് ഏറ്റവും വലിയ പ്രത്യേകത. ഇവിടെ പള്ളികൾക്കൊപ്പം ക്രൈസ്തവ ദേവാലയങ്ങളും, ഗുരുദ്വാരകളും, ക്ഷേത്രങ്ങളുമെല്ലാം കാണാം.

യു.എ.ഇയിലെ പുരുഷന്മാർ 'കന്ദുറ' എന്ന വെളുത്ത നീളമുള്ള വസ്ത്രമാണ് ധരിക്കുന്നത്. സ്ത്രീകളാവട്ടെ 'അബായ' എന്ന കറുത്ത അങ്കിയും.

യു.എ.ഇയുടെ ദേശീയ ഭക്ഷണം 'മജ്ബൂസ്' എന്ന വിഭവമാണ്. അരിഭക്ഷണം, മത്സ്യം, മാംസം, ഖബാബ്, ഹമ്മൂസ് എന്നിവയും സാധാരണ ഭക്ഷണങ്ങളാണ്.

അതിഥികളെ കാപ്പി, ഈന്തപ്പഴം എന്നിവ നൽകി സ്വീകരിക്കുന്നതാണ് പതിവ്. ശക്തമായ കുടുംബബന്ധമാണ് ഇവർ സൂക്ഷിക്കുന്നത്. ഇതിനെ അവർ സാമൂഹിക ജീവിതത്തിന്റെ കേന്ദ്രമായി കാണുന്നു. പാരമ്പര്യത്തെ അവർ ദേശീയ സമ്പത്തിന്റെ ഭാഗമായും കാണുന്നു. അതിനൊപ്പംതന്നെ വിദ്യാഭ്യാസത്തെ അവർ ദേശീയ നിക്ഷേപമായും കണക്കാക്കുന്നു.

ഗുണമേന്മ ഉറപ്പുവരുത്തിക്കൊണ്ടുള്ള ആധുനിക രീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായമാണ് യു.എ.ഇയിൽ നിലവിലുള്ളത്. പ്രാഥമിക തലംമുതൽ ഉന്നത വിദ്യാഭ്യാസതലംവരെയുള്ള വിദ്യാഭ്യാസനയങ്ങൾ യു.എ.ഇയുടെ വിദ്യാഭ്യാസ മന്ത്രാലയം രൂപപ്പെടുത്തുന്നു. സ്കൂളുകളിലെല്ലാം തന്നെ സ്മാർട്ട് ക്ലാസുകളാണ്. എല്ലാ സർക്കാർ സ്കൂളുകളിലും ഇ-ലോഞ്ചിംഗ് ടെക്നോളജിയും ഡിജിറ്റൽ പരിശീലനവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളെല്ലാം ടെക്നോളജിയോട് ഒത്തുചേർന്ന് പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് ശാസ്ത്ര-സാങ്കേതിക മേഖലയിൽ പ്രത്യേക പരിശീലനവും പരിശീലന ക്യാമ്പുകളും നടത്തുന്നു. നിർമ്മിത ബുദ്ധി അദ്ധ്യയനത്തിന് പ്രത്യേക സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ എണ്ണം യു.എ.ഇയിൽ അനുദിനം വർദ്ധിച്ചുവരികയാണ്. പ്രത്യേകിച്ചും ദുബായിൽ. പഠന വിസ നയം, സ്കോളർഷിപ്പുകൾ, അന്താരാഷ്ട്ര വിശ്വാസ്യത തുടങ്ങിയവ അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കുംവിധമാണ് ഒരുക്കിയിട്ടുള്ളത്.

വിനോദസഞ്ചാര മേഖലയ്ക്ക് യു.എ.ഇ മുന്തിയ പ്രാധാന്യം നൽകിയിരിക്കുന്നു. ഈ മേഖലയിൽ വലിയ നിലയിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

> **2031 ആകുമ്പോഴേക്കും 40 ദശലക്ഷം വിനോദ സഞ്ചാരികളെയാണ് അവർ പ്രതീക്ഷിക്കുന്നത്. ഏതാണ്ട് ഒരു ദശലക്ഷത്തിലധികം തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നുണ്ട്. ഇതിന്റെ ഗുണഭോക്താക്കളിൽ നല്ലൊരു ഭാഗം കേരളീയരാവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. മുൻകാല അനുഭവങ്ങൾ വിരൽ ചൂണ്ടുന്നതും ഈ ദിശയിലേക്ക് തന്നെയാണ്.**

യു.എ.ഇയുടെ ഭാവി, 'വിഷൻ 2031' വഴി വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് ഒരു മികച്ച രാജ്യമായി മാത്രമല്ല ഒരു വിജ്ഞാന സാംസ്കാരിക അഗോള മാതൃകയായിക്കൂടി ലോകത്തിന് മുന്നിലെത്തുക എന്നതാണ് ലക്ഷ്യം.

ഏഴ് എമിറേറ്റുകളുടെ ഭരണാധികാരികൾ ചേർന്ന് തീരുമാനമെടുക്കുന്ന സുപ്രധാന ഭരണഘടനയാണ് യു.എ.ഇയ്ക്കുള്ളത്. ഫെഡറൽ കൗൺസിൽ തെരഞ്ഞെടുക്കുന്ന രാജ പ്രതിനിധിയായിരിക്കും പ്രസിഡന്റ്. ഭരണ നടപടികൾ ഏകോപിപ്പിക്കുന്നത് മന്ത്രിസഭയായിരിക്കും. ഉപദേശക ചുമതലയും നിയമ നിർമ്മാണവും എഫ്.എൻ.സി (ഫെഡറൽ നാഷണൽ കൗൺസിൽ)ക്കാണ്. ഇവിടെ നിയമനടപടികൾ സ്വതന്ത്രമായി പ്രവർത്തിക്കുന്നു. രാജ്യത്തെ പരമാധികാര നിയമസ്ഥാപനം 'ഫെഡറൽ സുപ്രീംകോടതി'യാണ്.

ഏഴ് എമിറേറ്റുകളുടെ ശക്തമായ സഹകരണം യു.എ.ഇയുടെ പ്രത്യേകതയാണ്. ദീർഘവീക്ഷണമുള്ള ഭരണാധികാരികളും ജനങ്ങളുടെ ക്ഷേമം മുഖ്യ ലക്ഷ്യമാക്കിയുള്ള വികസനവും പ്രധാന മൂല്യമായി ചൂണ്ടിക്കാട്ടപ്പെടുന്നു. എല്ലാ മതങ്ങളേയും ഒരുപോലെ അംഗീകരിക്കുന്ന മതസൗഹാർദ്ദം എടുത്തുപറയേണ്ട പ്രത്യേകതയാവുമ്പോൾ ഭരണതലത്തിലുള്ള വനിതകളുടെ ശക്തമായ പങ്കാളിത്തം മറ്റൊരു പ്രത്യേകതയാണ്.

മത്സ്യബന്ധനവും കടലിൽ നിന്നു മുത്തുപെറുക്കലും മാത്രം കൈമുതലായുണ്ടായിരുന്ന ചെറു മരുഭൂമി ഇന്ന് മാനംമുട്ടെ വളർന്ന് സമ്പന്നതയേയും ആധുനികതയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലമായി വർത്തിക്കുന്നുണ്ടെങ്കിൽ അതിന് കാരണം രാജ്യത്തെ ജനങ്ങളുടേയും ഭരണാധികാരികളുടേയും ഇച്ഛാശക്തിയും നിശ്ചയദാർഢ്യവുമാണ്. പാരമ്പര്യത്തെ അടിസ്ഥാന ശിലയാക്കി ആധുനികതയിൽ കെട്ടിയുയർത്തിയ അത്ഭുത രാജ്യം! അവരുടെ വളർച്ച കേരളത്തിന്റേയും മലയാളിയുടേയും വളർച്ചയാവുമ്പോൾ അതിനെ മലയാളിയുടെ സൗഭാഗ്യമായി വിലയിരുത്തണം.

## ആൽബം



*ബി.എസ്.എസിന്റെ 72–ാം സ്ഥാപകവാർഷികം ഉത്ഘാടനം ചെയ്യാനെത്തിയ മിസൈൽ വുമൻ ഡോ.ടെസ്സി തോമസ്. സമീപം ചെയർമാൻ ബി.എസ്.ബാലചന്ദ്രൻ*

# രാമായണം-മനുഷ്യജീവിതത്തിലെ ഒരു പാഠപുസ്തകം: ബി.എസ്. ബാലചന്ദ്രൻ



മനുഷ്യ ജീവിതം എന്താണെന്ന് വരച്ചിടുന്ന ശ്രേഷ്ഠതരമായ ഒരു ക്യാൻവാസാണ് രാമായണമെന്ന് ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ പ്രസ്താവിച്ചു.

ഒരു സാധാരണ മനുഷ്യന് ദൈനംദിന ജീവിതത്തിൽ എന്തിനെയൊക്കെയാണോ നേരിടേണ്ടിവരുന്നത് അവയെല്ലാം തന്നെ മനുഷ്യനായി അവതരിച്ച ശ്രീരാമനും നേരിടേണ്ടിവരുന്നുണ്ടെന്നും എന്നാൽ അവയെ ശ്രീരാമൻ ഏതുവിധമാണ് നേരിടുന്നത് എന്നതാണ് നമുക്ക് പാഠമാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാമായണ പ്രഭാഷണ പരമ്പരയിൽ സംബന്ധിച്ച് രാമായണ പ്രഭാഷണം നടത്തുകയായിരുന്നു ബി.എസ്. ബാലചന്ദ്രൻ. പരിശുദ്ധ ഗംഗയെപ്പോലെ പവിത്രമാണ് രാമായണം. ഗംഗയിൽ മുങ്ങുന്നതുപോലെതന്നെ രാമായണം പാരായണം ചെയ്യുന്നതും മറ്റുള്ളവർ പാരായണം ചെയ്യുന്നത് ശ്രദ്ധയോടെ ശ്രവിക്കുന്നതും മനുഷ്യനെ ശുദ്ധീകരിക്കുന്നു. "രാമ" എന്ന പദം ഉച്ചരിക്കുന്നവർക്കും അത് ഭക്തിയോടെ ശ്രവിക്കുന്നവർക്കും മോക്ഷം ലഭിക്കുമെന്ന് പാർവ്വതീദേവിയോട് മഹേശ്വരൻ അരുളിചെയ്യുന്നുണ്ട്. ദുരിതങ്ങളും സന്താപവും വേദനയുമനുഭവപ്പെടുമ്പോൾ ജനകോടികൾ ആശ്രയിക്കുന്നത് രാമായണത്തെയാണ്.

രാമായണം രചിക്കപ്പെട്ടത് എന്നാണെന്നതിന്റെ യഥാർത്ഥ രൂപം ഇന്നും വ്യക്തമല്ല. ഏറ്റവും കുറഞ്ഞത് 886400 വർഷങ്ങൾക്ക് മുമ്പായിരിക്കും എന്ന കണക്ക് ചില പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. എന്തായാലും പരസഹസ്രാബ്ദങ്ങൾക്ക് മുമ്പാണെന്ന കാര്യത്തിൽ തർക്കമില്ല. അങ്ങിനെയെങ്കിൽ ഇന്നും അത് പുതുമയോടെ നിൽക്കുന്നു എന്നതുതന്നെ മഹാത്ഭുതമാണ് എന്നുമാത്രമല്ല അതിന്റെ മഹത്വം വിളിച്ചോതുകയും ചെയ്യുന്നു. രാമായണ പാരായണം ഇന്നും വലിയ കുറവൊന്നുമില്ലാതെ തുടരുന്നുണ്ടെങ്കിലും അത് ശ്രദ്ധയോടെയും ഭക്തിയോടെയും ഇരുന്ന് കേൾക്കുവാനുള്ള അഭിരുചി ജനങ്ങളിൽ കുറഞ്ഞുവരുന്നില്ലേയെന്നാണ് സംശയമെന്ന് ബി.എസ്. ബാലചന്ദ്രൻ പറഞ്ഞു. അങ്ങിനെയെങ്കിൽ അത് തികച്ചും ഖേദകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

രാമായണം പാരായണം ചെയ്യുന്നത് കേൾക്കുന്ന രീതിയനുസരിച്ചായിരിക്കും അതിന്റെ ഗുണഫലം സിദ്ധിക്കുക. കേൾക്കുന്ന രീതിയുടെ വ്യത്യാസമനുസരിച്ച് ഫലത്തിലും വ്യത്യാസമുണ്ടാകും. തികഞ്ഞ ഭക്തിയോടെയും ഏകാഗ്രതയോടെയും പൂർണ്ണവിശ്വാസത്തോടെയുമാണ് രാമായണം ശ്രവിക്കുന്നതെങ്കിൽ സമ്പൂർണ്ണ ഗുണഫലം ലഭിക്കുമെന്ന കാര്യത്തിൽ സംശയമേതും വേണ്ട. ഭക്തിയോടെ രാമായണം ശ്രവിക്കുന്നതിന് പ്രത്യേകമായ എന്തെങ്കിലും ഒരുക്കങ്ങളോ തയ്യാറെടുപ്പുകളോ ആവശ്യമുണ്ടോയെന്ന് അദ്ദേഹം ആരാഞ്ഞു. കേൾക്കാൻ വേണ്ടത് ഇരുചെവികൾ മാത്രമാണ്. അത് ഈശ്വരൻ നമുക്ക് കനിഞ്ഞുനൽകിയിട്ടുമുണ്ട്! അദ്ദേഹം കൂട്ടിച്ചേർത്തു. ശ്രുതിയിലൂടെ അറിവ് ലഭിക്കുകയും ദുർബുദ്ധി മാറുകയും മോക്ഷം ലഭിക്കുകയും ചെയ്യുമെന്ന് ചാണക്യ നീതിദർശനത്തിൽ ഉപദേശിക്കുന്നുണ്ട്.

സാക്ഷാൽ ഈശ്വരൻ മനുഷ്യനായി ഭൂമിയിൽ അവതരിച്ചതാണ് ശ്രീരാമൻ. മനുഷ്യരൂപം പൂണ്ട ശ്രീരാമനിലൂടെയുള്ള ഭഗവദ്ദർശനമാണ് രാമായണത്തിലൂടെ നടക്കുന്നത്. രാമായണം ജ്ഞാനദായകമെന്നതിനൊപ്പം തന്നെ മോക്ഷദായകവുമാണ്. രാമനാമത്തിന്റെ ശക്തികൊണ്ടാണ് കാട്ടാളനായ രത്നാകരൻ മഹാമഹർഷിയായ വാല്മീകിയായിത്തീർന്നത്!

'മര'ത്തെക്കുറിച്ച് മാത്രമറിയാവുന്ന രത്നാകരനോട് മഹർഷിമാർ 'മരാ, മരാ' എന്ന് ജപിക്കുവാനാണ് പറഞ്ഞത്. കാട്ടാളന്റെ മരാ മരാ ജപം 'രാമ രാമ' എന്നുവന്നു. അതേപോലെ തന്നെയാണ് കാട്ടിൽ ശിലയായിക്കിടന്ന അഹല്യക്ക് ശ്രീരാമ പാദസ്പർശത്തിലൂടെ മോക്ഷം ലഭിക്കുന്നത് രാമനാമ ജപ ശക്തിയിലൂടെയാണ്! രാമനാമ ജപ ശക്തിയാലാണ് ആഞ്ജനേയൻ അജയ്യനും അമരനുമായത്! ഹനുമാൻ ഇക്കാര്യം ശ്രീരാമനോട് തന്നെ പറയുന്നുണ്ട്: "അല്ലയോ ശ്രീരാമദേവാ അവിടുന്ന് ഈ പുഴ കടക്കുന്നത് വഞ്ചിയുടെ സഹായത്തോടെയാണല്ലോ? എന്നാൽ അവിടുത്തെ നാമം ജപിക്കുന്നതിന്റെ ശക്തികൊണ്ട് നമുക്ക് കടൽ കടക്കാൻ കഴിഞ്ഞു." ഹനുമാൻ ഇതുപറയുമ്പോൾ ശ്രീരാമന്റെ മുഖത്തുണ്ടായിരുന്ന അർത്ഥഗർഭമായ ചിരി പ്രസിദ്ധമാണ്.

ഓരോന്നും തിരിച്ചറിയാനുള്ള വഴിയാണ് രാമായണം പറഞ്ഞുതരുന്നത്. തിരിച്ചറിവിലൂടെ ആത്മജ്ഞാനം നേടുവാനും പഠിപ്പിക്കുന്നു. നമ്മുടെ മനസ്സിലുള്ള - അല്ലെങ്കിൽ നാം ആഗ്രഹിക്കുന്ന തരത്തിലുള്ള -അല്ലലേതുമില്ലാതെയുള്ള സുഖജീവിതം നയിക്കുവാൻ ദൈവാവതാരമായ ശ്രീരാമനുപോലും കഴിഞ്ഞില്ലെന്നിരിക്കെ സാധാരണ മനുഷ്യന്റെ ജീവിതത്തിൽ എന്തൊക്കെയാവും സംഭവിക്കുക എന്ന തിരിച്ചറിവിലേക്ക് രാമായണം നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. സത്യത്തിലും നീതിയിലും ധർമ്മത്തിലുമുറച്ചുനിന്ന് പ്രവർത്തിക്കുന്നപക്ഷം ഏത് പ്രതിസന്ധിയും മറികടക്കാനാവുമെന്നും രാമായണം നമ്മെ പഠിപ്പിക്കുന്നുണ്ട്.

മനുഷ്യൻ രാമനോ രാവണനോ ആയി മാറുന്നത് അവനവൻ തെരഞ്ഞെടുക്കുന്ന വഴിയനുസരിച്ചിരിക്കും. അവനവന്റെ മനസ്സിന്റെ ശുദ്ധിയും കർമ്മവുമാണ് അവനെ ഓരോന്നാക്കി മാറ്റുന്നത്. ആയതിന് ഏതുവഴിയാണ് സ്വീകരിക്കേണ്ടതെന്ന് രാമായണം പറഞ്ഞുതരുന്നു - ബി.എസ്. ബാലചന്ദ്രൻ തുടർന്ന് പറഞ്ഞു.

## മുറുകും മലയും



ഡോ. രമേശ് ഇളമൺ നമ്പൂതിരി

### പുതുവർഷം

പൂത്തുലഞ്ഞിതാ പുതുവർഷം
പുഷ്ക്കലയാകുമൊരു കന്യകയെപ്പോൽ
പുലരട്ടെ പുത്തൻ സുരചിന്തകൾ
കലരട്ടെ കർമ്മത്തിൽ നന്മതൻ മധുരങ്ങൾ

### ശിവഗിരി

അകതാരിലാത്മ ബോധത്തിൻ
ഉറവയായ്ത്തീരും അരുവി
മഞ്ഞയിൽ മുങ്ങിയൊഴുകും ഈ അരുവി-
യങ്ങു സംഹാര നാഥന്റെ ഗിരിയിലേയ്ക്കരുവി
ഏകം എല്ലാമെന്നോതും മഹിതമാമരുവി

### ശൂന്യം

വെളുത്ത കുഞ്ഞരിപ്രാവ് ചിറകറ്റു താഴേയ്ക്കു പതിച്ചു
അവന്റെ ചിറകുകളിൽ മാരിവില്ലിന്റെ വർണ്ണങ്ങൾ
ആകാശ ഗംഗയുടെ സങ്കല്പ ശീതളിമ ഉടലിൽ
എന്റെ ആകാശത്തിൽ പാറിപ്പറക്കുവാൻ
പിന്നെ പതിയ്ക്കുവാൻ ഇനി
ഒരു പ്രാവും ബാക്കിയില്ല.

### അന്ധൻ

എത്ര പക്ഷികൾ പറക്കുന്നതീ ആകാശത്തിൽ
ചിത്തമാം ആകാശത്തിൽ നിർഭയം നിർവിഘ്നം
ഏതൊരമ്പു കൊണ്ടു കൊയ്തൊടുക്കും ഞാനിവരെ
ശരവും ആവനാഴിയും കാഴ്ചയുമില്ലാത്ത ഞാൻ.

## കാര്യവിചാരം

# റഷ്യൻ വിപ്ലവത്തിന്റെ ദുരന്ത നായകൻ ചെമ്പടയുടെ നേതാവായ ട്രോട്സ്കി



പ്രൊഫ. ജി. ബാലചന്ദ്രൻ

ലെനിൻ നയിച്ച റഷ്യൻ വിപ്ലവത്തെ യാഥാർത്ഥ്യമാക്കിയത് ലിയോൺ ട്രോട്സ്ക്കിയാണ് . അദ്ദേഹത്തിന്റെ റഷ്യൻ ചെമ്പടയാണ് പല പ്രതിസന്ധികളിലും റഷ്യൻ വിപ്ലവത്തിന് ചൂടും ചൂരും പകർന്നത്.

യുക്രൈനിലെ യാനോവ്കയിലാണ് 1879 ഒക്ടോബർ 26 ന് ബ്രോൺ സ്റ്റൈൻ (ട്രോട്സ്ക്കി ) ജനിച്ചത്. സാർ ചക്രവർത്തിയുടെ ഭരണത്തിൻ കീഴിൽ റഷ്യയിൽ വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. റഷ്യൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു. അന്ന് സമ്പന്നരായ ഭൂവുടമകൾ കർഷകരെയും തൊഴിലാളികളെയും ദ്രോഹിക്കുകയും ചൂഷണം ചെയ്യുകയും ചെയ്തു. അതിനെതിരായ രോഷം കൊച്ചു ട്രോട്സ്ക്കിയിൽ പ്രചോദനമരുളി യുവാവായ ട്രോട്സ്ക്കി സോഷ്യൽ ഡെമോക്രാറ്റിക്ക് കക്ഷിയിൽ ചേർന്നു. തൊഴിലാളികളെ സംഘടിപ്പിച്ചു. അതിന്റെ പേരിൽ ട്രോട്സ്ക്കിയെ അറസ്റ്റു ചെയ്ത് സൈബീരിയയിലേക്കു നാടു കടത്തി, നാലുവർഷത്തിനു ശേഷം ട്രോട്സ്ക്കി എന്ന പേരുള്ള ഒരു ജയിലറയുടെ പാസ്സ് പോർട്ടുമായി ബ്രോൺ സ്റ്റൈൻ ഇംഗ്ലണ്ടിലേക്കു കടന്നു. അന്നു മുതൽ ട്രോട്സ്ക്കി എന്ന പേരിലാണ് അറിയപ്പെട്ടത്. ലണ്ടനിലെത്തിയ ട്രോട്സ്ക്കി ലെനിനുമായി പരിചയപ്പെട്ടു. ഇരുവരും 'തീപ്പൊരി' എന്ന പ്രസിദ്ധീകരണത്തിൽ പങ്കാളികളായി. സോഷ്യൽ ഡെമോക്രാറ്റുകൾ പിളർന്ന് മെൻഷെവിക്കും, ബോൾഷെവിക്കും ഉണ്ടായി. അതിൽ ട്രോട്സ്ക്കി മെൻഷെവിക്കിലും ലെനിൻ ബോൾഷെവിക്കിലുമാണ് നിലയുറപ്പിച്ചത്. 1905 ൽ റഷ്യയിലുണ്ടായ ബ്ലഡി സൺഡേ എന്നറിയപ്പെട്ട കൂട്ടക്കൊലയും പണിമുടക്കും വിപ്ലവത്തിലേക്കു വഴി മരുന്നിട്ടു. ട്രോട്സ്ക്കി റഷ്യയിൽ സെന്റ് പീറ്റേഴ്സ് ബർഗ്ഗിലെത്തി. ഒരു വിപ്ലവ സോവിയറ്റ് കൗൺസിൽ രൂപീകരിച്ചു. അദ്ദേഹത്തെ സോവിയറ്റിന്റെ പ്രസിഡന്റായി തെരഞ്ഞെടുത്തു. സോവിയറ്റിന്നർത്ഥം 'തൊഴിലാളി സഭ' എന്നാണ്. ഈ സൈനിക സഭകൾ 1917 ലെ റഷ്യൻ വിപ്ലവത്തിന്റെ ശക്തികേന്ദ്രങ്ങളായി വിപ്ലവത്തെ സാർ ഭരണകൂടം അടിച്ചമർത്തി, ട്രോട്സ്ക്കിയെ വീണ്ടും നാടു കടത്തി. അദ്ദേഹം രക്ഷപ്പെട്ട് വിയന്നായിലെത്തി പ്രവ്ദ (സത്യം) യുടെ പത്രാധിപരായി. ഏഴു വർഷം കഴിഞ്ഞ് അദ്ദേഹം ജർമ്മനിയിലെത്തി. ലോക മഹായുദ്ധം ആരംഭിച്ചപ്പോൾ ട്രോട്സ്ക്കി അതിനെതിരായി പ്രതികരിച്ചതിന് ജർമ്മനിയിൽ തടവുകാരനാക്കപ്പെട്ടു. പിന്നീട് പല രാജ്യങ്ങളിൽ എത്തിയെങ്കിലും അവിടെയൊക്കെ അനഭിമതനായിരുന്നു 1917 ലെ റഷ്യൻ വിപ്ലവത്തെത്തുടർന്ന് ലെനിൻ അധികാരത്തിലേക്ക് വന്നു. 1924 ൽ ലെനിൽ അന്തരിച്ചപ്പോൾ നേതൃസ്ഥാനത്തേയ്ക്കു ട്രോട്സ്ക്കിയുടേയും സ്റ്റാലിന്റേയും പേരുകൾ ഉയർന്നു വന്നു. ലെനിൻ സ്റ്റാലിനെ തന്റെ പിൻഗാമിയാക്കാൻ ആഗ്രഹിച്ചിരുന്നില്ല. പക്ഷേ സ്റ്റാലിൻ ബോൾഷെവിക്ക് കമ്മ്യൂണിസ്റ്റു പാർട്ടിയിൽ ആധിപത്യമുറപ്പിച്ചു. സ്ഥിരം വിപ്ലവമെന്നതായിരുന്നു ട്രോട്സ്ക്കിയുടെ ആശയം, സ്റ്റാലിന്റെ ഏകാധിപത്യത്തിനെതിരെ ട്രോട്സ്ക്കി കരു നീക്കങ്ങളാരംഭിച്ചപ്പോൾ ട്രോട്സ്ക്കി സ്റ്റാലിന്റെ കണ്ണിലെ കരടായിത്തീർന്നു. മുഖ്യ ശത്രു എന്ന നിലയിൽ ട്രോട്സ്ക്കിയെ നാട്ടിൽ നിന്നോടിച്ചു. പിന്നെ സ്റ്റാലിന്റെ തേർവാഴ്ചയും നരഹത്യയുമായി. ചോദ്യം ചെയ്യാൻ ആരുമില്ലാതായി.

ട്രോട്സ്ക്കി വേട്ടയാടപ്പെട്ട്, അഭയാർത്ഥിയായി പല നാടുകളിൽ അലഞ്ഞു തിരിഞ്ഞു ഓരോ രാജ്യവും ആ വിപ്ലവകാരിയെ പുറത്താക്കി റഷ്യയിൽ സ്റ്റാലിന്റെ ഉന്മൂലന പ്രക്രിയ നടമാടി. റഷ്യയിലുണ്ടായിരുന്ന ട്രോട്സ്ക്കിയിസ്റ്റുകളായവരെ മുഴുവൻ നിഷ്ഠൂരം വധിച്ചു. സംശയമുള്ളവരെ മുഴുവൻ സ്റ്റാലിൻ സൂത്രത്തിൽ കൊന്നൊടുക്കി. ഒരു പാർട്ടി യോഗത്തിൽ സ്റ്റാലിനും ലെനിൻഗ്രാഡ് കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയായിരുന്ന റെക്കോവും പ്രസംഗിക്കാനുണ്ടായിരുന്നു. ഇരുവരും പ്രസംഗിച്ചു കഴിഞ്ഞപ്പോഴുണ്ടായ കൈയ്യടി സ്റ്റാലിൻ ശ്രദ്ധിച്ചു. തനിക്കു കിട്ടിയതിനേക്കാൾ മികച്ച കൈയ്യടി റെക്കോവിനു കിട്ടി. അന്നു രാത്രി ദുരൂഹ സാഹചര്യത്തിൽ റെക്കോവ് കൊലചെയ്യപ്പെട്ടു. അതിന്റെ ഉത്തരവാദിത്വം തന്റെ ശത്രുക്കളിൽ കെട്ടിവച്ച് അവരെയും വധിച്ചു.

1937 ൽ ട്രോട്സ്ക്കിയുടെ അഭാവത്തിൽ ട്രോട്സ്ക്കിയെ വധശിക്ഷയ്ക്കു വിധിച്ചു. മെക്സിക്കോയിൻ സ്വവസതിയിൽ കഴിഞ്ഞിരുന്ന ട്രോട്സ്ക്കിയെ സ്പെയിൽ കാരനായ സ്റ്റാലിന്റെ ഒരു കിങ്കരൻ മഞ്ഞു കോടാലി കൊണ്ട് അടിച്ചു കൊന്നു. മെറ്റൽ ഡിറ്റക്ടറിൽ പോലും തെളിയാതിരിക്കാനാണ് മഞ്ഞു മഴു ഉപയോഗിച്ചത്.

ട്രോട്സിയ്ക്ക് ഒട്ടനവധി ആരാധകരുണ്ടായിരുന്നു. ടെററിസം ആന്റ്കമ്മ്യൂണിസം, ഏ ഹിസ്റ്ററി ഓഫ് റഷ്യൻ റവലൂഷൻ, ലെനിൻ തുടങ്ങി അനേകം കൃതികൾ ട്രോട്സ്ക്കി രചിച്ചു.

വിപ്ലവം അതിന്റെ കുഞ്ഞിനെ വേട്ടയാടി വധിച്ച കഥയാണ് റഷ്യൻ കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയായ ട്രോട്സ്ക്കിയുടേത്. റഷ്യൻ ചരിത്രത്തിലെ രക്തപങ്കിലമായ ചിത്രത്തിലെ ദുരന്ത നായകനാണ് ട്രോട്സ്ക്കി. ലെനിന്റെ കാലത്തുണ്ടായ ലഹളകളെ അടിച്ചൊതുക്കിയത് ട്രോട്സ്ക്കിയുടെ ചെമ്പടയായിരുന്നു. സ്റ്റാലിന് സംശയമുണ്ടായ എല്ലാവരേയും യമപുരിക്കയച്ചു. മയക്കോവ്സ്ക്കി ആത്മഹത്യ ചെയ്തു. എഴുത്തുകാരെ നിശ്ശബ്ദമാക്കി. സ്റ്റാലിന്റെ ഭാര്യ പോലും ആത്മഹത്യ ചെയ്തു. മാനസിക വിഭ്രാന്തിയും മരണ ഭയവും സ്റ്റാലിനെ ഒടുവിൽ അലട്ടി. 1953 മാർച്ച് 1 ന് ഹൃദ്രോഗ ബാധയുണ്ടായ സ്റ്റാലിന് വൈദ്യസഹായം നൽകിയില്ല. സ്റ്റാലിന്റെ കൊടും ക്രൂരത സഹിക്കാനാവാതെ സഹ പ്രവർത്തകർ സ്റ്റാലിനെ മരണത്തിനു എറിഞ്ഞു കൊടുത്തതായി ചരിത്രം കുറിക്കുന്നു.

Edited, Printed and Published by B.S. Balachandran on behalf of Satbhavana Publishing Chamber, Sri Nikethan, Thycaud P.O, Thiruvananthapuram 695014. Printed at Rainbow Printers, Kumarapuram, for BRN Printers.
Managing Editor: Manju Sreekandan, Chief Editor: Jaya Sreekumar